# താമരമൊട്ടുകൾ

വാല്യം 24 | ഒക്ടോബർ 2022 | ലക്കം 10 | Price ₹20



താമരശ്ശേരി രൂപതാ ബുള്ളറ്റിൻ

വാല്യം 23 താമരമൊട്ടുകൾ സെപ്റ്റംബർ 2022 ലക്കം 09

# താമരമൊട്ടുകൾ

(താമരശ്ശേരി രൂപതാ ബുള്ളറ്റിൻ)



"When in the Rosary we plead with Mary,
the sanctuary of the Holy Spirit, she intercedes for us
before the Father who filled her with grace and
before the Son born of her womb,
praying with us and for us."
(St. John Paul II)

# ഇതളുകൾ വിരിയുമ്പോൾ



| | | |
|---|---|---|
| 1. | ആശംസകൾ | 737 |
| 2. | പ്രോഗ്രാം ഒക്ടോബർ 2022 | 740 |
| 3. | സർക്കുലർ 19/2022 | 741 |
| 4. | സർക്കുലർ | 745 |
| 5. | സർക്കുലർ | 751 |
| 6. | മിഷൻഞായർ സന്ദേശം | 752 |
| 7. | സർക്കുലർ 18/2022 | 761 |
| 8. | കച്ചേരിക്കാര്യം | 763 |
| 9. | ആദരാഞ്ജലികൾ | 766 |
| 10. | Decree on the Constitution of the XII Pastoral Council | 768 |
| 11. | വിശ്വാസപരിശീലനം | 774 |
| 12. | ചെറുപുഷ്പ മിഷൻലീഗ് | 778 |
| 13. | തിരുബാലസഖ്യം | 784 |
| 14. | ലിറ്റർജി കമ്മീഷൻ | 785 |
| 15. | സെമിനാരി വാർത്തകൾ | 786 |
| 16. | വിദ്യഭ്യാസരംഗം | 787 |
| 17. | സ്റ്റാർട്ട് | 788 |
| 18. | ആൽഫ മരിയ അക്കാദമി | 789 |
| 19. | പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട് | 790 |
| 20. | ഇൻഫാം | 791 |
| 21. | മരിയൻ പ്രോ-ലൈഫ് മൂവ്മെന്റ് | 793 |
| 22. | കെസിവൈഎം - എസ്എംവൈഎം | 794 |
| 23. | കാത്തലിക് നഴ്സസ് ഗിൽഡ് ഓഫ് ഇന്ത്യ | 803 |
| 24. | കരിസ്മാറ്റിക് മൂവ്മെന്റ് | 804 |
| 25. | ക്രിസ്റ്റീൻ മനിസ്ട്രി | 805 |
| 26. | വിൻസെന്റ് ഡി പോൾ സൊസൈറ്റി | 807 |
| 27. | ബഥാനിയ ധ്യാനകേന്ദ്രം | 808 |
| 28. | വികസനവേദി | 811 |
| 29. | യേശുനിധി | 815 |
| 30. | അജപാലനക്കുറിപ്പുകൾ | 816 |

# Birth Day Greetings

Rev. Fathers

| | | |
|---|---|---|
| Antheenadu Joseph | October | 4 |
| Puthiyaparambil Sebastian | | 4 |
| Thadathil Mathew | | 4 |
| Mangarayil Scaria | | 5 |
| Onayathumkuzhy Mathew | | 17 |
| Chakkittamuriyil Thomas (Jr) | | 12 |
| Vamattathil James | | 20 |
| Cherickal James | | 21 |
| Manjakazhakunnel Joseph | | 21 |
| Aranjaniolickal Joseph (Jr) | | 23 |
| Panachickal Mathew | | 24 |
| Kuzhikattumyalil Joseph | | 25 |
| Thundathil Scaria | | 25 |
| Valloppilly Simon | | 26 |
| Kalapurackal Joseph | | 29 |
| Asariparambil George | | 30 |
| Chembuthoockil Mathew | | 30 |

**Mar Remigiose Inchananiyil**


St. Remigius
ഒക്ടോബർ 1ന്
നാമഹേതുക തിരുനാൾ ആഘോഷിക്കുന്ന
മാർ റെമിജിയോസ് ഇഞ്ചനാനിയിൽ പിതാവിന്
താമരശ്ശേരി രൂപതാ കുടുംബത്തിന്റെ
പ്രാർത്ഥനാശംസകൾ!


# Feast Day Greetings

| | | |
|---|---|---|
| **Bp. Mar** | **Remigiose Inchananiyil** | **October 1** |
| Rev. Fathers | | |
| | Kallikatt Francis | 4 |
| | Kochumundanmalayil Francis | 4 |
| | Naduvathettu Francis | 4 |
| | Puthiyedath Francis | 4 |
| | Vellamackal Francis | 4 |
| | Kavilpurayidathil Abraham | 9 |
| | Kochilath Abraham | 9 |
| | Mazhuvanchery Abraham | 9 |
| | Pulinchuvattil Abraham | 9 |
| | Srambickal Abraham | 9 |
| | Valloppilly Abraham | 9 |
| | Vayalil Abraham | 9 |
| | Kavil Rony Paul | 27 |

**Mar Remigiose Inchananiyil**

# പ്രോഗ്രാം ഒക്ടോബർ 2022

| | | |
|---|---|---|
| 01 | ശനി | **വി. കൊച്ചുത്രേസ്യ, വി. റെമീജിയൂസ്** |
| | | **രൂപതാദ്ധ്യക്ഷന്റെ നാമഹേതുകതിരുനാൾ** |
| 02 | ഞായർ | **കാവൽമാലാഖ** |
| 04 | ചൊവ്വ | **വി. ഫ്രാൻസിസ് അസ്സീസി** |
| | | ചരമദിനം: ഫാ. ജെയിംസ് മുണ്ടക്കൽ (2014) |
| 07 | വെള്ളി | ചരമദിനം: ഫാ. മാണി കണ്ടനാട്ട് (2018) |
| 15 | ശനി | **ആവിലായിലെ വി. ത്രേസ്യ** |
| 16 | ഞായർ | **വാ. കുഞ്ഞച്ചൻ** |
| 17 | തിങ്കൾ | **അന്ത്യോക്യയിലെ വി. ഇഗ്നേഷ്യസ്** |
| 18 | ചൊവ്വ | **വി. ലൂക്കാ സുവിശേഷകൻ** |
| 22 | ശനി | **വി. ജോൺ പോൾ രണ്ടാമൻ** |
| 23 | ഞായർ | **മിഷൻ ഞായർ** |
| 28 | വെള്ളി | **ശിമയോൻ, യൂദാ തദേവൂസ് ശ്ലീഹന്മാർ** |



*സർക്കുലർ 19/2022*

# ജപമാലഭക്തി

*മിശിഹായിൽ സ്നേഹമുള്ള വൈദികരേ, സമർപ്പിതരേ, പ്രിയപ്പെട്ട മാതാപിതാക്കളേ, യുവജനങ്ങളേ, വാത്സല്യമുള്ള കുഞ്ഞുങ്ങളേ,*

“കൊന്തനമസ്ക്കാരം എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ട പ്രാർത്ഥ നയാണ്. ജപമാല സന്തോഷത്തിന്റെ നിമിഷങ്ങളിലും പ്രയാസ ത്തിന്റെ നിമിഷങ്ങളിലും എന്നോടൊപ്പമുണ്ടായിരുന്നു. ഏത് ആകുലതയിലും ഞാൻ അതിനെ ആശ്രയിച്ചു. എപ്പോഴും ഞാൻ അതിൽ ആശ്വാസം കണ്ടെത്തി” (കന്യാമറിയത്തിന്റെ ജപമാല). ഭാഗ്യസ്മരണാർഹനായ വി. ജോൺപോൾ രണ്ടാമൻ മാർപാപ്പ യുടെ ജീവിതാനുഭവത്തിൽ നിന്നും ഉരുത്തിരിഞ്ഞ വാക്കുകളാ ണിത്.

ഒക്ടോബർ മാസം ജപമാല മാസമായിട്ടാണല്ലോ നാം ആചരി ക്കുന്നത്. പരി. അമ്മയോട് ചേർന്ന് അമ്മ വഴി നാം ദൈവത്തിന് സമർപ്പിക്കുന്ന പ്രാർത്ഥനയാണിത്. ജപമാല ഭക്തിയുടെ സുദീർ ഘമായ ചരിത്രം പരിശോധിച്ചാൽ ഓരോ വ്യക്തിയിലും കുടുംബ ത്തിലും സഭയിലും ലോകത്തിലും അത്ഭുതാവഹമായ പരിവർത്ത നങ്ങൾ ജപമാല വഴി വന്നിട്ടുള്ളതായി കാണാം. ആദ്ധ്യാത്മികവും ഭൗതികവുമായ വിജയങ്ങൾ ജപമാല വഴി ലഭിച്ചിട്ടുള്ളതായി ചരി ത്രം സാക്ഷ്യപ്പെടത്തുന്നു.

പ്രാർത്ഥനകൾ ജപമാലയായി ഉരുവിടുന്നതിന്റെ ചരിത്രം സഭയുടെ ആരംഭം മുതൽ നമുക്ക് കാണുവാൻ സാധിക്കും. എന്നാൽ രക്ഷാകര രഹസ്യങ്ങൾ ധ്യാനിച്ചുകൊണ്ട് പരിശുദ്ധ അമ്മയോടൊപ്പം ജപമാല ചൊല്ലുവാൻ ആരംഭിച്ചത് ഡൊമിനി ക്കൻ സഭാസ്ഥാപകനായ വി. ഡൊമിനിക്കിലൂടെയാണ്. 13-ാം നൂറ്റാണ്ടിൽ അൽബിജൻസിയൻ പാഷണ്ഡതയെ പരാജയപ്പെ ടുത്താനുള്ള മാർഗ്ഗമായി പരിശുദ്ധ അമ്മ വി. ഡൊമിനിക്കിന് നിർദ്ദേശിച്ച പ്രാർത്ഥനയാണിത്.

1574-ൽ യുറോപ്പിലെ കത്തോലിക്കാസഭ മുസ്ലീം തുർക്കിക ളിൽ നിന്ന് യുദ്ധഭീഷണിയും മതപരിവർത്തനവും നേരിടേണ്ടി വന്നപ്പോൾ ആയുധവും അംഗബലവുംകൊണ്ട് അവരെ നേരിടാൻ സാധിക്കയില്ലെന്നറിയാമായിരുന്ന പീയൂസ് 5-ാമൻ മാർപാപ്പ, റോമിലെ കത്തോലിക്കരോട് ജപമാല ചൊല്ലി പ്രാർത്ഥിക്കാൻ ആവശ്യപ്പെടുകയും അങ്ങനെ ഒക്ടോബർ 7 ന് ക്രിസ്തീയ

സൈന്യം യുദ്ധം വിജയിക്കുകയും ചെയ്തു. പിന്നീട് ഒക്ടോബർ 7 ജപമാല രാജ്ഞിയുടെ തിരുനാളായി കൊണ്ടാടാൻ തുടങ്ങി. പിന്നീട് ലെയോ 13-ാമൻ മാർപ്പാപ്പ ജപമാല വഴി ലഭിക്കുന്ന അനു ഗ്രഹങ്ങൾ കണക്കിലെടുത്ത് ഒക്ടോബർ മാസം ജപമാല മാസമായി പ്രഖ്യാപിച്ചു.

പരി. അമ്മയുടെ മാദ്ധ്യസ്ഥ്യം വഴി പകർച്ചവ്യാധികളെ നേരി ടുന്ന ചരിത്രവും സഭയ്ക്കുണ്ട്. 1880-കളിൽ ഏഷ്യൻ രാജ്യങ്ങളിൽ പടർന്നു പിടിച്ചിരുന്ന കോളറ ഇറ്റലിയിലേക്ക് വ്യാപിക്കാതിരി ക്കാൻ ജപമാല ചൊല്ലി പ്രാർത്ഥിക്കുവാൻ ലെയോ 13-ാമൻ മാർ പാപ്പ ആവശ്യപ്പെടുന്നുണ്ട് (*superioro anno* -മുൻവർഷം).

കുടുംബങ്ങളുടെ ഭദ്രതയ്ക്കും, കെട്ടുറപ്പിനും ഏറ്റവും സഹായകമായ പ്രാർത്ഥനയാണ് ജപമാല. 'ജപമാലയോട് ബഹുമാനം കാത്തുസൂക്ഷിക്കുന്ന സ്ഥലങ്ങളിലും കുടുംബങ്ങ ളിലും അജ്ഞതയിലൂടെയും അബദ്ധ പ്രബോധനത്തിലൂടെയും വിശ്വാസം നഷ്ടപ്പെടുമോയെന്ന് ഭയപ്പെടേണ്ടതില്ല' എന്ന് ലെയോ 13-ാമൻ മാർപാപ്പ ഉറപ്പിച്ചു പറയുന്നു. ജപമാല ചൊല്ലുന്ന കുടുംബങ്ങളിൽ ഐക്യത്തിന്റെയും സമാധാനത്തിന്റെയും ദാനങ്ങൾ വർഷിച്ചുകൊണ്ട് സ്നേഹപൂർണ്ണയായ അമ്മയെപ്പോലെ മറിയം സന്നിഹിതയാണെന്ന് 12-ാം പീയൂസ് മാർപാപ്പ നമ്മെ പഠിപ്പി ക്കുന്നു.

ലോകസമാധാനത്തിനും ലോകത്തിൽ നടമാടുന്ന തിന്മകളെ ചെറുക്കുവാനുമുള്ള ശക്തമായ ആയുധമാണ് ജപമാല. പാപി കളുടെ മാനസാന്തരത്തിനായി ജപമാല ചൊല്ലി പ്രാർത്ഥിക്കാനാണ് ലൂർദ്ദിൽ പ്രത്യക്ഷപ്പെട്ട് മാതാവ് ആവശ്യപ്പെട്ടത്. ഫാത്തിമയിലെ പ്രത്യക്ഷീ കരണത്തിൽ അമ്മ സ്വയം പരിചയപ്പെടുത്തിയത് ഞാൻ ജപമാല രാജ്ഞിയാണെന്നായിരുന്നു. പരി. അമ്മയുടെ പ്രത്യക്ഷീകരണ മുണ്ടായതെല്ലാം ജപമാല പ്രാർത്ഥനയുടെ പശ്ചാത്തലത്തിലായിരുന്നു എന്നത് പ്രത്യേകം ഓർക്കേണ്ടിയിരി ക്കുന്നു.

'നമ്മുടെ കാലഘട്ടത്തെ പീഡിപ്പിക്കുന്ന തിന്മകൾ പരിഹരി ക്കാൻ ഞാൻ ജപമാലയിൽ വിശ്വാസമർപ്പിക്കുന്നു' എന്നു പറഞ്ഞ 12-ാം പീയൂസ് മാർപാപ്പയും 'ദുഷ്ടശക്തികൾക്കെതിരെയുള്ള പോരാട്ടത്തിൽ നമ്മെ ശക്തിപ്പെടുത്തുന്നതും നമ്മെ വിജയത്തി ലെത്തിക്കുന്നതും ജപമാലയാണ്' എന്നു പറഞ്ഞ ഫ്രാൻസീസ് മാർപാപ്പയും ജപമാല ഭക്തിയുടെ പ്രാധാന്യത്തെ ഊന്നിപ്പ റയുന്നു.

ഇതിനെല്ലാം ഉപരിയായി ജപമാലയിൽ നാം മറിയത്തോട് ചേർന്നിരുന്ന്

ഈശോയുടെ മുഖത്തെയാണ് ധ്യാനിക്കുന്നത്. ദിവ്യരഹസ്യങ്ങളിൽ ഈശോയുടെ ജീവിതത്തിലെ പ്രധാന സംഭവങ്ങളെയാണ് കണ്ടുമുട്ടുന്നത്. ഇവയെ നമ്മുടെയും നമുക്കു ചുറ്റുമുള്ളവരുടെയും ജീവിതത്തോട് താദാത്മ്യപ്പെടുത്താവു ന്നവയാണ്. സന്തോഷത്തിന്റെ രഹസ്യങ്ങൾ മറിയത്തെപ്പോലെ ഈശോയെ ജീവിതത്തിൽ സ്വീകരിക്കാൻ, അവിടുത്തേയ്ക്ക് സ്വയം സമർപ്പിക്കാൻ, ജീവിതത്തിൽ നഷ്ടപ്പെട്ടുപോകുന്ന ഈശോയെ അന്വേഷിക്കാനും, ദുഃഖത്തിന്റെ രഹസ്യങ്ങൾ വഴി നമ്മുടെയും നമുക്കു ചുറ്റുമുള്ളവരുടെയും വേദനകളും പാപങ്ങ ളും സഹനങ്ങളും ഈശോയോട് ചേർത്തുവയ്ക്കുവാനും, പ്രകാശത്തിന്റെ രഹസ്യങ്ങളിലൂടെ ലോകസമാധാനത്തിനും ദൈവരാജ്യ വളർച്ചയ്ക്കുംവേണ്ടി പ്രാർത്ഥിക്കാനും അവസാനം മഹിമയുടെ രഹസ്യങ്ങൾ വഴി കൃപയോടെ ജീവിച്ചുകൊണ്ട് മറിയ ത്തോടൊപ്പം മഹത്വത്തിന്റെ കിരീടം നമ്മെയും ദൈവം അണി യിക്കും എന്ന പ്രത്യാശയിൽ ആഴപ്പെടാനും നമുക്ക് സാധിക്കും.


പ്രഭാതത്തിലും പ്രദോഷത്തിലും ഉണർന്നിരുന്ന് ജപമാല ചൊല്ലിയ, എപ്പോഴും ജപമാല കയ്യിൽ കരുതി, വിശ്രമവേളകളിലും യാത്രാവേളകളിലും ജപമാല ചൊല്ലിയ നമ്മുടെ പൂർവ്വികരുടെയും മാതാപിതാക്കന്മാരുടെയും മാതൃക നമുക്കും സ്വായത്തമാക്കാം. ‘എല്ലാ ദിവസവും ജപമാല ചൊല്ലുന്ന 10 ലക്ഷം കുടുംബങ്ങൾ ഉണ്ടായാൽ ഈ ലോകം രക്ഷപ്പെടും’ എന്ന വി. പത്താം പീയൂസ് മാർപാപ്പയുടെ വാക്കുകൾ നമുക്കനുസ്മരിക്കാം. കുടുംബങ്ങളുടെ ഭദ്രതയ്ക്കുവേണ്ടി, ലോകസമാധാനത്തിനുവേണ്ടി, പാപികളുടെ മാനസാന്തരത്തിനുവേണ്ടി, ലോകത്തിൽ നടമാടുന്ന അനീതിയും അക്രമവും തുടച്ചുനീക്കപ്പെടുന്നതിനുവേണ്ടി, വരുംതലമുറ വിശ്വാസത്തിലും വിശുദ്ധിയിലും തിരുസഭയുടെ പ്രബോധന ങ്ങളോട് ചേർന്ന് നിലനിൽക്കുന്നതിനുവേണ്ടി നമുക്കും മാതാവി നോടൊപ്പം ദൈവസന്നിധിയിലണയാം.

നമ്മുടെ ദേശത്ത് രാഷ്ട്രീയവും മതപരവുമായ സമാധാ നവും സൗഹൃദവും പുലരാൻ, സ്നേഹത്തിന്റെ അരൂപി കുടുംബ ങ്ങളിലുണ്ടാവാൻ, കുടുംബബന്ധങ്ങൾ നിലനില്ക്കാൻ, യുവ ജനങ്ങൾക്ക് ദിശാബോധം ലഭിക്കാൻ, ജീവന്റെ സമൃദ്ധി നമ്മുടെ കുടുംബങ്ങളിലുണ്ടാകാൻ, നമ്മുടെ കുഞ്ഞുങ്ങൾ ജ്ഞാനത്തിലും പ്രായത്തിലും ദൈവമനുഷ്യപ്രീതിയിൽ വളർന്നുവരുവാൻ, ധാരാളം നല്ല ദൈവവിളികൾ ഈ കാലഘട്ടത്തി ലുണ്ടാകുവാൻ, പകർച്ചവ്യാധികളിലും പ്രകൃതി ക്ഷോഭങ്ങളിലും നിന്ന് നമ്മളും ലോകം മുഴുവനും സംരക്ഷിക്കപ്പെടുവാൻ നമുക്കും ജപമാല ചൊല്ലി പ്രാർത്ഥിക്കാം.

ജപമാല ചൊല്ലിക്കൊണ്ട് നിങ്ങൾ എന്നോട് ആവശ്യപ്പെടുന്നതെന്തും ലഭിക്കും എന്ന് വാ. അലൻ ഡി റോക്കിനോട് വാഗ്ദാനം ചെയ്ത പരി. അമ്മ നമ്മുടെ പ്രാർത്ഥന സ്വീകരിച്ച് നമ്മെ യും അനുഗ്രഹിക്കട്ടെ.

പരിശുദ്ധ കുർബാനയുടെ മുമ്പിൽ അണഞ്ഞ് ക്രിസ്തു രഹസ്യങ്ങളെ ധ്യാനിക്കുന്ന ജപമാല ചൊല്ലി മാതാവിന്റെ മാദ്ധ്യസ്ഥ്യം പ്രാർത്ഥിക്കുമ്പോൾ അത് ലോകത്തിനും സഭയ്ക്കുമുഴുവനും നമ്മുടെ രൂപതയ്ക്കും നമ്മുടെ കുടുംബങ്ങൾക്കും ദൈവാനുഗ്രഹത്തിന്റെ മഹനീയ നിമിഷങ്ങളായി മാറു മെന്ന് ഉറപ്പാണ്. നമ്മുടെ ഇടവകകളിൽ വി. കുർബാന എഴുന്നള്ളിച്ചുവച്ച് പത്ത് ദിവസം കൊന്തനമസ്കാരം നടത്തുന്ന പതിവുള്ളതാണല്ലോ. അതോ ടൊപ്പം കുടുംബകൂട്ടായ്മകളിലും കൊന്തനമസ്കാരം ക്രമീകരിക്കേ ണ്ടതാണ്. ബഥാനിയ സെന്ററിൽ നടക്കുന്ന അഖണ്ഡജപമാല യിൽ നമ്മുടെ എല്ലാ ഇടവകകളും, കുടുംബകൂട്ടായ്മകളും, ഭക്തസംഘടനകളും, സന്യാസ ഭവ നങ്ങളും പങ്കെടുക്കാൻ പരിശ്രമിക്കേണ്ടതാണ്. ഇടവകകളിൽ നിന്ന് കാൽന ടയായി വന്ന് ജപമാലയിൽ പങ്കെടുക്കുന്നത് ഉത്തമ മാതൃകയാണ്. ബഹു. വികാരിയച്ചന്മാരുടെ പ്രത്യേക താൽപര്യവും ശ്രദ്ധയും ഇക്കാര്യത്തിൽ ഉണ്ടാ കണമെന്ന് ആഗ്രഹിക്കുന്നു. ബഥാനിയായിൽ അഖണ്ഡ ജപമാല ആരംഭിച്ച നാൾ മുതൽ കിലോമീറ്ററുകൾ യാത്ര ചെയ്ത് എല്ലാ ദിവസവും പ്രഭാതത്തിൽ നാല് മണിക്ക് കുടുംബ സമ്മേതം അഖണ്ഡജപമാലയിൽ പങ്കെടുക്കുന്ന ഒരു കുടുംബത്തെ പരിചയപ്പെടുവാൻ ഇടയായി. ഒരു വൈദികനടക്കം മക്കളെല്ലാവരും കൃപയുടെ നിറവിൽ ജീവിക്കുന്നു. മാതാവിന്റെ മദ്ധ്യസ്ഥതയി ലൂടെയാണ് തങ്ങളുടെ കുടുംബം അനുഗ്രഹം പ്രാപിച്ചതെന്ന് അവർ ഉറപ്പിച്ച് പറയുന്നു. ഇതുപോലെ മാതാവിന്റെ മാദ്ധ്യസ്ഥ്യം വഴി അനുഗ്രഹം പ്രാപിച്ച അനേകം കുടുംബങ്ങളെ എനിക്ക് വ്യക്തിപരമായി അറിയാം. ഇപ്രകാരം നമ്മുടെ എല്ലാ കുടുംബ ങ്ങളും അനുഗ്രഹീതമാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു. പരിശുദ്ധ അമ്മയും രൂപതാ മദ്ധ്യസ്ഥയായ വി. അൽഫോൻസാമ്മയും നമു ക്കുവേണ്ടി ദൈവസന്നിധിയിൽ മാദ്ധ്യസ്ഥ്യം പ്രാർത്ഥിക്കട്ടെ.

സ്നേഹപൂർവ്വം,



**മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**

താമരശ്ശേരി രൂപതയുടെ മെത്രാൻ

ഈ സർക്കുലർ 2022 ഒക്ടോബർ 2-ാം തീയതി ഞായറാഴ്ച വായിക്കേണ്ടതാണ്.

# കേരളത്തിലെ യുവതീയുവാക്കൾക്കും കുട്ടികൾക്കും ഇടയിൽ വർദ്ധിച്ചുവരുന്ന മയക്കുമരുന്ന് ഉപയോഗത്തിന്റെ പശ്ചാത്തലത്തിൽ കേരള കത്തോലിക്കാ മെത്രാൻ സമിതി പുറപ്പെടുവിക്കുന്ന സർക്കുലർ

ക്രിസ്തുവിൽ പ്രിയമുള്ള വൈദികരേ, സന്യസ്തരേ, സഹോദരീ സഹോദരന്മാരേ,

മയക്കുമരുന്ന് വിപണനവും ഉപഭോഗവും സംബന്ധിച്ച് ഈ അടുത്ത നാളുകളിലായി പുറത്തുവന്നുകൊണ്ടിരി ക്കുന്ന വിവരങ്ങൾ നമ്മുടെ നാട് ലഹരിയുടെ അടിമത്തത്തിലേക്ക് നീങ്ങുകയാണ് എന്ന അപകടകരമായ യാഥാർഥ്യം വെളിപ്പെടുത്തുന്നുണ്ട്. നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ 2021-ലെ റിപ്പോർട്ട് അനുസരിച്ച് NDPS (നാർക്കോട്ടിക് ഡ്രഗ്സ് ആൻഡ് സൈക്കോട്രോപ്പിക് സബ്സ്റ്റൻ സസ്) ആക്ട് പ്രകാരം കേസുകൾ ചാർജ്ജ് ചെയ്യപ്പെട്ട് ഇന്ത്യയിലെ ജയിലുകളിൽ കഴിയുന്നത് 27,072 പേരാണ്. ജനസംഖ്യയുടെ കാര്യത്തിൽ പതിമൂന്നാം സ്ഥാനമുള്ള കേരളസംസ്ഥാനം ലഹരി സംബന്ധമായ കേസുകളുടെ എണ്ണത്തിൽ ഇന്ത്യയിൽ ആറാം സ്ഥാനത്താണ്. ഈ വർഷം ഓഗസ്റ്റ് 29 വരെ 16,128 ലഹരികേസുകൾ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ളതായാണ് ബഹു. മുഖ്യമന്ത്രി നിയമസഭയെ അറിയിച്ചത്. മുൻ വർഷത്തേക്കാൾ മൂന്നിര ട്ടിയോളം കേസുകളുടെ വർദ്ധനവ് ലഹരി ഉപയോഗം കനത്ത തോതിൽ സംസ്ഥാനത്ത് വ്യാപകമാകുന്നു എന്നത് വെളിവാക്കു ന്നുണ്ട്. 2020 ൽ മാത്രം ലഹരിയുമായി ബന്ധപ്പെട്ട കേസുകളിൽ കേരളത്തിൽ പിടിയിലായ നാലായിരത്തോളം പേരിൽ 917 പേർ 21 വയസിൽ താഴെയുള്ളവരാണ്. ഇത് ലഹരി ഉപയോഗിക്കുന്നവരിലും വിപണനം ചെയ്യുന്നവരിലും കുട്ടികളുടെയും യുവതീ യുവാക്കളുടെയും എണ്ണം കേരളത്തിൽ വർധിച്ചുകൊണ്ടിരിക്കുന്നു എന്നതിന് തെളിവാണ്.

ഈ പശ്ചാത്തലത്തിലാണ് കുട്ടികളും യുവതലമുറയും ഉൾപ്പെ ടെയുള്ള പൊതുസമൂഹത്തിലെ വലിയൊരു വിഭാഗത്തെ നശിപ്പിച്ചു കൊണ്ടിരിക്കുന്ന മയക്കുമരുന്ന് എന്ന സാമൂഹ്യതിന്മയെ കുറിച്ച് നാം കൂടുതൽ ഗൗരവമായി ചിന്തിക്കുന്നത്. ലഹരിയുടെ അടിമത്തം ഏതാനും വ്യക്തികളെ മാത്രം

ബാധിക്കുന്ന പ്രശ്നമല്ല, മറിച്ച് കുടും ബങ്ങളെ സവിശേഷമായും പൊതുസമൂഹത്തെ മുഴുവനായും അതീവദോഷകരമായി ബാധിക്കുന്നതാണ്. ഈ ഗുരുതരമായ സാമൂഹ്യവിപത്തിനെ നേരിടാൻ, ശരിയായ അപഗ്രഥനത്തിലധിഷ്ഠി തമായ ഒരു പൊതു അവബോധം രൂപപ്പെടേണ്ടതുണ്ട്. അത്തരമൊരു ലക്ഷ്യത്തോടു കൂടി ഈ സാമൂഹ്യ വിപത്തിന്റെ ഭീകരതയെ മനസി ലാക്കാനും ഇതിന്റെ വ്യാപനത്തെ പ്രതിരോധിക്കാൻ കർമപദ്ധതികൾ ആവിഷ്കരിക്കാനും സഭാതനയർ ഒന്നടങ്കം മുന്നിട്ടിറങ്ങേണ്ടതുണ്ട്.

### ലഹരിമരുന്നുകളുടെ വ്യാപനം

മയക്കുമരുന്നിന്റെ വലിയ വിപണിയായി നമ്മുടെ സമൂഹം മാറു കയാണ്. നമ്മുടെ തുറമുഖങ്ങളിൽ നിന്നും വിമാനത്താവളങ്ങളിൽ നിന്നും പിടിക്കപ്പെട്ട കോടിക്കണക്കിന് രൂപയുടെ ലഹരി വസ്തുക്കളും, നഗര, ഗ്രാമ വ്യത്യാസമില്ലാതെ രജിസ്റ്റർ ചെയ്യപ്പെടുന്ന മയക്കു മരുന്നിന്റെ ഉപഭോഗവും വിപണനവും സംബന്ധിച്ച നിരവധി കേസു കളും ഇത് വ്യക്തമാക്കുന്നു.

മുൻകാലങ്ങളിൽ കഞ്ചാവുപോലുള്ള ലഹരി വസ്തുക്കളാണ് വ്യാപകമായി ഉപയോഗിക്കപ്പെട്ടിരുന്നതെങ്കിൽ മയക്കുമരുന്നിന്റെ ആധുനികരൂപമായ സിന്തറ്റിക് ലഹരിമരുന്നുകളുടെ വ്യാപനവും ഉപഭോഗവുമാണ് നിലവിലെ വലിയ ഭീഷണി. വിദ്യാഭ്യാസ സ്ഥാപന ങ്ങളിൽ ഉൾപ്പെടെ ഇത്തരം ലഹരി മരുന്നുകൾ എത്തിച്ചേരുകയും കുട്ടികളും യുവജനങ്ങളും ഇവയ്ക്ക് അടിമപ്പെടുകയും ചെയ്യുന്ന സ്ഥിതിവിശേഷമാണ് ഇപ്പോൾ നിലവിലുള്ളത്. ചെറുപ്രായത്തിലുള്ള സ്കൂൾ വിദ്യാർത്ഥികളെപോലും മയക്കുമരുന്നിന് അടിമകളാക്കാൻ തുനിഞ്ഞിറങ്ങിയിരിക്കുന്ന മാഫിയകൾ നമ്മുടെ സമൂഹത്തിൽ പ്രവർത്തിക്കുന്നുണ്ട് എന്നാണ് സമീപകാല സംഭവങ്ങളിൽനിന്ന് നാം മനസിലാക്കേണ്ടത്. മാത്രവുമല്ല, മയക്കുമരുന്നു വിൽപ്പനയ്ക്കും പ്രചരണത്തിനും കുട്ടികളെ ഉപകരണങ്ങളാക്കുന്ന രീതിയും കേരളത്തിലുണ്ട്.

തങ്ങൾ ഉപയോഗിക്കുന്നത് മയക്കുമരുന്നാണ് എന്ന തിരിച്ചറിവി ല്ലാതെയാണ് പലപ്പോഴും കുട്ടികൾ മയക്കുമരുന്ന് ഉപയോഗിച്ച് തുടങ്ങുന്നതെന്നാണ് അന്വേഷണ ഉദ്യോഗസ്ഥരുടെ നിഗമനം. ഉന്മേഷ ത്തിനും ഉറക്കം വരാതിരിക്കാനും മറ്റുമുള്ള പാനീയങ്ങളായും മിഠായി കളായും ഗുളികകളായും കുട്ടികൾക്കിടയിൽ മയക്കുമരുന്നിനെ പരിചയപ്പെടുത്തുന്നു. ഒടുവിൽ അവ ഉപേക്ഷിക്കാനാവില്ല എന്ന ഘട്ടം വരുമ്പോൾ പണം നൽകി വാങ്ങാനും, അതിനായി പണം കണ്ടെത്താനും കുട്ടികൾ നിർബ്ബന്ധിതരാകുന്നു. ക്രമേണ മയക്കുമരുന്ന് വിപണന സംഘത്തിന്റെ ഭാഗമായും പ്രചാരകരായും അവർ മാറുന്നു.

ലഹരിക്കടിമപ്പെടുന്നവരുടെ എണ്ണത്തിലുള്ള ക്രമാതീതമായ വർധനവിനൊപ്പം ലൈംഗിക ചൂഷണം, ആക്രമണം, മോഷണം, കൊലപാത കം, ആത്മഹത്യ പോലെയുള്ള അനുബന്ധ കുറ്റകൃത്യ ങ്ങളും പെരുകുന്നു എന്നതും ഒരു വസ്തുതയാണ്. ലഹരിക്കടിമപ്പെട്ട് ഉന്മേഷവും കായികശേഷിയും

നഷ്ടപ്പെടുന്ന കുട്ടികളും യുവജന ങ്ങളും നമ്മുടെ നാടിന്റെ ദയനീയചിത്രം വെളിവാക്കുന്നു. തുച്ഛമായ വരുമാനം പോലും ലഹരിദായക പദാർത്ഥങ്ങൾക്കായി ചെലവഴിക്ക പ്പെടുന്നതിലൂടെ നിരവധി കുടുംബങ്ങൾ അസമാധാനത്തിന്റെയും പട്ടിണിയുടെയും പിടിയിലമരുന്നു. ലഹരിയിലുള്ള അടിമത്തം ആത്യന്തികമായി വ്യക്തികളുടെ സമ്പൂർണ നാശത്തിലേക്കും കുടും ബങ്ങളുടെയും സമൂഹത്തിന്റെയും തകർച്ചയിലേക്കുമാണ് നയിക്കുന്ന തെന്നതാണ് വാസ്തവം.

### സഭയുടെ നിലപാട്

മയക്കുമരുന്നുകളുടെ ഉപയോഗം എന്തുകൊണ്ട് തിന്മയാകുന്നു എന്നതിനെകുറിച്ച് കത്തോലിക്കാ സഭയുടെ യുവജന മതബോധന ഗ്രന്ഥം വിശദീകരണം നല്കുന്നുണ്ട്: ഒരു വ്യക്തിക്ക് ലഹരി വസ്തുക്കളിൽ ഉണ്ടാകുന്ന ആശ്രയത്തിന്റെ ഓരോ രൂപവും സ്വാതന്ത്ര്യം അടിമത്തത്തിനുവേണ്ടി കൈമാറ്റം ചെയ്യലാണ്. അത് ബന്ധപ്പെട്ട വ്യക്തിയുടെ ആരോഗ്യവും ജീവിതവും നശിപ്പിക്കുന്നു. അയാൾക്ക് ചുറ്റുമുള്ള മനുഷ്യരെ കുടുംബ തലത്തിലും, സാമൂഹിക തലത്തിലും വലിയതോതിൽ ദ്രോഹിക്കുകയും ചെയ്യുന്നു (YOUCAT 389). 2016-ൽ പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസസിലെ അംഗങ്ങളെ അഭിസംബോധന ചെയ്തുകൊണ്ട് പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ പറഞ്ഞ വാക്കുകൾ ശ്രദ്ധേയമാണ്: പ്രശ്നങ്ങളിൽ നിന്ന് ഓടിയൊളിക്കാനും, നൈമിഷിക സുഖങ്ങൾ തേടാനുമുള്ള തൃഷ്ണ മയക്കുമരുന്ന് ഉപയോഗത്തിലേക്ക് നീളുന്നത് മനുഷ്യനെ പൂർണമായ തകർച്ചയിലേക്കും, വിവിധ തലങ്ങളിലുള്ള സാമൂഹിക പ്രത്യാഘാതങ്ങളിലേക്കും നയിക്കുന്നു.

മയക്കുമരുന്നുകളുടെ വിനാശകരമായ ഫലങ്ങളെ തുറന്നുകാണി ച്ചുകൊണ്ട് വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പ പറഞ്ഞത്, മരണം വില്ക്കുന്നവരാണ് മയക്കുമരുന്ന് കച്ചവടക്കാർ എന്നാണ്. വ്യക്തികളുടെ മാനസികവും സാമൂഹികവുമായ മരണത്തിന് കാരണമാകുകയും, വലിച്ചെറിയപ്പെടുന്ന വ്യക്തികളാക്കി അവരെ മാറ്റുകയും ചെയ്യുന്ന ലഹരിയുടെ ഉപഭോഗത്തിനുള്ള എല്ലാ സംവിധാനങ്ങളും എതിർക്കപ്പെടണം എന്നതാണ് സഭയുടെ എക്കാലത്തെയും നിലപാട്. മയക്കു മരുന്ന് ഉപയോഗവും അതിലുള്ള അടിമത്തവും തിന്മയാണ്. ഇക്കാരണത്താൽ തന്നെയാണ് ലഹരി വസ്തുക്കൾക്കെതിരായ പോരാട്ടം അത്യന്തം ഗൗരവമേറിയ ക്രൈസ്തവ ധർമ്മമായി തിരുസഭ വീക്ഷിക്കുന്നത്. ഈ കാലഘട്ട ത്തിൽ ഈ ഉത്തരവാദിത്വത്തെ കൂടുതൽ ആർജ്ജവത്തോടെ ഏറ്റെടുക്കാൻ നമുക്ക് കഴിയണം.

### പ്രായോഗിക സമീപനങ്ങൾ

നമ്മുടെ സാംസ്കാരിക സാമൂഹിക ഔന്നത്യത്തെയും ക്രമസ മാധാനത്തെയും യുവതലമുറയുടെ കാര്യപ്രാപ്തിയെയും ഭാവിയെയുമെല്ലാം

ഒരുപോലെ ദോഷകരമായി ബാധിക്കുന്ന ഒരു സാമൂഹിക തിന്മ എന്ന നിലയിൽ ലഹരിയുടെ ഉപയോഗത്തിനെതിരെ പ്രതിരോധം തീർത്തുകൊണ്ട് എല്ലാവരും സമൂഹത്തിന്റെ സംരക്ഷണത്തിനായി അണിനിരക്കണം. സർക്കാർ സംവിധാനങ്ങളും സാമൂ ഹിക സാമുദായിക നേതൃത്വങ്ങളും ഒത്തൊരുമയോടെ പ്രവർത്തി ച്ചാൽമാത്രമേ, ഈ വലിയ ലക്ഷ്യം നേടിയെടുക്കാൻ നമുക്കു കഴിയുകയുള്ളൂ. വിവിധ തലങ്ങളിൽ ഈ പ്രതിസന്ധിയെ നാം നേരിടേണ്ടതുണ്ട്.

**കുടുംബതലം:**

കുടുംബങ്ങളിലാണ് ലഹരി ഉപയോഗവും അടിമത്തവും സംബ ന്ധിച്ച സാധ്യതകൾ അടിസ്ഥാനപരമായി പ്രതിരോധിക്കപ്പെടേണ്ടത്. മാതാപിതാക്കളും മക്കളും തമ്മിലുള്ള പരസ്പരബന്ധവും തുറവിയും എല്ലായ്പ്പോഴും ഊഷ്മളമായി നിലനിറുത്താനും ക്രൈസ്തവ ആധ്യാത്മികതയിൽ അടിയുറച്ച ഉത്തമ കുടുംബാന്തരീക്ഷം പുലർ ത്താനും സ്നേഹത്തിൽ അനുദിനം വളരാനും നമ്മുടെ കുടുംബ ങ്ങൾക്കു കഴിയണം. മക്കളുടെയും ജീവിതപങ്കാളികളുടെയും ധനാഗമ, വിനിയോഗ രീതികളെക്കുറിച്ച് മനസിലാക്കുകയും അസ്വാഭാവികമായ രീതികൾ കാണപ്പെടുന്നപക്ഷം സവിശേഷ ശ്രദ്ധ ചെലുത്തുകയും വേണം.

**സംഘടനാതലം:**

മയക്കുമരുന്ന് വ്യാപനവുമായി ബന്ധപ്പെട്ട വിവിധ വെല്ലുവിളി കളിലൂടെ നാം കടന്നുപോകുമ്പോൾ, നമ്മുടെ കുട്ടികളെയും യുവജനങ്ങളെയും അതിനെതിരായ പോരാട്ടത്തിൽ അണിനിരത്താൻ നാം പ്രോത്സാഹിപ്പിക്കുകയും പരിശീലിപ്പിക്കുകയും ചെയ്യേണ്ടതുണ്ട്. കെസിവൈഎം, കെസിഎസ്എൽ, ചെറുപുഷ്പ മിഷൻലീഗ്, യുവദീപ്തി, ജീസസ് യൂത്ത് തുടങ്ങി കുട്ടികൾക്കും യുവാക്കൾക്കും ഇടയിൽ പ്രവർത്തിക്കുന്ന സംഘടനകളെല്ലാം ഈ ലക്ഷ്യം മുൻനിറുത്തി സംഘടനാ തലത്തിൽ ലഹരി വിരുദ്ധസമിതികൾ രൂപീകരിക്കുകയും പ്രവർത്തനപദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്യണം. സംഘടനകളിൽ അംഗങ്ങളായവർക്കുവേണ്ടി മാത്രമല്ല, പൊതുവേ എല്ലാ യുവജനങ്ങളെയും മുന്നിൽകണ്ടുകൊണ്ടുള്ള പദ്ധതികളായിരിക്കണം യുവജനസംഘടനകൾ വിഭാവനം ചെയ്യേണ്ടത്. സംഘടനകളുടെ ആഭിമുഖ്യത്തിൽ മയക്കുമരുന്ന് വ്യാപനത്തിനെതിരായ ക്യാംപെയ്നുകൾ നടത്തുകയും ഫലപ്രദമായ രീതിയിൽ പ്രചാരണപരിപാടികൾ സംഘടിപ്പിക്കുകയും വേണം. സമപ്രായക്കാർക്കിടയിൽ സാഹോദര്യവും സൗഹാർദ്ദവും വളർത്തി യെടുക്കാനും അപരനെക്കുറിച്ചുള്ള കരുതലിൽ യുവജനങ്ങളെ പ്രചോദിപ്പിക്കാനും ഇത്തരം പ്രവർത്തനങ്ങൾ വഴി സാധിക്കണം. ലൈംഗിക ചൂഷണങ്ങൾക്കായി മയക്കുമരുന്ന് ഉപയോഗിക്കുന്ന പ്രവണത വർധിച്ചുവരുന്നതായും റിപ്പോർട്ടുകളുണ്ട്. അത്തരം ഭീഷണികളെ പ്രത്യേകമായി നിരീക്ഷിക്കാനും മുൻകരുതലുകൾ സ്വീകരിക്കാനും സംഘടനകളുടെ നേതൃത്വത്തിൽ സംവിധാനങ്ങൾ ഒരുക്കണം. കത്തോലിക്കാ കോൺഗ്രസ്, ലാറ്റിൻ

കാത്തലിക്ക് അസോ സിയേഷൻ, മലങ്കര കാത്തലിക്ക് അസോസിയേഷൻ, മാതൃസംഘം, പിതൃവേദി തുടങ്ങി മറ്റ് സഭാ സംഘടനകളും ഈ ലക്ഷ്യം അതർഹി ക്കുന്ന പ്രാധാന്യത്തോടെ ഏറ്റെടുക്കുകയും കുടുംബങ്ങളും പൊതു സ്ഥലങ്ങളും മയക്കുമരുന്ന് വിമുക്തമാക്കുക എന്ന ലക്ഷ്യത്തോടെ ഊർജ്ജിതമായി പ്രവർത്തന തലങ്ങളിലേയ്ക്ക് ഇറങ്ങുകയും വേണം. പ്രാദേശികമായ മറ്റ് സംഘടനകളും ഔദ്യോഗിക സംവിധാനങ്ങളു മായി യോജിച്ചുപ്രവർത്തിച്ചുകൊണ്ട് ലക്ഷ്യപ്രാപ്തിക്കായി പരിശ്രമി ക്കണം. ഇടവകയിലെ വിവിധ സംഘടനകൾ, സമിതികൾ തുടങ്ങിയ വയിലെ അംഗങ്ങൾ ഇക്കാര്യത്തിൽ യോജിച്ച് പ്രവർത്തിക്കുകയും വിലയിരുത്തലുകൾ നടത്തുകയും വേണം.

**വിദ്യാഭ്യാസ സ്ഥാപനങ്ങൾ:**

എല്ലാ കത്തോലിക്കാ ഇടവകകളുടെയും അതിർത്തികൾക്കു ള്ളിൽ സ്ഥിതിചെയ്യുന്ന പൊതു വിദ്യാലയങ്ങളും സ്ഥാപനങ്ങളും അതിന്റെ പരിസരപ്രദേശങ്ങളും പൂർണമായും ലഹരി വിമുക്തമാ ണെന്ന് ഉറപ്പുവരുത്താൻ നമുക്ക് സാധിക്കണം. നമ്മുടെ മാനേജുമെന്റു കൾക്കു കീഴിലുള്ള സ്കൂളുകളിലും കോളേജുകളിലും പ്രവർത്തന സജ്ജരായ അധ്യാപകരുടെയും വിദ്യാർത്ഥി കളുടെയും പങ്കാളിത്ത ത്തോടെ ലഹരിവിരുദ്ധ സമിതികൾ രൂപീകരിക്കുകയും ലഹരി വിമുക്തിക്കായി ഉണർന്നു പ്രവർത്തിക്കുകയും വേണം. വിദ്യാലയ ങ്ങളിലും പരിസരപ്രദേശങ്ങളിലും ലഹരിപദാർഥങ്ങളുടെ വിപണന, ഉപയോഗ സാധ്യതകളുള്ള മേഖലകളെയും ക്യാമ്പസിലേക്ക് കടന്നുവരുന്ന അപരി ചിതരെയും നിരീക്ഷണ വിധേയമാക്കണം. മാത്രമല്ല, മയക്കുമരുന്നിന് അടിമകളായിട്ടുള്ള വിദ്യാർത്ഥികളെ കണ്ടെത്തി തിരികെക്കൊണ്ടുവരുന്നതിനുള്ള ഫലപ്രദമായ സംവിധാനങ്ങൾ കലാലയങ്ങളിൽ ക്രമീകരിക്കുകയും വേണം.

**സഭാസംവിധാനങ്ങൾ:**

സഭയുടെ കേന്ദ്രീകൃത സംവിധാനങ്ങളുടെ ഭാഗമായ ജാഗ്രത, മദ്യവിരുദ്ധസമിതികളുടെ പ്രവർത്തനങ്ങൾ ഇടവകതലത്തിലും മേഖലാ-രൂപതാ തലങ്ങളിലും കാര്യക്ഷമമാക്കുകയും മയക്കുമരുന്ന് വ്യാപനത്തെ പ്രതിരോധി ക്കാനും നിയന്ത്രണവിധേയമാക്കാനും പദ്ധതികൾ ആസൂത്രണം ചെയ്യുകയും നടപ്പാക്കുകയും വേണം. ഈ ഗുരുതരമായ സാമൂഹിക വിപത്തിനെ ഫലപ്രദമായി നേരിടണ മെങ്കിൽ വിവിധ തലങ്ങളിലുള്ള അപഗ്രഥനങ്ങളും നിരീക്ഷണങ്ങളും പഠനങ്ങളും ആവശ്യമാണ്. മദ്യവിരുദ്ധ, ജാഗ്രതാ സമിതികൾക്ക് അത്തരം പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ സാധിക്കണം.

മതാധ്യാപകർക്ക് ഇക്കാര്യത്തിൽ വളരെയേറെ പ്രവർത്തി ക്കാനുണ്ട്. തങ്ങളുടെ മുന്നിലെത്തുന്ന കുട്ടികളെ അടുത്തറിയുകയും, അവരെ പ്രബുദ്ധരാക്കുകയും ചെയ്യാൻ കഴിയുന്നത് അവർക്കാണ്. ഇപ്പോഴത്തെ ലഹരി സാധ്യതകൾക്കും അനുബന്ധ വിഷയങ്ങൾക്കും കൂടുതൽ ഊന്നൽ

കൊടുത്തുകൊണ്ട് മുതിർന്ന വേദപാഠ ക്ളാസുകളിലെ കുട്ടികളുമായി സംവദിക്കാനും അവരെ അടുത്തു മനസിലാക്കി ആവശ്യമെങ്കിൽ തിരുത്താനും മതാധ്യാപകർ സന്നദ്ധരാകണം.

ലഹരിയുടെ വ്യാപനത്തെ പ്രതിരോധിക്കുന്നതിനായി സർക്കാർ ആവിഷ്കരിച്ചിരിക്കുന്ന പദ്ധതികൾ സമഗ്രമായ രീതിയിൽ സാമൂഹ്യ പ്രതിബദ്ധതയോടെ നടപ്പിലാക്കാൻ നമ്മുടെ സഹകരണം ആവശ്യമാണ്. വരുമാനത്തിനായി കൂടുതൽ മദ്യശാലകൾ തുറക്കുന്നതും, ഐ ടി പാർക്കുകളിൽ പബ്ബുകൾ തുടങ്ങുന്നതും പോലെയുള്ള പ്രവർത്തനങ്ങളിൽനിന്നു സർക്കാർ പിന്തിരിയേണ്ടതാണ്. കക്ഷിമത ഭേദമേന്യേ പൊതുസമൂഹം ഒറ്റക്കെട്ടായി ലഹരിവിമുക്ത സമൂഹത്തി നുവേണ്ടി ഊർജ്ജിതമായ ഇടപെടലുകൾ നടത്താൻ ശ്രമിക്കണം. ലഹരിവിമുക്ത കേന്ദ്രങ്ങൾ കൂടുതലായി സ്ഥാപിച്ചും, സന്നദ്ധ പ്രവർത്തകരെ പരിശീലിപ്പിച്ചും, ഇത്തരം ശ്രമങ്ങളിൽ ഏർപ്പെടുന്നവരെ പിന്തുണച്ചും ക്രിയാത്മകമായ പ്രവർത്തനപദ്ധതി രൂപപ്പെ ടുത്തേണ്ടതുണ്ട്. ഇക്കാര്യത്തിൽ പൊതുസമൂഹത്തിനും ഭരണസംവി ധാനങ്ങൾക്കും മാതൃകയാകുവാൻ കേരളത്തിലെ ക്രൈസ്തവ സമൂഹത്തിനു കഴിയണം.

നമ്മുടെ സമൂഹത്തിന്റെ നിലനില്പിനും നന്മയ്ക്കുംവേണ്ടി ലഹരിയുടെ സംസ്കാരത്തെ പ്രതിരോധിക്കാനും ജീവന്റെ സംസ്കാരത്തെ വളർത്താനുമുള്ള വലിയ ഉത്തരവാദിത്വം കൂട്ടായ്മയിൽ ഫലപ്രദമായി നിർവഹിക്കാൻ നമുക്കു സാധിക്കട്ടെ. അതിനായുള്ള എല്ലാ പ്രവർത്തനങ്ങളിലും സമൃദ്ധമായ ദൈവാനുഗ്രഹത്തിനായി നമുക്കു പ്രാർത്ഥിക്കാം.

മിശിഹായിൽ സ്നേഹപൂർവം,

**കർദിനാൾ ജോർജ് ആലഞ്ചേരി**
പ്രസിഡന്റ്, കെസിബിസി

ബിഷപ് ഡോ. വർഗീസ് ചക്കാലയ്ക്കൽ
ബിഷപ് ഡോ. ജോസഫ് മാർ തോമസ്
വൈസ് പ്രസിഡന്റ്, കെസിബിസി

സെക്രട്ടറി ജനറൽ, കെസിബിസി

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാന കാര്യാലയം

---

NB: ഈ സർക്കുലർ വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

# കെസിബിസി എസ് സി /എസ് ടി/ ബിസി കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

അഭിവന്ദ്യ പിതാക്കൻമ്മാരെ, ബഹുമാനപ്പെട്ട വൈദികരെ, ക്രിസ്തു വിൽ പ്രിയ സഹോദരി സഹോദരന്മാരെ,

വളരെ സുപ്രധാനമായ ഒരു സന്ദേശം നിങ്ങളെ അറിയിക്കുവാ നാണ് ഇത് എഴുതുന്നത്. മതേതരത്വം മുഖമുദ്രയായി ഭരണം നടക്കുന്ന നമ്മുടെ ഭാരതത്തിൽ ക്രൈസ്തവ മതം സ്വീകരിച്ചു എന്ന ഒറ്റക്കാരണത്താൽ ജന്മ അവകാശം നിഷേധിക്കപ്പെട്ട ജനസമൂഹമാണ് പട്ടികജാതിയിൽ നിന്നും ക്രിസ്തു മതം സ്വീകരിച്ച ദലിത് ക്രൈസ്തവർ.

സ്വതന്ത്ര ഭാരതത്തിൽ ഭരണഘടന നിലവിൽ വന്നപ്പോൾ നൂറ്റാണ്ടുകളായി അയിത്തവും അടിമത്തവും അനുഭവിച്ചു സമൂഹ ത്തിന്റെ മുഖ്യധാരയിൽ നിന്നും പിന്തള്ളപ്പെട്ടു പോയ ജനസമൂ ഹത്തെ മുഖ്യധാരയിൽ എത്തിക്കുക എന്നുള്ള ലക്ഷ്യത്തോടുകൂടി ഭരണഘടനയിൽ പട്ടികജാതി പട്ടികവർഗ്ഗം എന്ന് വകുപ്പ് ചേർക്കു കയും 1950 ഓഗസ്റ്റ് പത്താം തീയതി പ്രസിഡന്റിൽ നിക്ഷിപ്തമായ പ്രത്യേക അധികാരം ഉപയോഗിച്ച് ഉത്തരവ് ഇറക്കുകയും ഹിന്ദു മതവിശ്വാസികൾക്ക് മാത്രമായി പട്ടികജാതി സംവരണം പരിമിത പ്പെടുത്തുകയും ചെയ്തു. 1956 സിക്കു മതവിശ്വാസികളെയും 1990 ബുദ്ധമത വിശ്വാസികളായ ദലിതരെയും പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തി. എന്നാൽ ഇക്കാലമത്രയും ക്രൈസ്തവമതത്തിൽ വിശ്വസിക്കുന്ന ദലിതരെ ഈ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. 1950 മുതൽ ഈ ജനസമൂഹം നിരന്തരമായ സമരത്തിന്റെയും നിവേദനങ്ങ ളുടെയും ഫലമായി ദേശീയതലത്തിലും സംസ്ഥാന തലത്തിലും കമ്മീഷനുകളെ നിയമിച്ചിട്ടുണ്ടെങ്കിലും കമ്മീഷൻ റിപ്പോർട്ടുകൾ ഒന്നും നടപ്പാക്കിയിട്ടില്ല.

ട്രിച്ചി സ്വദേശിയായ അഡ്വക്കേറ്റ് ഫ്രാങ്ക്ലിൻ സീസർ 2004 സുപ്രീംകോടതിയിൽ കേസ് ഫയൽ ചെയ്തു. 1950 ആഗസ്റ്റ് പത്താം തീയതി ഇറക്കിയ ഉത്തരവിലെ മൂന്നാം ഖണ്ഡിക റദ്ദ് ചെയ്ത ദലീത് ക്രൈസ്തവർക്കും പട്ടികജാതി സംവരണം നൽകണം എന്നാവശ്യ പ്പെട്ടു കൊണ്ടാണ് സുപ്രീം കോടതിയിൽ കേസ് ഫയൽ ചെയ്തത്. കേസിനെ സംബന്ധിച്ചുള്ള വിചാരണ പലപ്രാവശ്യം മാറ്റിവെച്ചു എങ്കിലും 2022 ഒക്ടോബർ പതിനൊന്നാം തീയതി സുപ്രീംകോട തിയിൽ വീണ്ടും വിചാരണയ്ക്ക് വരികയാണ്. പ്രസ്തുത കേസ് വിജയിക്കാനും നമ്മുടെ സഹോദരി സഹോദരന്മാർക്ക് പട്ടികജാതി സംവരണം ലഭിക്കുവാനും 2022 ഒക്ടോബർ ഒൻപതാം തീയതി ഞായറാഴ്ച പ്രാർത്ഥന

ദിനമായി ആചരിക്കുകയാണ്. അന്നേദിവസം എല്ലാവരും ചേർന്ന് പ്രത്യേകം പ്രാർത്ഥന നടത്തുകയും കേസിൽ നമുക്ക് വേണ്ടി വാദിക്കുന്ന വക്കീലന്മാരെയും വാദം കേൾക്കുന്ന ജഡ്ജിമാരെയും പ്രത്യേകം സമർപ്പിച്ചു പ്രാർത്ഥിക്കാം

ഈശോയിൽ സ്നേഹപൂർവ്വം

**ബിഷപ് സെൽവിസ്റ്റർ പൊന്നുമുത്തൻ**
വൈസ് ചെയർമാൻ
ബിഷപ്പ് യൂഹാനോൻ മാർ തേയഡോഷ്യസ്
വൈസ് ചെയർമാൻ

---

NB: 2022 ഒക്ടോബർ 9-ാം തീയതി ഞായറാഴ്ച ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

# പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പ 2022 ലോകപ്രേഷിതദിനത്തിൽ നൽകുന്ന സന്ദേശം

## “നിങ്ങൾ എന്റെ സാക്ഷികളായിരിക്കും” (അപ്പ 1:8)

പ്രിയ സഹോദരീസഹോദരന്മാരേ,

“എന്നാൽ പരിശുദ്ധാത്മാവിൽനിന്ന് നിങ്ങളുടെമേൽ വരുന്ന ശക്തി നിങ്ങൾ സ്വീകരിക്കും. അപ്പോൾ ജറുസലേമിലും യൂദയാ മുഴുവനിലും സമരിയായിലും ഭൂമിയുടെ അതിർത്തിയോളവും നിങ്ങൾ എന്റെ സാക്ഷികളായിരിക്കും.” ഉയിർത്തെഴുന്നേറ്റ യേശു തന്റെ സ്വർഗാരോഹണത്തിനുമുമ്പ് തന്റെ ശിഷ്യരോട് പറഞ്ഞ വചനമായി നാം ഇത് അപ്പസ്തോലപ്രവർത്തനങ്ങളിൽ വായിക്കുന്നു. (അപ്പ 1:8). ഇതുതന്നെയാണ് 2022-ലെ ലോകപ്രേഷിതദിനത്തിലെ വിഷയം. സഭ സ്വഭാവത്താൽത്തന്നെ പ്രേഷിതയാണെന്ന് ഇത് സൂചിപ്പിക്കുന്നു. സഭയുടെ ജീവിതത്തിലും ദൗത്യത്തിലും ഉണ്ടായിട്ടുള്ള ചില പ്രധാന പ്പെട്ട സംഭവങ്ങളെ അനുസ്മരിപ്പിക്കുന്നതാണ് ഈ വർഷത്തെ ലോകപ്രേഷിതദിനം: (i) ഇപ്പോൾ

ജനതകളുടെ സുവിശേഷവൽക്ക രണത്തിനുള്ള തിരുസംഘം എന്നറിയപ്പെടുന്ന ദെ പ്രൊപ്പഗാന്ത ഫീദേയ് (*De Propaganda Fidei*) എന്ന തിരുസംഘം സ്ഥാപിച്ചതി ന്റെ നാനൂറാം വർഷം; (ii) വിശ്വാസപ്രചാരണത്തിനായുള്ള സംഘത്തിന്റെ (Society of the Propagation of the Faith) ആരംഭത്തിന്റെ രണ്ടാം നൂറ്റാണ്ട്. നൂറു വർഷംമുമ്പ് ഇപ്പറഞ്ഞ വിശ്വാസപ്രചാരണ ത്തിനായുള്ള സംഘവും അതിനോടൊപ്പം തിരുബാലസഖ്യവും (Society of the Holy Childhood) വിശുദ്ധ പത്രോസ് അപ്പോസ്തലന്റെ സംഘവും (Society of Saint Peter the Apostle) "പൊന്തിഫിക്കൽ" എന്ന സ്ഥാനം നേടുകയുണ്ടായി.

മേൽപറഞ്ഞ വചനഭാഗത്തിന്റെ അടിസ്ഥാനത്തിൽ, ഓരോ ശിഷ്യന്റെയും ജീവിതത്തിനും ദൗത്യത്തിനും അടിസ്ഥാനമായി നിൽക്കുന്ന മൂന്നു താക്കോൽ വാകൃങ്ങളെക്കുറിച്ച് നമുക്കു പരിചി ന്തനം ചെയ്യാം. "നിങ്ങൾ എന്റെ സാക്ഷികളായിരിക്കും", "ഭൂമിയുടെ അതിർത്തികൾവരെ", പരിശുദ്ധാത്മാവിന്റെ ശക്തി നിങ്ങൾക്കു ലഭി ക്കും" എന്നീ ശകലങ്ങളെക്കുറിച്ച് നമുക്കു ധ്യാനിക്കാം.

1. "നിങ്ങൾ എന്റെ സാക്ഷികളായിരിക്കും" - ക്രിസ്തുവിനു സാക്ഷ്യം നൽകാനുള്ള ഓരോ ക്രിസ്ത്യാനിയുടെയും വിളി

ശിഷ്യരെ ലോകത്തിലേക്കു അയക്കുക എന്നതാണ് യേശുവിന്റെ പ്രബോധനത്തിന്റെ കാതൽ. അവർ എവിടെ പോയാലും, എവിടെ ആയിരുന്നാലും, തങ്ങൾ സ്വീകരിച്ച പരിശുദ്ധാത്മാവിന്റെ കൃപാവര ത്താൽ ശിഷ്യർ യേശുവിനു സാക്ഷികളായിരിക്കും. പിതാവിന്റെ പ്രേഷിതൻ എന്ന നിലയിൽ (യോഹ 20:21 കാണുക) യേശുവാ യിരുന്നു ആദ്യം അയക്കപ്പെട്ടത്; യേശുവാണ് പിതാവിന്റെ "വിശ്വസ്തസാക്ഷി" (വെളി 1:5 കാണുക). അതുപോലെ, ഓരോ ക്രിസ്ത്യാനിയും ക്രിസ്തുവിന്റെ പ്രേഷിതനും സാക്ഷിയും ആകാൻ വിളിക്കപ്പെട്ടിരിക്കുന്നു. ക്രിസ്തുവിന്റെ ശിഷ്യരുടെ സമൂഹമായ സഭയ്ക്ക് ലോകംമുഴുവനും സുവിശേഷം എത്തിച്ചുകൊണ്ട് ക്രിസ്തുവിനു സാക്ഷ്യംവഹിക്കുക എന്നതിലുപരി മറ്റൊരു ദൗത്യമില്ല. സഭയുടെ സ്വത്വംതന്നെ സുവിശേഷപ്രഘോഷണം എന്നതാണ്.

"നിങ്ങൾ എന്റെ സാക്ഷികളായിരിക്കും" എന്ന വചനത്തിന്റെ അൽപം ആഴത്തിലുള്ള വിചിന്തനം ക്രിസ്തുവിന്റെ അനുയായി കൾക്ക് എല്പിച്ചുകൊടുത്തിരിക്കുന്ന ദൗത്യത്തിന്റെ കാലികമായ ചില അം ങ്ങളിലേക്കു പ്രവേശിക്കാൻ നമ്മെ സഹായിക്കും. ഇതിലെ ബഹുവചനരൂപത്തിലുള്ള ക്രിയാപദം ശിഷ്യരുടെ പ്രേഷിതദൗത്യ ത്തിന്റെ സാമൂഹ്യവും സഭാപരവുമായ ലക്ഷണത്തിനു ഊന്നൽ നൽകുന്നു. സഭയിലും സഭയുടെ നിർദേശത്താലും, ജ്ഞാനസ്നാനം സ്വീകരിച്ച ഓരോ ആളും പ്രേഷിതദൗത്യത്തിനായി വിളിക്കപ്പെട്ടിരി ക്കുന്നു. ആകയാൽ, എല്ലാവരും ഒരുമിച്ചാണ് പ്രേഷിതദൗത്യം നിർവഹിക്കുന്നത്; ഓരോരുത്തരും താന്താങ്ങളുടെ രീതിയിലല്ല; അത് സഭാസമൂഹവുമായുള്ള കൂട്ടയ്മയിലാണ് ചെയ്യുന്നത്; ഒരു വ്യക്തി യുടെ സ്വന്തം

താത്പര്യത്താലല്ല. ചില പ്രത്യേക സാഹചര്യത്തിൽ ഒരു വ്യക്തി സ്വന്തം താത്പര്യത്തിന്റെ അടിസ്ഥാനത്തിൽ വ്യക്തി പരമായി ഈ ദൗത്യം ചെയ്യുമ്പോൾത്തന്നെയും, അയാൾ എപ്പോഴും സഭയുമായുള്ള കൂട്ടായ്മയിൽ ആയിരിക്കണം അത് ചെയ്യേണ്ടത്. കാരണം, സഭയാണ് അയാളെ അത് ഭരമേല്പിച്ചത്. എനിക്ക് ഏറ്റവും പ്രിയപ്പെട്ടതായ "സുവിശേഷപ്രഘോഷണം" (Evangelii Nuntiandi) എന്ന അപ്പസ്തോലിക പ്രബോധനത്തിൽ വിശുദ്ധ പോൾ ആറാമൻ ഇപ്രകാരം പഠിപ്പിച്ചു: "സുവിശേഷ പ്രഘോഷണം എന്നത് വ്യക്തി പരവും ഒറ്റപ്പെട്ടതുമായ ഒരു പ്രവൃത്തിയല്ല; അത് അതീവ സഭാത്മക മാണ്. ഏറെ അജ്ഞാതനായ ഒരു സുവിശേഷപ്രഘോഷകൻ, അത് ഒരു ഉപദേശിയോ അജപാലകനോ ആയിക്കൊള്ളട്ടെ, ഒരു വിദൂരദേ ശത്ത് സുവിശേഷം പ്രഘോഷിക്കുമ്പോൾ, അങ്ങനെ തന്റെ ചെറിയ സമൂഹത്തെ ഒരുമിച്ചുകൂട്ടുമ്പോൾ, ഒരു കൂദാശ നല്കുമ്പോൾ, അയാൾ ഒറ്റയ്ക്കാണെങ്കിലും, ഒരു സഭാത്മക പ്രവൃത്തിയാണ് ചെയ്യു ന്നത്; അയാളുടെ പ്രവൃത്തി, സ്ഥാപനസം ബന്ധമായ ബന്ധത്താൽ സഭമുഴുവന്റെയും സുവിശേഷപ്രഘോഷണ പ്രക്രിയയുമായി നിശ്ചയ മായും ബന്ധപ്പെട്ടിരിക്കുന്നു. എന്നുമാത്രമല്ല, കൃപാവരത്തിന്റെ ക്രമം വഴിയായി അദൃശ്യമാംവിധം സഭയുമായി ആഴത്തിൽ ബന്ധപ്പെട്ടി രിക്കുന്നു. അതായത്, തനിക്കുമാത്രം ലഭിച്ചിരിക്കുന്ന ഒരു ദൗത്യ ത്താലോ വ്യക്തിപരമായ ഒരു പ്രചോദനത്താലോ അല്ല അയാൾ പ്രവർത്തിക്കുന്നത്" (ഖ. 60). കർത്താവായ യേശു രണ്ടു പേരെവീതം പ്രേഷിതദൗത്യവുമായി പറഞ്ഞയച്ചത് അവിചാരിത മായിട്ടായിരു ന്നില്ല; ക്രിസ്ത്യാനികൾ ക്രിസ്തുവിനു സാക്ഷ്യം വഹിക്കുന്നത് മുഖ്യമായും സാമൂഹ്യമായ വിധത്തിലാണ്. ആകയാൽ, പ്രേഷിത ദൗത്യം നിർവഹിക്കുന്നതിൽ ഒരു സഭാസമൂഹത്തിന്റെ സാന്നിദ്ധ്യം, അതിന്റെ അംഗസംഖ്യ എത്ര വലുതായാലും ചെറുതായാലും, അടിസ്ഥാനപ്രാധാന്യം അർഹിക്കുന്നതാണ്.

അതിലുപരി, ശിഷ്യർ തങ്ങളുടെ വ്യക്തിപരമായ ജീവിതം ഒരു പ്രേഷിതദൗത്യചൈതന്യത്തിൽ ജീവിക്കാൻ ആഹ്വാനം ചെയ്യപ്പെ ടുന്നു. യേശു അവരെ ലോകത്തിലേക്കു അയക്കുന്നത് ഒരു പ്രവൃത്തി നിർവഹിക്കാനല്ല, പ്രത്യുത തങ്ങളെ ഭരമേൽപ്പിച്ച ദൗത്യം ജീവിക്കാ നത്രേ; അവർ സാക്ഷ്യം നല്കാനല്ല, സാക്ഷികളാകാനാണ് വിളിക്ക പ്പെട്ടിരിക്കുന്നത്. പൗലോസ് അപ്പോസ്തലന്റെ ഹൃദയസ്പർശിയായ വാക്കുകളിൽ, "യേശുവിന്റെ ജീവൻ ഞങ്ങളുടെ ശരീരത്തിൽ പ്രത്യ ക്ഷമാകുന്നതിന് അവിടുത്തെ മരണം ഞങ്ങൾ എല്ലായ്പ്പോഴും ശരീര ത്തിൽ സംവഹിക്കുന്നു" (2 കോറി 4:10). പ്രേഷിതദൗത്യത്തിന്റെ അന്ത:സത്ത ക്രിസ്തുവിനു സാക്ഷ്യംവഹിക്കുക എന്നതാണ്. അതാ യത്, പിതാവിനോടും മാനവരാശിയോടുമുള്ള സ്നേഹത്തിന്റെ അടിസ്ഥാനത്തിലുള്ള അവിടുത്തെ പീഡാനുഭവത്തിനും, മരണ ത്തിനും, ഉയിർപ്പിനുമുള്ള സാക്ഷ്യം.

തങ്ങളെപ്പോലെ കർത്താവിന്റെ ഉയിർപ്പിനു സാക്ഷ്യംനല്കാൻ കഴിയുന്ന ഒരാൾതന്നെ യൂദാസിനു പകരമായി വരണമെന്നു (അപ്പ 1:21 കാണുക) അപ്പോസ്തലന്മാർ നിർബന്ധിച്ചത് അവിചാരിതമായി ട്ടായിരുന്നില്ല. മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിനാണ് നാം സാക്ഷ്യം നല്കേണ്ടത്; അവിടുത്തെ ജീവനിലാണ് നാം പങ്കുചേരേണ്ടതും. തങ്ങളെത്തന്നെ പകർന്നുകൊടുക്കാനോ, തങ്ങളുടെ അനുനയനശക്തിയും ഭരണ നിർവഹണ കഴിവുകളും പ്രദർശിപ്പിക്കാനോ അല്ല ക്രിസ്തുവിന്റെ പ്രേഷിതർ അയക്കപ്പെടുന്നത്. വാക്കിലും പ്രവൃത്തിയിലും ക്രിസ്തുവിനെ അവതരിപ്പിക്കുക എന്നതാണ് അവരുടെ ഉന്നത ബഹുമതി. അതായത്, ആദ്യ അപ്പോസ്തലന്മാർ ചെയ്തതുപോല ആനന്ദത്തോടും ധൈര്യത്തോടും എല്ലാവ രോടും അവിടത്തെ രക്ഷയുടെ സദ്വാർത്ത പ്രഘോഷിക്കുക എന്നത്.

ആത്യന്തികമായി യഥാർത്ഥസാക്ഷ്യം എന്നു പറയുന്നത് ''രക്ത സാക്ഷിത്വമാണ്.” അതായത്, ക്രിസ്തുവിനുവേണ്ടി അവന്റെ യോ അവളുടെയോ ജീവൻ നല്കുക എന്നത്; അവിടന്ന് സ്വന്തം ജീവൻ നമുക്കുവേണ്ടി ദാനമായി നല്കിയതിനു പകരമായി നമ്മുടെ ജീവൻ നല്കുക എന്നത്. “യേശുവിൽ നിന്നു നമുക്കു ലഭിച്ച സ്നേഹമാണ് സുവിശേഷപ്രഘോഷണത്തിന്റെ പ്രഥമ കാരണം; നമുക്കു ലഭിച്ച രക്ഷയുടെ അനുഭവം അവിടത്തെ കൂടുതൽ സ്നേഹിക്കാൻ നമ്മെ പ്രചോദിപ്പിക്കുന്നു” (സുവിശേഷത്തിന്റെ സന്തോഷം, ഖ. 264).

ക്രൈസ്തവ സാക്ഷ്യത്തെക്കുറിച്ച് പറയുമ്പോൾ വിശുദ്ധ പോൾ ആറാമന്റെ നിരീക്ഷണം എക്കാലത്തും സാധുവായി നില്ക്കുന്നു: “ആധുനിക മനുഷ്യർ അധ്യാപകർക്കുപരി സാക്ഷികളെയാണ് കേൾക്കാനിഷ്ടപ്പെടുന്നത്; അവർ അധ്യാപകരെ കേൾക്കുന്നെങ്കിൽ അവർ സാക്ഷികളായിതിനാലാണ്' (സുവിശേഷപ്രഘോഷണം, ഖ. 41). അക്കാരണത്താൽ ആധികാരികതയുള്ള ഒരു ക്രിസ്തീയ ജീവിത സാക്ഷ്യം വിശ്വാസകൈമാറ്റത്തിനു അടിസ്ഥാനപരമായി നില്ക്കുന്ന ഒന്നാണ്. അതേസമയം, ക്രിസ്തുവിന്റെ വ്യക്തിത്വത്തെയും സന്ദേശ ത്തെയും പ്രഘോഷിക്കുക എന്നതും തുല്ല്യപ്രാധാന്യം അർഹിക്കുന്നു. പോൾ ആറാമൻ തുടർന്നു പറയുന്നു: “പ്രഘോഷണം, വചനത്തിലധിഷ്ഠിതമായ സന്ദേശത്തിന്റെ പ്രഖ്യാപനം, എപ്പോഴും അനിവാര്യമാണ്... വചനം എപ്പോഴും പ്രസക്തമായി നില്ക്കുന്നു, എന്തെന്നാൽ അത് ദൈവികശക്തി സംവഹിക്കുന്നു. അതിനാലാണ്, 'വിശ്വാസം കേൾക്കപ്പെടുന്നതിലൂടെയാണ്' (റോമ 10:17) വരുന്നതെന്ന് വിശുദ്ധ പൗലോസിന്റെ തത്വത്തിനു പ്രസക്തിയുള്ളത്: കേൾക്കപ്പെടുന്ന വചനമാണ് വിശ്വാസത്തിലേക്കു നയിക്കുന്നത്'' (സുവിശേപ്രഘോ ഷണം, ഖ. 42).

ആകയാൽ, സുവിശേഷവൽക്കരണത്തിൽ, ക്രിസ്തീയ ജീവിത മാതൃകയും ക്രിസ്തുവിനെക്കുറിച്ചുള്ള പ്രഘോഷണവും അവിഭാജ്യ ഘടകങ്ങളാണ്. ഒന്ന് മറ്റൊന്നിന് ഉപകരിക്കുന്നു. പ്രേഷിത ഭാവമുള്ള തായിരിക്കുന്ന ഒരു സമൂഹം

ഈ രണ്ടു ശ്വാസകോശങ്ങളി ലൂടെയാണ് ശ്വസിക്കേണ്ടത്. മൂന്നാം സഹസ്രാബ്ദത്തിൽ സഭയുടെ വളർച്ചയ്ക്കു കാരണമാകുന്ന ശക്തി ക്രിസ്തുവിനു നൽകുന്ന പൂർണവും പൊരു ത്തമുള്ളതും സന്തോഷകരവുമായ സാക്ഷ്യമായിരിക്കും. ജീവിത ത്തിന്റെ എല്ലാ തുറകളിലും þ വാക്കിലും പ്രവൃത്തിയിലും þ ക്രിസ്തുവിനു സാക്ഷ്യം നല്കാനായി എല്ലാവരും ആദിമ ക്രൈസ്ത വരുടെ സ്ഥൈര്യവും തുറവും ധൈര്യവും (*parrhesia*) ആർജ്ജിക്കാൻ എല്ലാവരെയും ഞാൻ ആഹ്വാനം ചെയ്യുന്നു.

2. "ഭൂമിയുടെ അതിർത്തിയോളം"– സാർവത്രിക സുവിശേഷവൽകരണ ദൗത്യ ത്തിന്റെ ശാശ്വത പ്രസക്തി

"ജറുസലേമിലും യൂദയാമുഴുവനിലും സമരിയായിലും ഭൂമിയുടെ അതിർത്തി യോളവും" (അപ്പ 1:8) അവർ തനിക്കു സാക്ഷികളായി അയക്കപ്പെടുന്നു എന്നാണ് ഉത്ഥിതനായ നാഥൻ തന്റെ ശിഷ്യരോട് പറയുന്നത്. ശിഷ്യരുടെ ദൗത്യത്തിന്റെ സാർവ്വത്രിക ഭാവമാണ് നാം ഇവിടെ വ്യക്തമായി കാണുന്നത്. "കേന്ദ്രപരാങ്മു ഖമായ" (centrifugal) ഒരു ഭൂമിശാസ്ത്രപര വികാസവും നാം കാണുന്നു; ഏക കേന്ദ്രഭാവമുള്ള വൃത്തപരിധി എന്ന വിധത്തിലാണ് ഈ ദൗത്യം വിഭാവനം ചെയ്യപ്പെടുന്നത്. അതായത്, യഹൂദപാരമ്പര്യം ലോകത്തിന്റെ കേന്ദ്രമെന്നു കരു തിയിരുന്ന ജറുസലേമിൽതുടങ്ങി, ചുറ്റുമുള്ള യൂദയായിലേക്ക് നീങ്ങി, തുടർന്നു സമരിയായിലേക്കും അങ്ങനെ "ഭൂമിയുടെ അതിർത്തിയോളം." സത്യത്തിൽ, മതപരിവർത്തനം ചെയ്യാനല്ല ശിഷ്യർ അയക്കപ്പെടുന്നത്, പ്രത്യുത പ്രഘോഷി ക്കാനാണ്; ക്രൈസ്തവർ മതപരിവർത്തനം നടത്തുന്നില്ല. ഈ തരത്തിലുള്ള പ്രേഷിതവികാസത്തെക്കുറിച്ച് അപ്പസ്തോലപ്രവർത്തനങ്ങൾ പറയുന്നു. തന്റെ സവിശേഷമായ സാഹചര്യങ്ങളിൽ ദൈവിക പരിപാലനയാൽ നിയന്ത്രിക്കപ്പെ ട്ട്, കർത്താവായ ക്രിസ്തുവിനു സാക്ഷ്യംവഹിക്കുക എന്ന തന്റെ വിളിയോട് വിശ്വസ്തതപുലർത്തിക്കൊണ്ട് മുന്നിട്ടിറങ്ങുന്ന സഭയുടെ ശ്രദ്ധേയമായ ചിത്രം അപ്പസ്തോലപ്രവർത്തനങ്ങൾ അവതരിപ്പിക്കുന്നു. ജറുസലേമിൽ പീഡിപ്പിക്ക പ്പെട്ടതിനാൽ യുദയാ മുഴുവനിലും സമരിയയിലും ചിതറിക്കപ്പട്ട ആദിമ ക്രൈസ്ത വർ എല്ലായിടത്തും യേശുവിന് സാക്ഷ്യം നല്കി (അപ്പ 8: 1, 4 കാണുക).

അതിനു സമാനമായത് നമ്മുടെ ഈ നാളുകളിലും നടക്കുന്നു. മതപീഡന ത്താലും യുദ്ധത്തിന്റെയും അക്രമത്തിന്റെയും കാരണങ്ങളാലും ഒരുപാട് ക്രൈസ്തവർ ഞങ്ങളുടെ സ്വന്തംനാടുകളിൽനിന്നു അന്യരാജ്യങ്ങളിലേക്കു പലാ യനം ചെയ്യാൻ നിർബന്ധിതരാകുന്നു. എന്നാൽ, തങ്ങളുടെ സഹനത്തിന്റേതായ തടവറകളിൽ സ്വയംഅടയ്ക്കപ്പെടാതെ തങ്ങളെ സ്വീകരിക്കുന്ന രാജ്യങ്ങളിൽ ക്രിസ്തുവിനും ദൈവസ്നേഹത്തിനും സാക്ഷ്യം വഹിക്കുന്ന ഈ സഹോദരീ സഹോദരന്മാരോട് നാം കൃതജ്ഞതാഭരിതരാണ്. ആകയാൽ, "തങ്ങളെ സ്വീക രിക്കുന്ന രാജ്യങ്ങളിൽ കുടിയേറ്റക്കാർ ചെയ്യേണ്ട ഈ ഉത്തരവാദിത്വം" ഏറ്റെടു ക്കാൻ വിശുദ്ധ പോൾ ആറാമൻ അവരെ പ്രോത്സാഹിപ്പിക്കുകയുണ്ടായി (സു

വിശേഷപ്രഘോഷണം ൾ. 21). വിവിധ രാഷ്ട്രങ്ങളിൽനിന്നുള്ള വിശ്വാസികളുടെ സാന്നിദ്ധ്യം എപ്രകാരം ഇടവകകളുടെ മുഖകാന്തി വർദ്ധിപ്പിക്കുന്നതും അവയെ കൂടുതൽ സാർവത്രികവും കൂടുതൽ കാതോലികവും ആക്കിതീർക്കുന്നതുമായ യഥാർത്ഥ്യം നാം വർദ്ധിതമാംവിധം കണ്ടുവരുന്നു. ആയതിനാൽ, കുടിയേറ്റക്കാരുടെ അജപാലനം വളരെ പ്രധാനപ്പെട്ട ഒരു പ്രേഷിതപ്രവർത്തനമായി വിലമതിക്കപ്പെടേണ്ടതാണ്; അത് തദ്ദേശ വിശ്വാസികളെ തങ്ങൾ സ്വീകരിച്ച ക്രിസ്തീയ വിശ്വാസത്തിന്റെ സന്തോഷം വീണ്ടും കണ്ടെത്താൻ സഹായിക്കുന്നതുമായി ഭവിക്കും.

"ഭൂമിയുടെ അതിർത്തിയോളം" എന്ന പ്രയോഗം എക്കാലത്തുമുള്ള യേശു ശിഷ്യരെ വെല്ലുവിളിക്കുകയും അവരെ അവിട ത്തേക്കു സാക്ഷ്യംനല്കാൻ തങ്ങൾക്കു പരിചിതമായ സ്ഥലങ്ങളിൽനിന്നു പുറത്തേക്കു പോകാൻ പ്രേരിപ്പിക്കുകയും ചെയ്യണം. ആധുനിക യാത്രാസൗകര്യങ്ങൾ വളരെ വിപുലമായുണ്ടെങ്കിലും ഭൂമിയുടെ പലയിടങ്ങളിലും ക്രിസ്തുവിന്റെ സ്നേഹത്തെക്കുറിച്ചുള്ള സദ്വാർത്തയുടെ പ്രേഷിതസാക്ഷ്യം നടന്നിട്ടില്ല എന്ന യഥാർത്ഥ്യം ശിഷ്യരുടെ പ്രേഷിത ദൗതൃത്തിന്റെ ഭാഗമല്ലാതാകുന്നില്ല. ക്രിസ്തുവിന്റെ സഭ ഭൂമിശാസ്ത്രപരവും, സാമൂഹ്യവും, അസ്തിത്വാത്മകവുമായുള്ള പുതിയ ചക്രവാളങ്ങളിലേക്കും പാർശവൽക്കരിക്കപ്പെട്ട സ്ഥലങ്ങളിലേക്കും മാനുഷീക സാഹചര്യങ്ങളിലേക്കും ഇനിയും "ഇറങ്ങിച്ചെല്ലുന്നത്" തുടരും. അത് എല്ലാ ജനതകളിലെയും സംസ്ക്കാരങ്ങളിലെയും സാമൂഹ്യക്രമങ്ങളിലെയും സ്ത്രീപുരുഷന്മാർക്ക് ക്രിസ്തുവിനെയും അവിടത്തെ സ്നേഹത്തെയും കുറിച്ചുള്ള സാക്ഷ്യം നല്കാനാണ്. ഈ അർഥത്തിൽ, രണ്ടാം വത്തിക്കാൻ കൗൺസിൽ പഠിപ്പിച്ചതുപോലെ പ്രേഷിതദൗത്യം എപ്പോഴും ജനതകളോടുള്ള ദൗത്യമാണ് (*missio ad gentes*). ക്രിസ്തുവിന്റെ സ്നേഹത്തിനു സാക്ഷ്യം നല്കാൻ സഭ തന്റെ പരിധികൾക്കപ്പുറം നിരന്തരം മുന്നോട്ട് ശ്രമിച്ചുകൊണ്ടിരിക്കണം. തങ്ങൾ കണ്ടുമുട്ടിയ എല്ലാ സഹോദരിസഹോദരന്മാർക്കും മുമ്പിൽ ക്രിസ്തു സ്നേഹം അവതരിപ്പിക്കാനായി മുന്നോട്ട് ശ്രമിച്ചുകൊണ്ട് തങ്ങളുടെ ജീവിതം സമർപ്പിച്ച അനവധി പ്രേഷിതരെ അനുസ്മരിക്കാനും അവരെപ്രതി കൃതജ്ഞത അർപ്പിക്കാനും ഞാൻ ഈ അവസരം ഉപയോഗപ്പെടു ത്തുന്നു.

3. പരിശുദ്ധാത്മാവിൽനിന്ന്, "നിങ്ങൾക്കു ശക്തി ലഭിക്കും." - നമുക്കു എപ്പോഴും ആത്മാവിനാൽ ശക്തി പ്രാപിക്കുകയും നയിക്കപ്പെടുകയും ചെയ്യാം.

ഉയിർത്തെഴുന്നേറ്റ ക്രിസ്തു ശിഷ്യരെ തന്റെ സാക്ഷികളായി നിയോഗിച്ചപ്പോൾ, ഈ വലിയ ഉത്തരവാദിത്വം നിറവേറ്റാനുള്ള കൃപാവരം അവർക്കു വാഗ്ദാനം ചെയ്തു: "പരിശുദ്ധാത്മാവിൽനിന്ന് നിങ്ങളുടെമേൽ വരുന്ന ശക്തി നിങ്ങൾ സ്വീകരിക്കും; നിങ്ങൾ എന്റെ സാക്ഷികളായിരിക്കും" (അപ്പ 1:8). അപ്പസ്തോലപ്രവർത്തനത്തിന്റെ വിവരണമനുസരിച്ച്, ശിഷ്യരുടെമേൽ പരിശുദ്ധാത്മാവ് ഇറങ്ങിവന്ന തിനുശേഷം തന്നെയാണ് ക്രൂശിതനും

ഉത്ഥിതനുമായ ക്രിസ്തു വിനെക്കുറിച്ചുള്ള ആദ്യസാക്ഷ്യം നടന്നത്. ജറുസലേം നിവാസികളുടെ മുമ്പിൽ വിശുദ്ധ പത്രോസ് നടത്തിയ ആദ്യത്തെ പ്രേഷിത പ്രസംഗം, അഥവാ സുവിശേഷ സന്ദേശപ്രഘോഷണം, ലോകത്തെ സുവിശേഷവൽക്കരിച്ചുകൊണ്ട് തന്നെ പിന്തുടർന്നുവന്ന എല്ലാ ശിഷ്യരുടെയും പ്രവർത്തനത്തിന്റെ ഉദ്ഘാടനമായിരുന്നു. മുമ്പ് ബലഹീനരും ഭയചകിതരും തങ്ങളിൽത്തന്നെ ഒതുങ്ങിയിരുന്നവരുമായ അവർക്ക് എല്ലാവരുടെയുംമുമ്പിൽ ക്രിസ്തുവിനു സാക്ഷ്യം നല്കാനുള്ള ശക്തിയും ധൈര്യവും ജ്ഞാനവും പരിശുദ്ധാത്മാവ് നല്കി.

"യേശു കർത്താവാണ്" എന്നു പരിശുദ്ധാത്മാവിലല്ലാതെ ആർക്കും പറയുക സാധ്യമല്ലാത്തതു"(1 കൊറി 12:3) പോലെ, പരിശുദ്ധാത്മാവിന്റെ പ്രചോദനവും സഹായം കൂടാതെ ക്രിസ്തുവിനു പൂർണവും ആധികാരികവുമായ വിധത്തിൽ സാക്ഷ്യംവഹിക്കാൻ ഒരു ക്രിസ്ത്യാനിക്കും സാധിക്കില്ല. പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തിന്റെ പ്രാധാന്യം ക്രിസ്തുവിന്റെ എല്ലാ പ്രേഷിതശിഷ്യരും തിരിച്ചറിയേണ്ടതുണ്ട്. അവർ ആത്മാവിന്റെ സവിധേ എല്ലാ ദിവസവും നില്ക്കുകയും അവിടത്തെ നിരന്തര ശക്തിയും മാർഗനിർദ്ദേശവും സ്വീകരിക്കുകയും ചെയ്യേണ്ടതാണ്. നമ്മൾ ക്ഷീണിതരും നിരുത്സാഹികളും ആശയകുഴപ്പത്തിലായവരും ആകുമ്പോഴാണ് പ്രാർത്ഥനയിലൂടെ ആത്മാവിനെ സ്വീകരിക്കേണ്ടത്. പ്രേഷിതപ്രവർത്തന ജീവിതശൈലിയിൽ പ്രാർത്ഥനയ്ക്ക് അടിസ്ഥാനപരമായ ഒരു ഭാഗമുണ്ട് എന്ന കാര്യം ഞാൻ ഊന്നിപ്പറയട്ടെ. കാരണം, അത് നമ്മെ ഉന്മേഷഭരിതരും ആത്മാവിൽ ബലപ്പെട്ടവരും ആക്കിത്തീർക്കും; എന്തെന്നാൽ, ക്രിസ്തുവിന്റെ ജീവിതം മറ്റുള്ളവരുമായി പങ്കുവയ്ക്കുന്നതിലുള്ള നവീകൃത ചൈതന്യത്തിന്റെയും സന്തോഷത്തിന്റെയും അക്ഷയമായ ദൈവിക സ്രോതസ്സാണ് പരിശുദ്ധാത്മാവ്. "ആത്മാവിന്റെ സന്തോഷം സ്വീകരിക്കുക എന്നത് കൃപാവരമാണ്. മാത്രമല്ല, സുവിശേഷം പ്രസംഗിക്കാനും, കർത്താവിലുള്ള വിശ്വാസം ഏറ്റുപറയാനും നമ്മെ പ്രാപ്തരാക്കുന്ന ഏകശക്തി അതാണ്" (പൊന്തിഫിക്കൽ മിഷൻ സൊസൈറ്റികൾക്കുള്ള സന്ദേശം, മേയ് 21, 2020). ആകയാൽ, ആത്മാവാണ് പ്രേഷിതപ്രവർത്തനത്തിലെ മുഖ്യകഥാപാത്രം. ആത്മാവാണ് ശരിയായ രീതിയിൽ, ശരിയായ സമയത്ത് ശരിയായ വാക്ക് നല്കുന്നത്.

ആത്മാവിന്റെ ഈ പ്രവർത്തനത്തിന്റെ പശ്ചാത്തലത്തിലാണ് 2022-ൽ ആഘോഷിക്കപ്പെടേണ്ട മിഷനറി വാർഷികങ്ങളെകുറിച്ച് പര്യാലോചിക്കേണ്ടത്. പുതിയ ഭൂപ്രദേശങ്ങളിൽ പ്രേഷിതദൗത്യം നിറവേറ്റേണ്ടതിന്റെ താത്പര്യത്തിന്റെ അടിസ്ഥാനത്തിലാണ് 1622-ൽ "'sZ s{] m¿ Km´ ^ ¢Zb v" (*De Propaganda Fidei*) എന്ന തിരുസംഘം സ്ഥാപിച്ചത്. അത് പരിപാലനയുടെതായ ഒരു ദീർഘ ദൃഷ്ടി ആയിരുന്നു! ഭൗതിക അധികാരികളുടെ ഇടപെടൽകൂടാതെ തീർത്തും സ്വതന്ത്രമായ രീതിയിൽ സഭയുടെ സുവിശേഷവൽക്കരണദൗത്യം നിറവേറ്റുന്നതിൽ അത് നിർണായകമായി ഭവിച്ചു; ഇന്ന് വളരെയേറെ ഓജസ്സ്

പ്രകാശിപ്പിക്കുന്ന പ്രാദേശിക സഭകൾ സ്ഥാപിക്കപ്പെടാൻ അത് കാരണമായി. കഴിഞ്ഞ നാല് നൂറ്റാണ്ടുകളിൽ എന്നപോലെ, ഈ തിരുസംഘം സഭയുടെ പ്രേഷിതപ്രവർത്തനങ്ങളെ കൂട്ടിയിണക്കുകയും സംഘടിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന പ്രവൃത്തി തുടരുകയും തീക്ഷ്ണതരമാക്കുകയും ചെയ്യുമെന്നാണ് നാം പ്രത്യാശിക്കുന്നത്.

സാർവത്രിക സഭയെ നയിക്കുന്ന അതേ ആത്മാവ് തന്നെയാണ് സാധാരണ സ്ത്രീപുരുഷന്മാരെ അസാധാരണമായ പ്രേഷിത ദൗത്യത്തിനായി പ്രേചോദിപ്പിക്കുന്നത്. അങ്ങനെയാണ് പൗളിൻ യാരിക്കോട്ട് എന്ന ഫ്രഞ്ച് യുവതി കൃത്യം ഇരുന്നൂറു വർഷംമുമ്പ് "വിശ്വാസപ്രചാരണത്തിനായുള്ള സംഘം" (The Society for the Propagation of the Faith) സ്ഥാപിച്ചത്. അവൾ ഈ ജൂബിലി വർഷത്തിൽ വാഴ്ത്തപ്പെട്ടവൾ എന്നു വിളിക്കപ്പെടും. അവളുടെ ആരോഗ്യം പരിമിതമായിരുന്നെങ്കിലും, വിശ്വാസികൾക്ക് "ഭൂമിയുടെ അതിർത്തി യോളമുള്ള" പ്രേഷിത പ്രവർത്തനത്തിൽ സജീവമായി പങ്കുചേരാൻ തക്കവിധം, പ്രാർത്ഥനയുടെ ഒരു ശൃംഖലയും പ്രേഷിതർക്കുവേണ്ടി സഹായം സ്വരൂപിക്കാൻ ഒരു സംഘടനയും സ്ഥാപിക്കാനുള്ള ദൈവിക പ്രചോദനം അവൾക്കു ലഭിച്ചു. അവളുടെ ഈ അത്യുജ്ജ്വല ആശയമാണ് എല്ലാവർഷവും ലോക പ്രേഷിതദിനം ആചരിക്കാൻ ഇടയാക്കിയത്; അതുവഴിയായി പ്രാദേശിക സമൂഹങ്ങളിൽനിന്നു ലഭിക്കുന്ന ധനം സാർവത്രിക സഭയുടെ മൂലധനത്തിലേക്കു ചേർക്കപ്പെടുകയും പ്രേഷിത പ്രവർത്തനങ്ങളെ സഹായിക്കാനായി പാപ്പാ ഉപയോഗപ്പെടുത്തുകയും ചെയ്യുന്നു.

ഇത്തരുണത്തിൽ ഞാൻ ചാൾസ് ദെ ഫോർസിൽ-യാൻസൺ എന്ന ഫ്രഞ്ച് മെത്രാനെയും അനുസ്മരിക്കുന്നു. കുട്ടികളുടെ ഇടയിൽ പ്രേഷിതചൈതന്യം വളർത്തുക എന്ന ലക്ഷ്യത്തോടെ അദ്ദേഹം "തിരുബാലസഖ്യം" (Association of the Holy Childhood) സ്ഥാപിക്കുകയുണ്ടായി. അതിന്റെ ആപ്തവാക്യം ഇപ്രകാരമാണ്: "കുട്ടികൾ കുട്ടികളെ സുവിശേഷവൽക്കരിക്കുന്നു, കുട്ടികൾ കുട്ടികൾക്കുവേണ്ടി പ്രാർഥിക്കുന്നു, കുട്ടികൾ ലോകം മുഴുവനുമുള്ള കുട്ടികളെ സഹായിക്കുന്നു." മിഷൻ പ്രദേശങ്ങളിലുള്ള വൈദികവിദ്യാർത്ഥികളെയും വൈദികരെയും സഹായിക്കുക എന്ന ലക്ഷ്യത്തോടെ "വിശുദ്ധ പത്രോസ് അപ്പോസ്തലന്റെ സംഘം" (Society of Saint Peter the Apostle) സ്ഥാപിച്ച ജീൻ ബിഗാർഡിനെയും ഞാൻ ഓർക്കുന്നു. ഈ മൂന്നു മിഷൻ സംഘങ്ങളും "പൊന്തിഫിക്കൽ" ആയി നൂറുവർഷംമുമ്പ് ഉയർത്തപ്പെട്ടു. പരിശുദ്ധാത്മാവിന്റെ പ്രചോദനത്താലും സഹായത്താലുമാണ് 150 വർഷംമുമ്പ് ജനിച്ച വാഴ്ത്തപ്പെട്ട പൗളോ മന്നാ ഇന്നത്തെ "പൊന്തിഫിക്കൽ മിഷൻ യൂണിയൻ" (Pontifical Mission Union) സ്ഥാപിച്ചത്; അത് വൈദികരുടെയും സന്യാസിനീസന്യാസികളുടെയും ദൈവജനംമുഴുവന്റെയും ഇടയിൽ പ്രേഷിത അവബോധവും ചൈതന്യവും ജനിപ്പിക്കാൻ വേണ്ടിയായിരുന്നു. വിശുദ്ധ പോൾ ആറാമൻതന്നെയും ഈ സംഘത്തിന്റെ അംഗമായിരുന്നു; അദ്ദേഹം അതിനു

പേപ്പൽ അംഗീകാരം ഉറപ്പുവരുത്തുകയും ചെയ്തു. ഈ നാല് പൊന്തിഫിക്കൽ മിഷൻ സംഘങ്ങളെക്കുറിച്ച് സംസാരിക്കുന്നത് അവയുടെ ചരിത്രപരമായ വലിയ ഗുണമേന്മ പരിഗണിച്ചാണ്. അവർ സാർവത്രിക സഭയിലും പ്രാദേശിക സഭകളിലും സുവിശേഷവൽക്കര ണദൗത്യത്തിനു ഉപകരിക്കുന്ന രീതിയിൽ ചെയ്തുവരുന്ന പ്രവൃത്തിക ളെ ഓർത്തുകൊണ്ട് അവരോടൊപ്പം ആഹ്ലാദിക്കാൻ, ഈ പ്രത്യേക വർഷത്തിൽ, ഞാൻ നിങ്ങളെ ആഹ്വാനം ചെയ്യുന്നു. ദൈവജന ത്തിന്റെ ഇടയിൽ പ്രേഷിതചൈതന്യം വളർത്തുന്നതിനുള്ള മാർഗം ഈ സംഘങ്ങളിലൂടെ പ്രാദേശിക സഭകൾ കണ്ടെത്തുമെന്നാണ് ഞാൻ പ്രത്യാശിക്കുന്നത്.

പ്രിയ സഹോദരീസഹോദരന്മാരേ, സമ്പൂർണമായും പ്രേഷിതയായ ഒരു സഭയെയും ക്രൈസ്തവ സമൂഹങ്ങൾക്കിടയിൽ പ്രേഷിത പ്രവർത്തനത്തിന്റെ ഒരു പുതിയ കാലഘട്ടത്തെയും ഞാൻ സ്വപ്നം കാണുന്നു. പ്രയാണത്തിലായിരുന്ന ദൈവജനത്തെ സംബന്ധിച്ചു മോശയ്ക്കുണ്ടായിരുന്ന വലിയ അഭിലാഷം ഞാൻ ആവർത്തിക്കുന്നു: "കർത്താവിന്റെ ജനം മുഴുവൻ പ്രവാചകർ ആയിരുന്നെങ്കിൽ!" (സംഖ്യ 11:29). ജ്ഞാനസ്നാനംവഴി നാം എന്തായി ഭവിച്ചോ അത് എല്ലാവരും സഭയിൽ യഥാർത്ഥത്തിൽ ആയിത്തീർന്നെങ്കിൽ എന്നു ഞാൻ ആശിക്കുന്നു; അതായത്, ലോകത്തിന്റെ അതിർത്തികളോളം, പരിശുദ്ധാത്മാവിന്റെ ശക്തിയാൽ പ്രവാചകരും സാക്ഷികളും കർത്താവിന്റെ പ്രേഷിതരും.

പ്രേഷിത റാണിയായ മറിയമേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ!

2022 ജനുവരി 6-ാം തിയതി, കർത്താവിന്റെ പ്രത്യക്ഷവൽക്കരണ മഹോത്സവത്തിൽ റോമിലെ ലാറ്ററൻ ദേവാലയത്തിൽവച്ച് നല്കപ്പെട്ടത്.

**ഫ്രാൻസിസ് പാപ്പാ**

*സർക്കുലർ18/2022*

# സ്റ്റാഫ് സെലക്ഷൻ കമ്മീഷൻ കമ്പൈയിൻഡ് ഗ്രാജുവേറ്റ് ലെവൽ എക്സാമിനേഷൻ 2022

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

കേരള PSC വകുപ്പിന് സമാനമായി ഇന്ത്യ ഗവൺമെന്റിന്റെ വിവിധ മന്ത്രാലയങ്ങളിലെയും വകുപ്പുകളിലെയും സബോർഡിനേറ്റ് ഓഫീസുകളിലെയും വിവിധ തസ്തികകളിലേക്ക് ജീവനക്കാരെ റിക്രൂട്ട് ചെയ്യുന്ന ഒരു സ്ഥാപനമാണ് സ്റ്റാഫ് സെലക്ഷൻ കമ്മീഷൻ. നിലവിൽ DOPT (Department of Personnel & Training) യുടെ ഒരു സബോർഡിനേറ്റ് ഓഫീസായി പ്രവർത്തിക്കുന്ന സ്റ്റാഫ് സെലക്ഷൻ കമ്മീഷൻ, വിവിധ തസ്തികകളിലേക്കുള്ള റിക്രൂട്ട്മെന്റിനായി മത്സര പരീക്ഷകൾ നടത്തുന്നതിലാണ് പ്രധാനമായും ഏർപ്പെട്ടിരിക്കുന്നത്. ഇന്ത്യാ ഗവൺമെന്റിന്റെ ഉന്നത മന്ത്രാലയങ്ങൾ, വകുപ്പുകൾ, ഓർഗനൈസേഷനുകൾ എന്നിവയിലെ വിവിധ തസ്തികകളിലേക്ക് ഗ്രൂപ്പ് ബി, സി ഓഫീസർമാരെ റിക്രൂട്ട് ചെയ്യുന്നതിനായി സ്റ്റാഫ് സെലക്ഷൻ കമ്മീഷൻ നടത്തുന്ന ഒരു പരീക്ഷയാണ് കമ്പൈൻഡ് ഗ്രാജ്വേറ്റ് ലെവൽ എക്സാമിനേഷൻ (ചുരുക്കത്തിൽ 'സി.ജി.എൽ. പരീക്ഷ' അല്ലെങ്കിൽ 'സി.ജി.എൽ.ഇ' പരീക്ഷ).

ഏതാണ്ട് 20,000ൽ അധികം ഒഴിവുകളിലേക്ക് നിയമനം നടത്തു ന്നതിന് വേണ്ടിയുള്ള നോട്ടിഫിക്കേഷനാണ് സ്റ്റാഫ് സെലക്ഷൻ കമ്മീഷൻ ഇപ്പോൾ പുറത്തിറക്കിയിരിക്കുന്നത്.

**അപേക്ഷിക്കുന്നതിനുള്ള അടിസ്ഥാന യോഗ്യത :** ഏതെങ്കിലും വിഷയത്തിൽ ഗവണ്മെന്റ് അംഗീകൃത സ്ഥാപനത്തിൽ നിന്ന് നേടിയ ബിരുദം.

**പ്രായപരിധി :** 18 മുതൽ 32 വയസ്സ് വരെ. അപേക്ഷിക്കുന്ന സ്ഥാന ത്തെ ആശ്രയിച്ച് പ്രായപരിധി വ്യത്യാസപ്പെടാം. വിധവകൾ ക്കും, പുനർ വിവാഹം കഴിയാത്ത 35 വയസ്സുവരെയുള്ള സ്ത്രീകൾ ക്കും സിവിലിയൻ എംപ്ലോയീ തസ്തികയിലുള്ള 40 വയസ്സ് വരെ യുള്ള കേന്ദ്ര സർക്കാർ ജീവനക്കാർക്കും അപേക്ഷിക്കാം. വിമുക്ത ഭടന്മാർക്കും വയസിൽ ഇളവ് ഉണ്ട്.

**കേന്ദ്ര മാനദണ്ഡം അനുസരിച്ചുള്ള 10% EWS സംവരണം ഈ പരീക്ഷക്ക് ബാധകമാണ്.**

**അപേക്ഷ സമർപ്പിക്കാനുള്ള അവസാന തിയതി :** 2022 ഒക്ടോബർ 8.

**പരീക്ഷ ഘടന:** പരീക്ഷയ്ക്ക് രണ്ട് തലങ്ങളുണ്ട്, ഒന്നാം ഘട്ട പരീക്ഷ 2022 ഡിസംബർ മാസം നടക്കും. രണ്ടാം ഘട്ട പരീക്ഷയുടെ തിയതി അറിയിച്ചിട്ടില്ല.

**രജിസ്ട്രേഷൻ:** ssc.inc.in എന്ന വെബ് അഡ്രസ് വഴി സ്റ്റാഫ് സെലക്ഷൻ കമ്മീഷൻ വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. എല്ലാ വിവരങ്ങളും രജിസ്ട്രേഷൻ സമയത്തു കൃത്യമായി രേഖപ്പെടു ത്തേണ്ടതാണ്.

നന്നായി തയ്യാർ എടുത്ത് പരിശ്രമിച്ചാൽ സ്വന്തം ഭാവി ശോഭന മാക്കുന്നതോടൊപ്പം, രാഷ്ട്ര സേവനത്തിനും ഇത്തരം ജോലികൾ നമുക്ക് അവസരം നൽകും. മിടുമിടുക്കരായ നമ്മുടെ യുവാക്കളിൽ കുറേ പേർക്ക് എങ്കിലും പിറന്ന മണ്ണിൽ സ്വന്തം കഴിവിന് അനുസരിച്ചുള്ള അംഗീകാരം നേടാനുള്ള ഒരു സുവർണ്ണ അവസരം ആണ് ഇത്. തുടക്കത്തിൽ വിവിധ അസിസ്റ്റന്റ് തസ്തികയിലാണ് നിയമനം എങ്കിലും പ്രൊമോഷൻ വഴി വിവിധ വകുപ്പ് മേധാവി വരെ എത്തിപ്പെടാൻ സാധിക്കും.

സാധ്യമായ എല്ലാവരും ഈ പരീക്ഷയ്ക്ക് തയ്യാറെടുക്കുക. പരീശീലനത്തിന് സഹായിക്കുന്ന ഒരു ഓൺലൈൻ സെമിനാർ രൂപതയുടെ ഹെൽപ് ഡെസ്ക്ക് സംവി ധാനമായ എയ്ഡർ ഫൗണ്ടേഷന്റെ നേതൃത്വ ത്തിൽ നടത്തപ്പെടുന്നതാണ്. പരിശീ ലനം ആവശ്യമുള്ള ഉദ്യോഗാർത്ഥികൾക്ക് രൂപതയുടെ ആൽഫ അക്കാഡമിയുടെ നേതൃത്വത്തിൽ പരിശീല നം നേടാവുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക:

എയ്ഡർ ഫൗണ്ടേഷൻ – www.aiderfoundation.org, Ph: 9446788884

ആൽഫ മരിയ അക്കാഡമി – Ph : 7907028758

ഈശോയിൽ സ്നേഹപൂർവ്വം,



**✠മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**

താമരശ്ശേരി രൂപതയുടെ മെത്രാൻ

# കച്ചേരിക്കാര്യം

## 1. New appointments

Rev. Fathers:

| | | |
|---|---|---|
| Thoomkuzhy Dominic | : | Pastoral Ministry, Ireland |
| Poovathinkal Paul | : | Vicar, Kuttippuam |
| Mundackal Chacko | : | Asst. Director, Alter Servers |

**Regional Directors Alter Servers**

| | | |
|---|---|---|
| Mundackal Chacko | : | Karuvarakundu |
| Mazhuvanchery Abraham | : | Thamarassery |
| Panachickal Alex | : | Vilangadu |
| Pulayamparambil Thomas | : | Koorachundu |
| Panackal Varghese | : | Maruthonkara |
| Purayidathil George | : | Thiruvambady |
| Thuravakal Augustine | : | Kodenchery |
| Machukuzhiyil Augustine | : | Malappuram |
| Pannikkottu Augustine | : | Perinthalmanna |
| Puthenpurackal Joseph | : | Paroppady |
| Kochumuriyil Thomas | : | Thottumukkam |

## 2. അഭിവന്ദ്യ പിതാവിന്റെ നാമഹേതുകത്തിരുനാൾ

ഒക്ടോബർ 1-ാം തീയതി സ്വർഗീയമദ്ധ്യസ്ഥന്റെ തിരുനാൾ ആഘോഷിക്കുന്ന രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവിനു വേണ്ടി നമുക്ക് പ്രാർത്ഥിക്കാം. തന്റെ ശുശ്രൂഷകളിലൂടെ രൂപതയ്ക്കും ദൈവജനത്തിനും പൊതുസമൂഹത്തിനും ഇനിയും നന്മകൾ വർഷിക്കാൻ ആവശ്യമായ ദൈവാനുഗ്രഹം പിതാവിനു ലഭിക്കട്ടെ. നാമഹേതുകത്തിരുനാളിന്റെ മംഗളങ്ങൾ രൂപതാകുടുംബത്തിന്റെ പേരിൽ ആശംസിക്കുന്നു.

## 3. ഒക്ടോബർ 4 പ്രാർത്ഥനാദിനം

കേരളസഭാ നവീകരണത്തിന്റെ ഭാഗമായി സെപ്റ്റംബർ ലക്കം താമരമൊട്ടിൽ സൂചിപ്പിച്ചിരുന്നതുപോലെ ഒക്ടോബർ മാസം 4-ാം തീയതി താമരശ്ശേരി രൂപതയുടെ പ്രാർത്ഥനാദിനമാണ്. അന്നേ ദിവസം രൂപതയിലെ എല്ലാ കുടുംബങ്ങളും, ഇടവകകളും, സ്ഥാപനങ്ങളും, സന്യാസഭവനങ്ങളും രൂപതയ്ക്കുവേണ്ടി പ്രത്യേകമായി പ്രാർത്ഥിക്കേണ്ടതാണ് (താമരമൊട്ടുകൾ സെപ്റ്റംബർ, പേജ് 637-642).

**4. കൊന്തനമസ്കാരം**

ഒക്ടോബർ മാസത്തിൽ ദൈവാലയത്തിൽ വി. കുർബാന എഴുന്ന ള്ളിച്ചു വച്ചു നടത്തുന്ന പത്തുദിവസത്തെ ആഘോഷമായ ജപമാലയർപ്പണം നമ്മുടെ നല്ല പാരമ്പര്യത്തിന്റെ ഭാഗമാണല്ലോ. ആധുനിക കാലഘട്ടത്തിൽ പരിശുദ്ധ അമ്മയുടെ പ്രത്യേക മാദ്ധ്യസ്ഥ്യവും അഭയവും ആശ്രയവും നമുക്ക് തേടാം. ദൈവാലയത്തിൽ കൊന്തനമസ്കാരം നടത്തുന്നതോടൊപ്പം ഇടവക കൂട്ടായ്മകളിലും പത്തുദിവസത്തെ കൊന്തനമസ്കാരം നടത്തുന്നത് ഉചിതമായിരിക്കും.

**5. അഖണ്ഡജപമാല സമർപ്പണ സമാപനം - ഒക്ടോബർ 29**

ബഥാനിയ സെന്ററിൽ ജൂലൈ 20 മുതൽ നടന്നുവന്നിരുന്ന 101 ദിവസത്തെ അഖണ്ഡജപമാല സമർപ്പണത്തിന്റെ സമാപനം ഒക്ടോബർ 29 നാണ്. ആധുനിക കാലഘട്ടത്തിൽ പകർച്ചവ്യാധിയിൽ നിന്ന് മുക്തിനേടുന്നതിനും ലോകസമാധാനത്തിനും പരിശുദ്ധ അമ്മയുടെ പ്രത്യേക മാദ്ധ്യസ്ഥ്യം നമുക്ക് യാചിക്കാം.

**6. മിഷൻ ഞായർ**

ഈ വർഷത്തെ മിഷൻ ഞായർ ഒക്ടോബർ 23-ാം തീയതിയാണ്. അന്നേദി വസം സഭയുടെ വിവിധ മിഷൻ പ്രവർത്തനങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുവാ നുള്ള പ്രത്യേക അവസരമാണ്.

**7. ക്ലർജി സെമിനാർ**

ഈ വർഷത്തെ ക്ലർജി സെമിനാർ പി.എം.ഒ.സി.യിൽ വച്ച് 2022 നവംബർ 21 -ാം തീയതി തിങ്കളാഴ്ച വൈകുന്നേരം 7 മണിക്ക് ആരംഭിക്കുന്നതും 24-ാം തീയതി വ്യാഴാഴ്ച സമാപിക്കുന്നതുമാണ്. സംഘടനകളുടെയും സ്ഥാപനങ്ങളു ടെയും ബഹു. ഡയറക്ടറച്ചന്മാർ പ്രവർത്തന റിപ്പോർട്ടും സാമ്പത്തിക റിപ്പോർട്ടും തയ്യാറാക്കേണ്ടതാണ് എന്ന കാര്യം ഓർമ്മിപ്പിക്കുന്നു. എല്ലാ വൈദികരും സെമി നാറിൽ മുഴുവൻ സമയവും പങ്കെടുക്കേണ്ടതാണ്.

**8. ആദരാഞ്ജലികൾ**

**1. തോമസ് പാറത്തോട്ടത്തിൽ**

ബഹു. സെബാസ്റ്റ്യൻ പാറത്തോട്ടത്തിലച്ചന്റെ വത്സല പിതാവ് ശ്രീ. തോമസ് പാറത്തോട്ടത്തിൽ (78) 2022 ആഗസ്റ്റ് 28 ന് നിത്യ സമ്മാനത്തിനായി വിളിക്കപ്പെട്ടു. 29-ാം തീയതി ചക്കിട്ടപാറ ഇടവക യിൽ നടന്ന മൃതസംസ്കാര ശുശ്രൂഷകൾക്ക് അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് കാർമ്മികത്വം വഹിച്ചു. സന്തപ്ത കുടുംബാംഗങ്ങൾക്കും, പ്രത്യേകിച്ച് ബഹു. സെബാസ്റ്റ്യനച്ചനും രൂപ താകുടുംബത്തിന്റെ അനുശോചനം അറിയിക്കുന്നു. പരേതന്റെ ആത്മശാന്തി ക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

**2. അബ്രാഹം (കുഞ്ഞുകുട്ടി- 83) താണ്ടാപറമ്പിൽ**

ബഹു. ജോസഫ് താണ്ടാപറമ്പിലച്ചന്റെ വത്സല പിതാവ് ശ്രീ. അബ്രാഹം (കുഞ്ഞുകുട്ടി- 83) താണ്ടാപറമ്പിൽ 2022 സെപ്റ്റംബർ 24 ന് അന്തരിച്ചു. 25-ാം തീയതി പുല്ലൂരാംപാറ ഇടവകയിൽ നടന്ന മൃതസംസ്കാര ശുശ്രൂഷകൾക്ക് അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് കാർമ്മികത്വം വഹിച്ചു. സന്തപ്ത കുടുംബാംഗങ്ങൾക്കും, പ്രത്യേകിച്ച് ബഹു. ജോസഫച്ചനും രൂപതാ കുടുംബത്തിന്റെ അനുശോചനം അറിയിക്കുന്നു. പരേതന്റെ ആത്മശാന്തിക്കു വേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

**9. സ്മരണാഞ്ജലി**

| | | |
|---|---|---|
| 01-10-2006 | - | റവ. ഫാ. ബർത്തലോമ്യോ സി.എം.ഐ |
| 04-10-1994 | - | റവ. ഫാ. ജേക്കബ് ആലുങ്കൽ |
| **04-10-2014** | **-** | **റവ. ഫാ. ജെയിംസ് മുണ്ടയ്ക്കൽ** |
| 07-10-2001 | - | റവ. ഫാ. ജോസഫ് കച്ചിറമറ്റം |
| 07-10-2006 | - | റവ. ഫാ. എവരിസ്റ്റസ് പാംബ്ലാനി സി.എം.ഐ |
| 22-10-2009 | - | റവ. ഫാ. വർഗീസ് ചക്കുങ്കൽ വി.സി. |
| 23-10-1982 | - | റവ. ഫാ. സബാസ് സി.എം.ഐ. |
| 26-10-1978 | - | റവ. ഫാ. ആഡ്രിയാൻ സി.എം.ഐ. |
| 30-10-2002 | - | റവ. ഫാ. ജേക്കബ് കുന്നപ്പള്ളിൽ |
| **07-10-2018** | **-** | **റവ. ഫാ. മാണി കണ്ടനാട്ട്** |

**പ്രോട്ടോസിഞ്ചെല്ലൂസ്**



# ആദരാഞ്ജലികൾ



## റവ. ഫാ. ദേവസ്യ വലിയപറമ്പിൽ (90)

ജനനം:17.06.1932 – മരണം:22.09.2022

90 വർഷം ഈ ഭൂമിയിൽ തന്നെ എല്പിച്ച ദൗത്യങ്ങൾ വിശ്വസ്തതയോടെ നിർവ്വഹിച്ച്, നല്ലവണ്ണം യുദ്ധം ചെയ്ത്, ഓട്ടം പൂർത്തിയാക്കി, വിശ്വാസം സംരക്ഷിച്ച് നീതിയുടെ ന്യായാധിപന്റെ അടുക്കലേക്ക് ദേവസ്യാച്ചൻ യാത്രയായിരിക്കുന്നു. അച്ചനെ അറിയാവുന്നവർക്കെല്ലാം ഒരു പാട് നല്ല ഓർമ്മകൾ മാത്രം സമ്മാനിച്ച ഒരു നല്ല ഇടയനായിരുന്നു ദേവസ്യാച്ചൻ. എല്ലാവരോടും നിറഞ്ഞ പുഞ്ചിരിയോടെ ഇടപഴകിയിരുന്ന ലാളിത്യത്തിന്റെ ഉദാത്ത മാതൃക സമ്മാനിച്ച, ആശയ സമ്പുഷ്ടമായ ഒരു പിടി നല്ല കവിതകൾ നമുക്ക് സമ്മാനിച്ച, ആലംബഹീനർക്ക് അത്താണിയും ആശയറ്റവർക്ക് പ്രതീക്ഷയും ആരോരുമില്ലാത്തവർക്ക് ആശ്രയവും അഗതി കൾക്ക് ആലംബവും ആയി മാറിയ ധന്യമായ ജീവിതത്തിന്റെ ഉടമയായിരുന്നു ബഹു. ദേവസ്യ വലിയപറമ്പിലച്ചൻ.

1932 ജൂൺ 17ന് ചങ്ങനാശ്ശേരി അതിരൂപതയിലെ കിടങ്ങറ ഇടവക വലിയപറമ്പിൽ പരേതരായ തോമസ് – കത്രീന ദമ്പതികളുടെ ഏഴുമക്കളിൽ ഒരാളായി ദേവസ്യാച്ചൻ ജനിച്ചു. സ്കൂൾ വിദ്യാഭ്യാസം കിടങ്ങറയിലും

നെല്ലിയനാടും പൂർത്തിയാക്കിയ ശേഷം ചങ്ങനാശ്ശേരി രൂപതയിൽ മൈനർ സെമിനാരിയിൽ പഠനം ആരംഭിച്ചു. ആലുവ സെന്റ് ജോസഫ്സ് പൊന്റിഫിക്കൽ സെമിനാരിയിൽ തത്വശാസ്ത്ര - ദൈവശാസ്ത്രപഠനങ്ങൾ പൂർത്തിയാക്കി, അവിഭക്ത തലശ്ശേരി രൂപതയ്ക്കുവേണ്ടി 1964 ഡിസംബർ 1ന് തലശ്ശേരി രൂപതയുടെ പ്രഥമ മെത്രാനായിരുന്ന മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിൽ നിന്ന് വൈദികപട്ടം സ്വീകരിച്ചു.

തലശ്ശേരി, മാനന്തവാടി, താമരശ്ശേരി രൂപതകളിൽ കണിച്ചാർ, സുൽത്താൻ ബത്തേരി, മാനന്തവാടി, ചെറുകാട്ടൂർ എന്നീ ഇടവകകളിൽ അസിസ്റ്റന്റ് വികാരിയായും, കല്ലുവയൽ, വഞ്ഞോട്, വിളക്കന്നൂർ, പരപ്പ, കല്ലുരുട്ടി, ഊരകം, വാലില്ലാപ്പുഴ, മണിപ്പാറ, കൊന്നക്കാട്, കുപ്പായക്കോട്, കാളികാവ്, വാണിയമ്പലം, പന്തല്ലൂർ, പയ്യനാട്, നെന്മേനി എന്നീ ഇടവകകളിൽ വികാരിയായും സേവന മനുഷ്ഠിച്ചിട്ടുണ്ട്. 2005 ൽ ഔദ്യോഗിക ജീവിതത്തിൽ നിന്ന് വിരമിച്ച് കോഴിക്കോട് ഗുഡ് ഷെപ്പേർഡ് പ്രീസ്റ്റ് ഹോമിൽ വിശ്രമ ജീവിതം നയിക്കുകയായിരുന്നു.

അസൗകര്യങ്ങൾ മാത്രം കൈമുതലുണ്ടായിരുന്ന കുടിയേറ്റ ജനതയുടെ മനസ്സറിഞ്ഞ ഇടയനായിരുന്നു ദേവസ്യാച്ചൻ. തന്നെ ഏല്പിച്ച എല്ലാ ഉത്തരവാദിത്വങ്ങളും തികഞ്ഞ ആത്മാർത്ഥതയോടും വിശ്വസ്തതയോടും കൂടി പൂർത്തിയാക്കുവാൻ അച്ചന് സാധിച്ചിട്ടുണ്ട്. ഇടവകകളിൽ തന്റെ ശക്തമായ നേതൃത്വവും കഠിനാദ്ധ്വാനവും കൊണ്ട് ഇടവകജനത്തെ മുന്നോട്ട് നയിക്കാൻ അച്ചന് സാധിച്ചിരുന്നു. താൻ ശുശ്രൂഷ ചെയ്ത ഇടവകകളിൽ കുടിയേറ്റ കർഷകരുടെ ന്യായമായ ആവശ്യങ്ങൾക്കുവേണ്ടി നേതൃത്വം വഹിക്കുവാൻ അച്ചന് കഴിഞ്ഞിട്ടുണ്ട്. സ്വന്തം ജീവിതം മറ്റുള്ളവർക്കുവേണ്ടി പൂർണ്ണമായി സമർപ്പിച്ച അച്ചൻ സ്വന്തമായുള്ളതു മുഴുവൻ എല്ലാവർക്കുമായി വീതിച്ചു നൽകിയാണ് തന്റെ ജനത്തെ സ്നേഹിച്ചത്. കണ്ടുമുട്ടുന്ന എല്ലാവരെയും നിറപുഞ്ചിരിയേടെ സ്വീകരിക്കുവാൻ അച്ചനു കഴിയുമായിരുന്നു.

ഒരപ്പനെപ്പോലെയും അമ്മെപ്പോലെയും ജ്യേഷ്ഠനെപ്പോലെയും സുഹൃത്തിനെപ്പോലെയും കൊച്ചുകുഞ്ഞുങ്ങളെപ്പോലെയും പെരുമാറുവാൻ ദേവസ്യാച്ചന് അപാരമായ സിദ്ധി ഉണ്ടായിരുന്നു. 2005 ൽ അജപാലന ശുശ്രൂഷകളിൽനിന്ന് വിരമിച്ച് വിശ്രമജീവിതം നയിച്ചുവരികയായിരുന്ന അച്ചന് പ്രായാധിക്യത്തിന്റെ അസ്വസ്ഥതകൾ ഉണ്ടായിരുന്നു. ആരോടും പരാതിയോ പരിഭവമോ ഇല്ലാതെ തന്റെ രോഗ പീഡകളെ സന്തോഷത്തോടെ അച്ചൻ സ്വീകരിച്ചു. നിരവധി തവണ രോഗീലേപനം സ്വീകരിച്ചിരുന്ന ബഹു. ദേവസ്യാച്ചൻ തികഞ്ഞ ഒരുക്കത്തോടുകൂടി മരണത്തെ പ്രതീക്ഷിച്ചു കഴിഞ്ഞിരുന്നു എന്നത് വ്യക്തമാണ്.

2022 സെപ്റ്റംബർ 22ന് വൈകിട്ട് 3 മണിയോടുകൂടി നിത്യ സമ്മാനത്തിനായി വിളിക്കപ്പെട്ടു. ധന്യമായ ജീവിതം നയിച്ച് നമുക്കേവർക്കും മാതൃകയായ ദേവസ്യാച്ചനുവേണ്ടി നമുക്ക് പ്രാർത്ഥിക്കാം. ബഹുമാനപ്പെട്ട ദേവസ്യാച്ചനെ താമരശ്ശേരി രൂപതയ്ക്ക് നൽകിയ വലിയപറമ്പിൽ കുടുംബാംഗങ്ങളോടുള്ള രൂപതയുടെ കടപ്പാടും സ്നേഹവും അറിയിക്കുന്നു.

***Prot. No. D32 / 01 / 258 / 22***

# DECREE

**Eparchy of Thamarassery**

**Constitution of the XII Pastoral Council**

I, Mar Remigiose Inchananiyil, Bishop of Thamarassery, hereby constitute the XII Pastoral Council of Eparchy of Thamarassery consisting of the following memebers. The duration of this council will be from 1st November 2022 to 31st October 2025.

| | |
|---|---|
| **President** | **Mar Remigiose Inchananiyil** |
| Vice President | Msgr. John Oravumkara |
| General Secretary | Fr. George Mundanattu |
| Secretary | |
| Treasurer | Fr. Kuriakose Mukala |

**Ex-Officio**

| | | |
|---|---|---|
| 1 | Msgr John Oravumkara | Protosyncellus |
| 2 | Fr. George Mundanattu | Chancellor |
| 3 | Fr. Kuriakose Mukala | Finance Officer |
| 4 | Fr. Abraham Vayalil | Judicial Vicar |
| 5 | Fr. Thomas Nagaparambil | Consultor |
| 6 | Fr. Mathew Pulimoottil | Consultor |
| 7 | Fr. James Vamattathil | Consultor |
| 8 | Fr. Sebastian Purayidathil | Consultor |
| 9 | Fr. Joseph Kalarickal | Consultor |
| 10 | Fr. Johnson Kocheelath | Consultor |
| 11 | Fr. Kuriakose Thayyil | Consultor |
| 12 | Fr. Joseph Palakattu | Consultor |
| 13 | Fr. Jacob Areethara | Rector, Minor Seminary |
| 14 | Fr. Thomas Thekkel CMI | Provincial Superior, CMI |

| | | | |
|---|---|---|---|
| 15 | Fr. | Joby Edamuriyil CST | Provincial Superior, CST |
| 16 | Fr. | Mathew Olikkal MCBS | Provincial Superior,MCBS |
| 17 | Sr. | Fincy MSMI | Superior General, MSMI |
| 18 | Sr. | Tina SKD | Superior General, SKD |
| 19 | Sr. | Lissetta SFN | Superior General, SFN |
| 20 | Sr. | Elseena SH | Provincial Superior, SH |
| 21 | Sr. | Delsi MSMI | Provincial Superior, MSMI |
| 22 | Sr. | Sheela MSJ | Provincial Superior, MSJ |
| 23 | Sr. | Pavithra CMC | Provincial Superior, CMC |
| 24 | Sr. | Ancy John DPMT | Provincial Superior, DPMT |
| 25 | Sr. | Lilly FCC | Provincial Superior, FCC |
| 26 | Sr. | Anice SABS | Provincial Superior, SABS |
| 27 | Fr. | Thomas Poriyath | Proto-Presbyter, Karuvarakundu |
| 28 | Fr. | Antony Karikunnel | Proto-Presbyter, Perinthalmanna |
| 29 | Fr. | Sebastian Chempukandathil | Proto-Presbyter, Malappuram |
| 30 | Fr. | John Moolayil | Proto-Presbyter, Thottumukkom |
| 31 | Fr. | Kuriakose Iykolambil | Proto-Presbyter, Kodanchery |
| 32 | Fr. | Vincent Kandathil | Proto-Presbyter, Koorachundu |
| 33 | Fr. | George Kalathoor | Proto-Presbyter, Marudonkara |
| 34 | Fr. | Sebastian Karakkattu | Proto-Presbyter, Vilangad |
| 35 | Fr. | George Kalappurackal | Rector, Kulathuvayal |
| 36 | Fr. | Joseph Pulichamakal | Director, ALPHA |
| 37 | Fr. | Scaria Mangarayil | Manager, Alph. College |
| 38 | Fr. | Sebastian Pulickal | Director, Bethania |
| 39 | Fr. | Mathew Thadathil | Director, CAMP |
| 40 | Fr. | Kurian Thalachirakuzhiyil | Director, OASIS |
| 41 | Fr. | Antony Chennikkara | Director, Vianney Priest Home |
| 42 | Fr. | Thomas Chilambikunnel | Director, Bible Apostolate |
| 43 | Fr. | John Pallikkavayalil | Director, Catechism |
| 44 | Fr. | Sebastian Kavalakkattu | Director, PMOC & Family Apostolate |
| 45 | Fr. | Joseph Kalathil | Director, Liturgy |
| 46 | Fr. | Jacob Kizhakkeveettil | Admin. Director, START |
| 47 | Fr. | Cheriyan Ponganpara | Director, Vocation Bureau |
| 48 | Fr. | George Chemparathickal | Director, COD |
| 49 | Fr. | Mathew Kollamparambil | Director, Comm.Media |
| 50 | Fr. | Jose Pennaparambil | Director, INFAM |
| 51 | Fr. | Kurian Puramadathil | Director, Pope J. P. II Insti. |
| 52 | Fr. | Jacob Karakkunel | Director, KLM & LDS |
| 53 | Fr. | Josekutty Antheenad | Director, CWC |
| 54 | Fr. | Mathew Kulathinkal | Director Kudumbakkottayama & Pope Benedict Inst. |


| | | | |
|---|---|---|---|
| 55 | Fr. | Wilson Muttathukunnel | Director, Manomaya |
| 56 | Fr. | Thomas Thevadiyil | Director, CML |
| 57 | Fr. | George Vellakkakudiyil | Director, KCYM |
| 58 | Fr. | Mathew Thoomullil | Director, AKCC |
| 59 | Fr. | Mathew Mulangassery | Director, Temperence |
| 60 | Fr. | Thomas Parankulangara | RM, Deepika |
| 61 | Sr. | Vimal Jose MSMI | President, FST |
| 62 | Dr. | Chacko Kalaparambil | President, AKCC |
| 63 | Mr. | Abhilash Kudippara | President, KCYM |
| 64 | Mr. | Thomas Pulikottil | President, Vincent De Paul Society |
| 65 | Mr. | Augustine Pulikkakandathil | President, INFAM |
| 66 | Mr. | Babu Chettipparambil | President, CML & Catechism |
| 67 | Mr. | George Vattukulam | President, DFC |
| 68 | Mr. | Bennychan Karukamalil | Coordinator, Christeen |
| 69 | Ms. | Mary Paulose | President, Judit Forum |
| 70 | Mr. | Thomas Valiyaparambil | President, Family Unit |
| 71 | Ms. | Tomsy Antony Mattathil | Coordinator, Jesus Youth |
| 72 | Mr. | Luke Nalonnukattil | President, Pain & Paliative |
| 73 | Mr. | Sajeev Purayidathil | President, Pro-Life |
| 74 | Mr. | Sajan Arakaparambil | Coordinator, Renewal |
| 75 | Ms. | Lissy Jose | President, Mathruvedi |
| 76 | Mr. | Kurian Chempanani | President, Temparence Movement |
| 77 | Ms. | Jessly John | Rep. HSS |
| 78 | Mr. | Saji John | Rep. HS |
| 79 | Mr. | Shibu Mathew | Rep. UPS |
| 80 | Ms. | Simi Antony | Rep. L.PS |
| | | **Forane - Thamarassery** | |
| 81 | Fr. | Philip Chakkummoottil | Priest Rep. |
| 82 | Mr. | Arun George Palliyodi | Kattippara |
| 83 | Ms. | Deepika Deepak Thannikkal | Engappuzha |
| 84 | Mr. | Sibi Kattarath | Kakkavayal |
| 85 | Ms. | Daisy Ponkallel | Thamarassery |
| | | **Forane - Karuvarakundu** | |
| 86 | Fr. | Mathew Kottackal | Priest Rep. |
| 87 | Mr. | Vinayadas Thomas Pendanath | Vaniyambalam |
| 88 | Ms. | Reena Jaison Koottiyanikal | Adackakundu |
| 89 | Mr. | Abinal Sunny Vayanaprayil | Karuvarakundu |
| 90 | Ms. | Binu Gabriel Maraykal | Karuvarakundu |
| | | **Forane - Kodanchery** | |
| 91 | Fr. | Mathew Chembuthoockil | Priest Rep. |

| | | | |
|---|---|---|---|
| 92 | Mr. | Nithin Devasia Pallivathukkal | Theyyappara |
| 93 | Mr. | Babu Porunnedath | Kannoth |
| 94 | Ms. | Elsamma Chacko Thekkumkattil | Kodenchery |
| 95 | Ms. | Disni Baby Valiyaparambil | Kodenchery |
| | | **Forane - Koorachundu** | |
| 96 | Fr. | Mathew Nirappel | Priest Rep. |
| 97 | Mr. | Babu Koonamthadathil | Chakkittapara |
| 98 | Ms. | Soosi Chempottikal | Koorachundu |
| 99 | Mr. | Joyal Kokkappuzha | Chakkittapara |
| 100 | Ms. | Josna Karimattam | Narinada |
| | | **Forane - Malappuram** | |
| 101 | Fr. | Joseph Kuzhikattumyalil | Priest Rep. |
| 102 | Mr. | Martin Thachil | Malappuram |
| 103 | Ms. | Sherly Abraham Vettikattu | Pandalloor |
| 104 | Mr. | Sijo Padinjarethottiyil | Kottackal |
| 105 | Ms. | Nadhasha Nijil Kalayantholil | Koomankulam |
| | | **Forane - Marudonkara** | |
| 106 | Fr. | Sebastian Parathottathil | Priest Rep. |
| 107 | Mr. | Jobin Iravuchira | Marudonkara |
| 108 | Ms. | Joshitha Charls Thottiyil | Marudonkara |
| 109 | Mr. | Joshy Kattakkayam | Chathangottunada |
| 110 | Ms. | Semili Sunil Arackaparambil | Chempanoda |
| | | **Forane - Paroppady** | |
| 111 | Fr. | Rony Paul Kavil | Priest Rep. |
| 112 | Ms. | Anu Saji Pulimoottil | Kundayithode |
| 113 | Ms. | Sonia Chempakassery | Thenjipalam |
| 114 | Mr. | Joby Antony Elanjikkal | Amalapuri |
| 115 | Mr. | Biju Vadakarayil | Paropady |
| | | **Forane - Perinthalmanna** | |
| 116 | Fr. | Joseph Mukaleparambil | Priest Rep. |
| 117 | Mr. | Antony Michael Thekkekuttu | Vettathoor |
| 118 | Ms. | Treesa John Kuruveetil | Oravumpuram |
| 119 | Ms. | Subi Sebin Thekkekkuttu | Vettathoor |
| 120 | Mr. | Jain Sebastian Anikkal | Perinthalmanna |
| | | **Forane - Thiruvambady** | |
| 121 | Fr. | Geo Puthusseriputhenpurayil | Priest Rep. |
| 122 | Mr. | Benny Lukose | Pulloorampara |
| 123 | Ms. | Saumya Sebastian Parackal | Koodaranji |
| 124 | Mr. | Amal T. James Nedumkallel | Thiruvambady |
| 125 | Ms. | Athira Kurian Thuluvananickal | Mukkom |

| | | | |
|---|---|---|---|
| | | **Forane - Thottumukkom** | |
| 126 | Fr. | Thomas Kochumuriyil | Priest Rep. |
| 127 | Mr. | Saji Mathew Mattathil | Pushpagiri |
| 128 | Ms. | Laisily Joy Thekkel | Thottumukkom |
| 129 | Mr. | Pranoy Kolathupadavil | Valillappuzha |
| 130 | Ms. | Anu Thottupurath | Vendekkumpoil |
| | | **Forane - Vilangad** | |
| 131 | Fr. | Thomas Kadaplakkal | Priest Rep. |
| 132 | Mr. | John Puthiyamattathil | Vilangad |
| 133 | Ms. | Lilly Puthiyamattathil | Vilangad |
| 134 | Mr. | Jitto Manimala | Manjakunnu |
| 135 | Ms. | Anu Poovathummoottil | Valook |
| | | **Kulathuvayal** | |
| 136 | Mr. | Benny Chelakkattu | |
| | | **Mariapuram** | |
| 137 | Mr. | Mathew Puthuparambil | |
| | | **Religious Priests** | |
| 138 | Fr. | Dennis Patteruparambil | MCBS Rector, MCBS |
| 139 | Fr. | Joseph K.P. MSFS | MSFS |
| 140 | Fr. | George Mampilly MST | MST |
| 141 | Fr. | Cyriac Thonikuzhiyil OCD | OCD |
| 142 | Fr. | Joseph Chathanatt CST | CST |
| 143 | Fr. | Justin Nellikunnel OFM Cap. | OFM Cap. |
| 144 | Fr. | Georoge Ezhanikkattu CMI | CMI |
| | | **Religious Sisters** | |
| 145 | Sr. | Lia SFN | Philip Neri |
| 146 | Sr. | Grace John SH | SH |
| 147 | Sr. | Celine Jose CMC | CMC |
| 148 | Sr. | Lucy Nedumkallel SABS | SABS |
| 149 | Sr. | Sharbel MSMI | MSMI |
| 150 | Sr. | Justina Mary DPMT | DPMT |
| 151 | Sr. | Soja MSJ | MSJ |
| 152 | Sr. | Tigi Karikkattukuzhiyil SKD | SKD |
| 153 | Sr. | Rose Illipparambil SD | SD |
| 154 | Sr. | Lincy SCSC | Holy Cross |
| | | **Nominated Members** | |
| 155 | Fr. | James Kallunkal VC | |
| 156 | Mr. | James Jacob Kynady | |

157 Mr. Abraham Pinakkatt
158 Mr. Mathew Nellikkayath
159 Mr. Benny Mathew Pulickekkara
160 Mr. Jose Kynady
161 Capt. Sebastian Perumpullikaden
162 Mr. Thomas Kuruvila Karimattathil
163 Mr. John Joseph Thamarakkattu
164 Adv. Thadathil Abraham Joseph
165 Adv. Beena Joseph Palayur
166 Adv. Jimmy George Cherukattil
167 Adv. Shibu George Kattakkayam
168 Mr. Joy Kannanchira
169 Mr. A.J. Babu Arenkavil
170 Mr. Manjush Mathews
171 Mr. C.D. Varkey
172 Mr. Rajesh Parathalackal
173 Mr. Prince Antony Vathalloorkalayil
174 Mr. Tomy Peruvilangattu

**Given from the Eparchial Curia on 26th September 2022.**



**Mar Remigiose Inchananiyil**
Bishop of Thamarassery



# വിശ്വാസപരിശീലനം

“പ്രത്യാശയുടെ ദൈവം നിങ്ങളുടെ വിശ്വാസത്താൽ സകല സന്തോഷവും സമാധാനവും കൊണ്ടു നിങ്ങളെ നിറയ്ക്കട്ടെ! അങ്ങനെ പരിശുദ്ധാത്മാവിന്റെ ശക്തിയാൽ നിങ്ങൾ പ്രത്യാശയിൽ സമൃദ്ധി പ്രാപിക്കുകയും ചെയ്യട്ടെ!” (റോമാ 15: 13)

## ലൂമിന 2022

2002-23 വിശ്വാസപരിശീലന വർഷത്തിലെ ലൂമിന സെപ്റ്റംബർ 04,18 തിയതികളിൽ മരുതോങ്കര, കോടഞ്ചേരി മേഖലകളിൽ നടത്തി. മി. ടോമി പെരുവിലങ്ങാട്ട് (മരുതോങ്കര) പ്രോഗ്രാമിന് ക്ലാസെടുത്തു. മി. നുബിൻ ചൂരപ്പൊയ്കയിൽ (വിലങ്ങാട്), ചിന്തു രാജ് (തിരുവമ്പാടി) ഗാനശുശ്രൂഷ നടത്തി. നേതൃത്വം നൽകിയ ഫൊറോന വികാരിയച്ചന്മാർക്കും മേഖലാഭാരവാഹികൾക്കും പ്രത്യേകം നന്ദി.

**ലൂമിന 2022 - ഒക്ടോബർ മാസത്തിൽ**

ഒക്ടോബർ 02 (ഞായർ) - മലപ്പുറം മേഖല
ഒക്ടോബർ 04 (ചൊവ്വ) - കരുവാരകുണ്ട് മേഖല
ഒക്ടോബർ 08 (ശനി) - കൂരാച്ചുണ്ട് മേഖല

## ACC ഓൺലൈൻ ക്ലാസുകൾ

പതിമൂന്നാം ക്ലാസിൽ വിശ്വാസപരിശീലനം നടത്തുന്ന വിദ്യാർത്ഥികൾക്കുള്ള അഞ്ചാമത്തെ ക്ലാസ് ഓഗസ്റ്റ് 07-നും (ഞായർ) ആറാമത്തെ ക്ലാസ് സെപ്റ്റംബർ 18-നും (ഞായർ) കാറ്റക്കിസം യുട്യൂബ് ചാനലിൽ സംപ്രേക്ഷണം ചെയ്തു. ‘ആദ്ധ്യാത്മിക മേഖലയിലെ നൂതന പ്രവണതകൾ’ എന്ന വിഷയത്തെക്കുറിച്ച് റവ. ഫാ. തോമസ് പുലയംപറമ്പിൽ (അസിസ്റ്റന്റ് വികാരി, കൂരാച്ചുണ്ട്) ‘ഞായറാഴ്ചയാചരണം’ എന്ന വിഷയത്തെക്കുറിച്ച് റവ. ഫാ. ജോർജ്ജ് വെള്ളാരംകാലായിൽ (ആദ്ധ്യാത്മിക പിതാവ്, അൽഫോൻസാ സെമിനാരി, താമരശ്ശേരി) എന്നിവർ ക്ലാസെടുത്തു.

**ACC ഓൺലൈൻ ക്ലാസുകൾ ഒക്ടോബർ മാസത്തിൽ**

ഒക്ടോബർ 02 - ഞായർ
ഒക്ടോബർ 16 - ഞായർ

## എട്ടുനോമ്പൊരുക്ക സന്ദേശം

പരിശുദ്ധ അമ്മയുടെ ജനനത്തിരുനാളിനോടനുബന്ധിച്ചുള്ള അഭിവന്ദ്യ റെമീജിയോസ് പിതാവിന്റെ സന്ദേശം കാറ്റക്കിസം യു ട്യൂബ് ചാനലിൽ സംപ്രേക്ഷണം ചെയ്തു.

### സഭാവാർത്തകൾ

2022 സെപ്റ്റംബർ 25-ന് സഭാവാർത്തകൾ കാറ്റക്കിസം യുട്യൂബ് ചാനലിൽ സംപ്രേക്ഷണം ചെയ്തു. റിച്ചാർഡ് ജോസഫ് ഉറുമ്പിൽ (പുല്ലൂരാംപാറ) വാർത്തകൾ വായിച്ചു.

### വിശുദ്ധ കുർബാനയും വിശുദ്ധരും

കൗദാശിക വിശ്വാസപരിശീലനത്തിന്റെ ഭാഗമായി കാറ്റക്കിസം യുട്യൂബ് ചാനലിൽ 'വിശുദ്ധ കുർബാനയും വിശുദ്ധരും' എന്ന പ്രോഗ്രാം സംപ്രേക്ഷണം ചെയ്തു. വി. എവുപ്രാസ്യാമ്മയെക്കുറിച്ച് സാഞ്ജൽ ബെന്നി കണ്ടവത്ത് (പുതുപ്പാടി) വിവരണം നടത്തി.

### HCC അധ്യാപകരുടെ കൂട്ടായ്മ

വിലങ്ങാട്, മരുതോങ്കര, കോടഞ്ചേരി മേഖലകളിൽ ലൂമിനയോടനുബന്ധിച്ച് HCC അധ്യാപകരുടെ കൂട്ടായ്മ നടത്തി. HCC വിശ്വാസപരിശീലന പ്രവർത്തനങ്ങൾ ചർച്ച ചെയ്യുകയും യുവജനവിശ്വാസപരിശീലനം (ACC) കൂടുതൽ സജീവമാക്കാനുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

### മിഷൻ ഞായർ

ഒക്ടോബർ 23 ഞായറാഴ്ച ആഗോള കത്തോലിക്കാസഭ മിഷൻ ഞായർ ആചരിക്കുന്നു. എല്ലാ സൺഡേ സ്കൂളുകളിലും മിഷൻ ഞായർ ഏറ്റവും ആകർഷകമാക്കാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

### മതബോധന അർദ്ധവാർഷിക പരീക്ഷ

ഒക്ടോബർ 30 ഞായറാഴ്ച രാവിലെ 11 മണി മുതൽ 01 മണി വരെ രൂപതയിലെ എല്ലാ സൺഡേ സ്കൂളുകളിലും മതബോധന അർദ്ധവാർഷിക പരീക്ഷ നടക്കുന്നതാണ്. ചോദ്യപേപ്പറുകൾ ഒക്ടോബർ 22 ശനിയാഴ്ച മേഖലാ കമ്മറ്റിക്കു നൽകുന്നതാണ്.

### മതാധ്യാപക ദിനം

നവംബർ 04 (വെള്ളി) വി. ചാൾസ് ബൊറോമിയോയുടെ തിരുനാളിനോടനുബന്ധിച്ച് നവംബർ 06 ഞായറാഴ്ച മതാധ്യാപക ദിനമായി ആചരിക്കുന്നു. ഇടവകകളിൽ മതാധ്യാപകരെ ആദരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

### രൂപതാതല പ്രതിഭാസംഗമം (12-ാം ക്ലാസ്സ്) തിയതി മാറ്റം

നവംബർ 11, 12 തിയതികളിൽ നടത്തേണ്ടിയിരുന്ന രൂപതാതല പ്രതിഭാസംഗമം ചില അസൗകര്യങ്ങൾമൂലം തിയതിയിൽ മാറ്റം വരുത്തി. നവംബർ 19, 20 തിയതികളിൽ ഈ സംഗമം പി. എം. ഒ. സി-യിൽ വച്ച് നടക്കുന്നതാണ്. ഇതിന് മുന്നോടിയായി ഒക്ടോബർ 08-ന് മേഖലകളിൽ പ്രതിഭാസംഗമം നടത്തി, മൂന്ന് ആൺകുട്ടികളുടെയും മൂന്ന് പെൺകുട്ടികളുടെയും പേരുവിവരങ്ങൾ (ഇടവക, ഫോൺ നമ്പർ സഹിതം) രൂപതാ മതബോധന ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്.

### പ്രധാനാധ്യാപക സംഗമം (തിയതി മാറ്റം)

2023 ജനുവരി 14 ശനിയാഴ്ച നടത്താനിരുന്ന പ്രധാനാധ്യാപക സംഗമം 2022 ഡിസംബർ 31 ശനിയാഴ്ച രാവിലെ 9.30 മുതൽ ഉച്ചയ്ക്ക് 1.00 മണിവരെ നടത്താൻ നിശ്ചയിച്ചിരിക്കുന്നതായി അറിയിക്കുന്നു.

## Mission Quest

'മിഷനെ അറിയുക, മിഷനറിയാവുക' എന്ന ആപ്തവാക്യവുമായി സഭയുടെ പ്രേഷിത ദൗത്യത്തെ ആഴത്തിൽ മനസ്സിലാക്കാൻ സീറോ-മലബാർ മിഷൻ ഓഫീസും മതബോധന കമ്മീഷനും സംയുക്തമായി, 35 സീറോമലാബാർ രൂപതകളെയും ഉൾപ്പെടുത്തി നടത്തുന്ന ആഗോള ഓൺലൈൻ ക്വിസ് പ്രോഗ്രാമാണ് ഇത്.

### നിർദ്ദേശങ്ങൾ

- മതബോധന വിദ്യാർത്ഥികൾക്കും മുതിർന്നവർക്കും വെവ്വേറെ മത്സരങ്ങൾ നടത്തപ്പെടുന്നു.
- ഗൂഗിൾ ഫോമിലൂടെയാണ് മത്സരങ്ങൾ. കുട്ടികൾക്കും മുതിർന്നവർക്കും വെവ്വേറെ ഗൂഗിൾ ഫോം ലിങ്കുകൾ നൽകുന്നതാണ്.
- ഗൂഗിൾ ഫോമിന്റെ ലിങ്കുകൾ സീറോമലബാർ മിഷന്റെ വെബ്സൈറ്റിൽ ലഭ്യമാകും. www. Syromalabarmission.com
- 2022 ഒക്ടോബർ 30 ഞായറാഴ്ച ഇന്ത്യൻ സമയം വൈകിട്ട് 6 മണി മുതൽ 40 മിനിറ്റ് സമയേത്തക്കായിരിക്കും ഗൂഗിൾ ഫോം സജീവമാവുക.
- മത്സരത്തിൽ പങ്കെടുക്കുന്നവർക്ക് മുൻകൂർ രജിസ്ട്രേഷൻ ആവശ്യമില്ല. എന്നാൽ മത്സരസമയത്ത് പേര്, ഇടവക, രൂപത, മൊബൈൽ നമ്പർ, ഇ-മെയിൽ എന്നിവ രേഖപ്പെടുത്തണം.
- ഓരോ ചോദ്യത്തിനും നല്കപ്പെട്ടിരിക്കുന്ന ഉത്തരങ്ങളിൽ നിന്നും ശരിയായതുമാത്രം തിരഞ്ഞെടുക്കുക.
- ബൈബിൾ ഭാഗത്തിന് പഠനസഹായിയോ സാമ്പിൾ ചോദ്യങ്ങളോ ഇല്ല. മറ്റു വിഭാഗങ്ങളിലുള്ള സാമ്പിൾ ചോദ്യങ്ങൾ ഒക്ടോബർ 05-നു മുൻപായി www. Syromalabarmission.com എന്ന വെബ്സൈറ്റിൽ ലഭ്യമാകും.
- മത്സരവുമായി ബന്ധപ്പെട്ട സംശയങ്ങൾ ദൂരീകരിക്കാൻ missionquest2022@gmail.com എന്ന ഇ-മെയിൽ പ്രയോജനപ്പെടുത്തുക.
- ക്വിസ് മത്സരം സംബന്ധിച്ച സീറോ-മലബാർ മിഷൻ ഓഫീസിന്റെ തീരുമാനങ്ങൾ അന്തിമമായിരിക്കും.

### പഠനഭാഗങ്ങൾ

വി. മത്തായിയുടെ സുവിശേഷം (40%) ഇന്ത്യയും വി. തോമാശ്ലീഹായും (20%) വി. ലാസറസ്സ് ദേവസഹായം: ഇന്ത്യയിലെ ആദ്യത്തെ അത്മായ വിശുദ്ധൻ (10%) പൊതുവിജ്ഞാനം (30%). NB: മുതിർന്നവർക്ക് ബൈബിൾ ഭാഗത്തിൽ റോമാ ലേഖനവും ഉൾപ്പെടുത്തിയിരിക്കുന്നു.

### സഹായക ഉറവിടങ്ങൾ

- സുവിശേഷം – POC Bible/NRSV
- ഇന്ത്യയും വി. തോമാശ്ലീഹായും – www. Syromalabarmi ssion.com
- വി. ലാസറസ്സ് ദേവസഹായം: ഇന്ത്യയിലെ ആദ്യത്തെ അത്മായ വിശുദ്ധൻ – www. Syromalabarmission.com
- പൊതുവിജ്ഞാനം – സീറോമലബാർ ചരിത്രവും ഹയരാർക്കിയും; സീറോ മലബാർ സഭയിലെ വിശുദ്ധരും വാഴ്ത്തപ്പെട്ടവരും ധന്യരും; സീറോമല ബാർ സഭയിലെ പ്രേഷിതദൗത്യവും മിഷൻ രൂപതകളും; സഭയിലെ പ്രേഷിത മുന്നേറ്റങ്ങൾ: മിഷൻ ലീഗ്, ഫിയാത്ത് മിഷൻ, ജീസസ് യൂത്ത് തുടങ്ങിയവ.
- മാതൃകാചോദ്യങ്ങൾക്ക് – www. Syromalabarmission.com

**സമ്മാനങ്ങൾ:** (വിദ്യാർത്ഥികൾക്കും മുതിർന്നവർക്കും വെവ്വേറെ സമ്മാനങ്ങൾ)

### ആഗോളതല വിജയികൾക്ക്

| | | |
|---|---|---|
| 1st Prize | : | Rs. 10,000/- + Certificate |
| 2nd Prize | : | Rs. 5000/- + Certificate |
| 3rd Prize | : | Rs. 3000/- + Certificate |

### അതിരൂപതാ/രൂപതാതല വിജയികൾക്ക്

| | | |
|---|---|---|
| 1st Prize | : | Rs. 1000/- + Certificate |
| 2nd Prize | : | Rs. 750/- + Certificate |
| 3rd Prize | : | Rs. 500/- + Certificate |

**ഫാ. ജോൺ പള്ളിക്കാവയലിൽ**
ഡയറക്ടർ, വിശ്വാസപരിശീലനം



# ചെറുപുഷ്പ മിഷൻലീഗ്

**ഒക്ടോബർമാസ പ്രോഗ്രാം**

| | | |
|---|---|---|
| 01 ശനി | - | വി. കൊച്ചുത്രേസ്യായുടെ തിരുനാൾ, അസാധാരണ സമ്മേളനം, പൊതുദിവ്യകാരുണ്യ സ്വീകരണം, അംഗത്വ നവീകരണം, അഭിവന്ദ്യ റെമീജിയോസ് പിതാവിന്റെ നാമഹേതുകതിരുനാൾ, രൂപത എക്സിക്യുട്ടീവ് |
| 02 ഞായർ | - | കാവൽ മാലാഖ |
| 03 തിങ്കൾ | - | CML 76-ാം ജന്മദിനം, പതാക ദിനം |
| 04 ചൊവ്വ | - | വി. ഫ്രാൻസീസ് അസീസ്സിയുടെ തിരുനാൾ, ഫ്രാൻസീസ് മാർപാപ്പയുടെ നാമഹേതുക തിരുനാൾ |
| 08 ശനി | - | രൂപതാ കലോത്സവം (തിരുവമ്പാടി കോളേജ്) |
| 12 ബുധൻ | - | വാ. കാർലോസ് അകിറ്റസിന്റെ തിരുനാൾ |
| 15 ശനി | - | ആവിലായിലെ വി. ത്രേസ്യാ, വാ. തേവർപറമ്പിൽ കുഞ്ഞച്ചൻ |
| 18 ചൊവ്വ | - | വി. ലൂക്കാ സുവിശേഷകൻ |
| 22 ശനി | - | വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പ |
| 23 ഞായർ | - | മിഷൻ ഞായർ |
| 24 തിങ്കൾ | - | സംസ്ഥാന കലാമത്സരം (പുത്തനങ്ങാടി) |
| 30 ഞായർ | - | മതബോധന അർദ്ധവാർഷിക പരീക്ഷ |

***പ്രവർത്തനങ്ങൾ***

* ജൂബിലി സമാപന ആഘോഷ പ്രോഗ്രാമുകൾക്ക് തുടക്കം കുറിക്കുന്നു.
* ജൂബിലി നിറവിൽ തുടർപ്രവർത്തനങ്ങൾ പ്രഖ്യാപിക്കുന്നു.
* ജൂബിലി സ്മാരക പദ്ധതികൾ ഓരോ തലങ്ങളിലും ആരംഭിക്കുന്നു
* സ്റ്റാറ്റസ് വീഡിയോ, ഷോർട്ട് ഫിലിം തുടങ്ങി ആകർഷകമായ മത്സരങ്ങൾ നടത്തുന്നു

**റീജിയണൽ സമ്മേളനം - മലപ്പുറം**

കരുവാരക്കുണ്ട്, പെരിന്തൽമണ്ണ, മലപ്പുറം മേഖലകൾ ചേർന്നുള്ള മലപ്പുറം റീജിയണിന്റെ ഈ വർഷത്തെ സമ്മേളനം മാലാപറമ്പ് യുപി സ്കൂളിൽ സെപ്റ്റംബർ 5 ന് നടത്തി. ശ്രീ. ബാബു ചെട്ടിപ്പറമ്പിൽ അധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ പെരിന്തൽമണ്ണ മേഖല ഡയറക്ടർ ഫാ. ജോമോൻ പാട്ടശ്ശേരി ഉദ്ഘാടനം നിർവഹിച്ചു. റീജിയണൽ ഓർഗനൈസർ ശ്രീ. മാത്യൂസ് പൈനാപ്പിള്ളി സ്വാഗതവും, രൂപത ഡയറക്ടർ ഫാ. തോമസ് തേവടിയിൽ മുഖ്യപ്രഭാഷ

ണവും നടത്തി. കരുവാരക്കുണ്ട് മേഖല ഡയറക്ടർ ഫാ. ലിൻസ് മുണ്ടക്കൽ, കരുവാരക്കുണ്ട് മേഖല പ്രസിഡണ്ട് ശ്രീ. ദിനേശ് പള്ളിക്കു ന്നേൽ, മലപ്പുറം മേഖല പ്രസിഡണ്ട് ശ്രീ. ബിജിൻ, പെരിന്തൽമണ്ണ മേഖല പ്രസിഡണ്ട് ശ്രീ. ബെന്നി പുളിക്കൽ എന്നിവർ പ്രസംഗിച്ചു. സീനിയർ ജൂനിയർ മേഖലാ ഭാര വാഹികൾ എല്ലാവരും മീറ്റിങ്ങിൽ സന്നിഹിതരായിരുന്നു. പ്രവർത്തന മിക വിലേയ്ക്ക് മേഖലകളെ ഉയർത്തിക്കൊണ്ടു വരുവാൻ ആവശ്യമായ പദ്ധതി കൾ ചർച്ച ചെയ്തു തീരുമാനിച്ചു.

### റീജിയണൽ സമ്മേളനവും ഫാ. ജോസഫ് മാലിപ്പറമ്പിൽ അനുസ്മരണ വും - തിരുവമ്പാടി

തോട്ടുമുക്കം തിരുവമ്പാടി മേഖലകൾ ചേർന്ന തിരുവമ്പാടി റീജിയണിന്റെ ഈ വർഷത്തെ സമ്മേളനം സെപ്റ്റംബർ 9 ന് തിരുവമ്പാടി പള്ളിമുറിയിൽ വച്ച് നടത്തി. പ്രസിഡൻറ് ശ്രീ. ബാബു ചെട്ടിപ്പറമ്പിൽ അധ്യക്ഷത വഹിച്ച യോഗത്തിന് തിരുവമ്പാടി മേഖല ഡയറക്ടർ ഫാ. സൈമൺ കിഴക്കേക്കുന്നേൽ ഉദ്ഘാടനം നിർവഹിച്ചു. റീജിയണൽ ഓർഗനൈസർ ശ്രീ. ജയ്മോൻ മൂത്തേട ത്ത് സ്വാഗതവും രൂപത ഡയറക്ടർ ഫാ. തോമസ് തേവടിയിൽ മുഖ്യപ്രഭാഷ ണവും നടത്തി. മേഖല പ്രവർത്തനങ്ങളെക്കുറിച്ചും തിരുവമ്പാടിയിൽ വെച്ച് നടക്കാൻ പോകുന്ന പ്ലാറ്റിനം ജൂബിലി സമാപന ആഘോഷങ്ങളെക്കുറിച്ചും ചർച്ച ചെയ്തു. മേഖലകൾക്കുവേണ്ടി തിരുവമ്പാടി വൈസ് ഡയറക്ടർ സി. ജ്യോതി മരിയ സിഎംസി നന്ദി പറഞ്ഞു.

### രൂപത കലോത്സവം

നേരത്തെ അറിയിച്ചിരുന്നതുപോലെ മേഖല കലോത്സവങ്ങൾക്ക് ശേഷം ഒക്ടോബർ 8 ശനിയാഴ്ച രാവിലെ 8.45 ന് തിരുവമ്പാടി സെന്റ് അൽഫോൻസ കോളേജിൽ വെച്ച് രൂപത കലോത്സവം നടക്കുന്നതാണ്. മത്സരത്തിൽ പങ്കെ ടുക്കുന്ന എല്ലാവരും കൃത്യസമയത്ത് രജിസ്റ്റർ ചെയ്യണമെന്ന് അറിയിക്കുന്നു.

### മിഷൻ ഞായർ

ഒക്ടോബർ 23 ന് മിഷൻ ഞായർ ആചരിക്കുന്നു. ശാഖകളിൽ മിഷൻ ഞായറിനോടനുബന്ധിച്ചുള്ള പൊതു പിരിവ്, സ്റ്റാൾ വരവ് എന്നിവയുടെ 10% രൂപതാ വിഹിതമായി നൽകി സഹകരിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

### സംസ്ഥാന സാഹിത്യ മത്സര വിഷയങ്ങൾ

*ജൂനിയേഴ്സ്*

കഥ – "ആടുകൾക്കുവേണ്ടി ജീവൻ അർപ്പിച്ച നല്ല ഇടയൻ" (യോഹ. 10:15)

കവിത – "ഇടയനെ അനുഗമിക്കുന്ന അജഗണം" (യോഹ. 10:4)

ഉപന്യാസം – "വിശ്വാസത്തിന്റെ സത്പ്രവർത്തികൾ അനുദിന ജീവിതത്തിൽ" (യോഹ. 10:37,38)

*സൂപ്പർ സീനിയേഴ്സ്*

കഥ – "ഗോതമ്പുമണി നിലത്തുവീണ് അഴിയുന്നെങ്കിൽ ഫലം പുറപ്പെടുവിക്കും" (യോഹ. 12:24)

കവിത – "വീടുനിറഞ്ഞു നിന്ന തൈലത്തിന്റെ പരിമളം' (യോഹ. 12:3)

ഉപന്യാസം – "ഞാൻ വന്നിരിക്കുന്നത് ലോകത്തെ വിധിക്കാനല്ലരക്ഷിക്കാനാണ്" (യോഹ. 12:47)

*സീനിയേഴ്സ്*

കഥ – "വിശ്വസിച്ചാൽ ദൈവമഹത്വം ദർശിക്കും" (യോഹ. 11:40)

കവിത – "കർത്താവേ നീ ഇവിടെ ഉണ്ടായിരുന്നെങ്കിൽ" (യോഹ. 11:21–22)

ഉപന്യാസം – "അവനോടൊപ്പം മരിക്കാൻ നമുക്കു പോകാം" (യോഹ. 11:16)

**രൂപത സാഹിത്യ മത്സരവിജയികൾ**

**ചെറുകഥ**

**ജൂനിയർ ബോയ്സ്**

I ഇമ്മാനുവൽ ജോൺ പുതിയേടത്ത്, കോടഞ്ചേരി
II അനോൾഡ് കെ.എസ്. കടത്തലക്കുന്നേൽ, കുണ്ടുതോട്
III ക്രിസ്റ്റി മടുക്കക്കുഴിയിൽ പന്തല്ലൂർ

**സീനിയർ ഗേൾസ്**

I സലറ്റ് മരിയ ഷാജി കണ്ടത്തിൽ, വാലില്ലാപ്പുഴ
II കാതറിൻ ജോഫിൻ മണ്ണാനിക്കാട്ട്, ചേവായൂർ
III ഏയ്ഞ്ചൽ തോമസ് മൂലയിൽ, കൂമംകുളം

**സീനിയർ ബോയ്സ്**

I ജെയ്സ്മോൻ കൊല്ലമന, കൂമംകുളം
II നോയൽ വിനു ചെന്നിക്കര, പാലൂർക്കോട്ട
III ലിയോ ആന്റണി കങ്കേടത്ത്, പശുക്കടവ്

**സീനിയർ ഗേൾസ്**

I നേഹ ആൻ അബ്രാഹം ചിറയ്ക്കൽ, കുണ്ടുതോട്
II ലൊറേൻ ജോർജ് അനന്തക്കാട്ട്, കൂരാച്ചുണ്ട്
III അലിറ്റ് കുര്യാക്കോസ് പുത്തൻപുരയ്ക്കൽ, തിരുവമ്പാടി

**സൂപ്പർ സീനിയർ ബോയ്സ്**

I ജിൽസൺ ജോസ് കിഴക്കേക്കര, പടത്തുകടവ്
II ബിജു കന്നാലിൽ, കരിങ്ങാട്
III ലിബിൻ തോമസ് കുളപ്പുറത്ത്, വെറ്റിലപ്പാറ

### സൂപ്പർ സീനിയർ ഗേൾസ്

I ഫിലോമിന അഗസ്റ്റിൻ ഇരുവേലിക്കുന്നേൽ, തേക്കുംകുറ്റി
II ജിഷ ജോർജ്ജ് പൊറത്തൂക്കാരൻ, മഞ്ചേരി
III മിനി ജോൺസൺ കൊട്ടാരത്തിൽ, വാളൂക്ക്

## കവിത

### ജൂനിയർ ബോയ്സ്

I ജോയൽ ജോസഫ് ചുണ്ടയിൽ, ചക്കിട്ടപ്പാറ
II ഫെയ്ൻ ജോ ബാബു അറയ്ക്കൽ, മങ്കട
III ഡോൺ ജോബി നരിവേലിപുതിയേടത്ത്, തിരുവമ്പാടി

### ജൂനിയർ ഗേൾസ്

I ആഷ്‌ലി തോമസ് പുളിക്കൽ, ചിപ്പിലിത്തോട്
II ആൻമരിയ സുനിൽ ഇലഞ്ഞിക്കൽ, തേഞ്ഞിപ്പാലം
III ജ്യോതി ബിനോയ് ഈരൂരിക്കൽ, നരിനട

### സീനിയർ ബോയ്സ്

I തോമസ് പന്തമ്മാക്കൽ, പന്തല്ലൂർ
II ഡോൺ സെബാസ്റ്റ്യൻ മടുക്കക്കുഴി, പന്തല്ലൂർ
III അക്ഷയ് ജോസഫ് മംഗലത്ത്, പെരുവണ്ണാമൂഴി

### സീനിയർ ഗേൾസ്

I ക്രിസ്റ്റീന ജിജി അവണ്ണൂർ, കൂരോട്ടുപാറ
II അലിറ്റ് കുര്യാക്കോസ് പുത്തൻപുരയ്ക്കൽ, തിരുവമ്പാടി
III അലീന ജോൺസൺ തുലാപ്പിള്ളിൽ, കൂമംകുളം

### സൂപ്പർ സീനിയർ ബോയ്സ്

I ടോംസ് ടി. സൈമൺ തോണക്കര, കൂടരഞ്ഞി
II ജോൺസൺ കക്കയം കോയിക്കകുന്നേൽ, കക്കയം
III ജോർജ് N. മാമ്മൻ നാഗപറമ്പിൽ, തോട്ടുമുക്കം

### സൂപ്പർ സീനിയർ ഗേൾസ്

I ഡാന്റി ബെന്നി വെള്ളപ്പനാട്ട്, കണ്ണോത്ത്
II ജിഷ ജോർജ്ജ് പൊറത്തൂക്കാരൻ, മഞ്ചേരി
III ക്ലാരമ്മ തോമസ് പുല്ലാട്ട്, പൊയിലോംചാൽ

## ഉപന്യാസം

### ജൂനിയർ ബോയ്സ്

I ജെറാർഡ് ജോൺ പന്തപ്പിള്ളിൽ, മരഞ്ചാട്ടി
II ഡെൻസിൽ മാത്യു രാജീവ് കച്ചിറയിൽ, കട്ടിപ്പാറ
III സെബി ജോർജ്ജ് പുരിയോട്, നെന്മേനി

### ജൂനിയർ ഗേൾസ്

I ആഷ്‌ന വർഗ്ഗീസ് കൊങ്ങമല, കരുവാരകുണ്ട്
II ഡോൾന ഫിയൻസ് പിണക്കാട്ട്, വലിയകൊല്ലി
III ആൻമരിയ ജസ്റ്റിൻ നെടുംപുറത്ത്, വേനപ്പാറ

### സീനിയർ ബോയ്സ്

I അലൻ തോമസ് തെങ്ങുംമൂട്ടിൽ, കുന്ദമംഗലം
II ജോയൽ കെ.ജെ. കണിയറാകത്ത്, വിലങ്ങാട്
III ആൽബർട്ട് ബെന്നി, വേലിക്കകത്ത്, കണ്ണോത്ത്

### സീനിയർ ഗേൾസ്

I ആൻമരിയ ജോയ് മേലേട്ട്, കുളിരാമുട്ടി
II സ്റ്റെല്ല അബ്രാഹം ഇല്ലിക്കൽ, പശുക്കടവ്
III സാന്ദ്ര മരിയ ജോളി ഉണ്ണ്യേപ്പിള്ളിൽ, തിരുവമ്പാടി

### സൂപ്പർ സീനിയർ ബോയ്സ്

I ജോളി ജോസഫ് ഉണ്ണ്യേപ്പിള്ളിൽ, തിരുവമ്പാടി
II ഷാജി അരിക്കത്തിൽ, തിരൂർ
III ബിജു കന്നാലിൽ, കരിങ്ങാട്

### സൂപ്പർ സീനിയർ ഗേൾസ്

I ബിന്ദു വർഗ്ഗീസ് ഇലവുങ്കൽ, മാലാപറമ്പ്
II ജിഷ സതീഷ് തെങ്ങുംപിള്ളിൽ, കാറ്റുള്ളമല
III ആൻലിസ ജോർജ്ജ് പുളിയന്മാക്കൽ, നെന്മേനി

### എയ്ഞ്ചൽസ് മീറ്റ് - കരുവാരകുണ്ട് മേഖല

സെപ്റ്റംബർ 3 നു കരുവാരകുണ്ട് തിരുകുടുംബ ഫൊറോന ദേവാലയത്തിൽ വച്ച് മേഖലാതല ഏഞ്ചൽസ് മീറ്റ് നടത്തി. ബഹുമാനപ്പെട്ട ഫാ. ചെറിയാൻ പൊങ്ങൻപാറ, മേഖലാ ഡയറക്ടർ ഫാ. ലിൻസ് മുണ്ടക്കൽ എന്നിവരുടെ നേതൃത്വത്തിലാണ് ഏഞ്ചൽസ് മീറ്റ് നടന്നത്. മീറ്റിൽ 86 കുട്ടികൾ പങ്കെടുത്തു. രാവിലെ 9 മണിക്ക് വിശുദ്ധ കുർബാനയോടെ ആരംഭിച്ച ഏയ്ഞ്ചൽസ് മീറ്റിൽ

ക്ലാസുകളും കളികളുമായി കുട്ടികൾ സമയം ചിലവഴിച്ചു. ഫൊറോന വികാരി റവ. ഫാ. തോമസ് പൊരിയത്തിന്റെ നേതൃത്വത്തിൽ കൈക്കാരൻമാരും, എല്ലാ ശാഖകളിലെയും മതാധ്യാപകരും ചേർന്ന് പാകം ചെയ്തു വിളമ്പിയത് കുട്ടികൾ ഏറെ ആസ്വദിച്ചു കഴിച്ചു. 4 മണിക്ക് സമ്മാനദാനത്തോടെ മീറ്റ് അവസാനിച്ചു.

**സംസ്ഥാന കലോത്സവം**

ഈ വർഷത്തെ സംസ്ഥാന കലോത്സവം ഒക്ടോബർ 24 തിങ്കളാഴ്ച നമ്മുടെ രൂപതയിലെ പുത്തനങ്ങാടി സെന്റ് മേരീസ് കോളേജിൽ വച്ചാണ് നടക്കുന്നത്. രൂപത കലോത്സവത്തിൽ പങ്കെടുത്ത് ഒന്നും രണ്ടും സ്ഥാനം കിട്ടുന്നവർ എല്ലാവരും അതേ ഇനങ്ങളിൽ രൂപതയ്ക്കുവേണ്ടി സംസ്ഥാന കലോത്സവത്തിൽ പങ്കെടുക്കേണ്ടതാണ്.

**ഫാ. തോമസ് തേവടിയിൽ**
ഡയറക്ടർ, മിഷൻലീഗ്



# തിരുബാലസഖ്യം

**ഒക്ടോബർ മാസ പ്രോഗ്രാം**

വി. കൊച്ചുത്രേസ്യായ്ക്കു പ്രതിഷ്ഠിതം

പരിചയപ്പെടുന്ന വിശുദ്ധർ - കാവൽ മാലാഖ, വി. അമ്മത്രേസ്യ

പ്രാർത്ഥനാ നിയോഗം - എല്ലാ അമ്മമാർക്കും വേണ്ടി

| | | |
|---|---|---|
| സുകൃതജപം | - | എന്റെ ഈശോയെ എന്നെ അങ്ങയുടെ സമാധാനത്തിന്റെ ഉപകരണമാക്കണമെ |
| വചനം | - | അവൻ അവരോട് പറഞ്ഞു നിങ്ങൾ ലോകമെങ്ങുംപോയി സുവിശേഷം പ്രഘോഷിക്കുവിൻ (മർക്കോ 16:15) |
| 01 ശനി | - | വി. കൊച്ചുത്രേസ്യായുടെ തിരുനാൾ, അഭിവന്ദ്യ റെമീജിയോസ് പിതാവിന്റെ നാമഹേതുകതിരുനാൾ |
| 02 ഞായർ | - | കാവൽ മാലാഖയുടെ തിരുനാൾ |
| 04 ചൊവ്വ | - | വി. ഫ്രാൻസീസ് അസീസ്സിയുടെ തിരുനാൾ, ഫ്രാൻസീസ് മാർപാപ്പയുടെ തിരുനാൾ |
| 12 ബുധൻ | - | വാ. കാർലോസ് അക്യൂറ്റസിന്റെ തിരുനാൾ |
| 15 ശനി | - | ആവിലായിലെ വി. അമ്മത്രേസ്യാ, വാ. തേവർപറമ്പിൽ കുഞ്ഞച്ചൻ |
| 18 ചൊവ്വ | - | വി. ലൂക്കാ സുവിശേഷകൻ |
| 22 ശനി | - | വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പ |
| 23 ഞായർ | - | മിഷൻ ഞായർ |
| 30 ഞായർ | - | മതബോധന അർദ്ധവാർഷിക പരീക്ഷ |
| പ്രവൃത്തി | - | സുകൃതജപങ്ങൾ എഴുതിയ ഒരു ചാർട്ട് കളർഫുൾ ആയി നിർമ്മിക്കുക |
| ഗീതം | - | കൂടെയിരിക്കും മാലാഖ കൂട്ടിനിരിക്കും മാലാഖ |

**ഫാ. തോമസ് തേവടിയിൽ**
ഡയറക്ടർ, തിരുബാലസഖ്യം

# ലിറ്റർജി കമ്മീഷൻ

## മർഗാനീസ ആരാധനക്രമത്തെക്കുറിച്ചുള്ള ഓൺലൈൻ ക്ലാസ്സുകൾ

താമരശ്ശേരി രൂപത മാർ അപ്രേം ലിറ്റർജിക്കൽ അക്കാദമിയുടെ നേതൃത്വത്തിൽ മർഗാനീസ എന്ന പേരിൽ നടത്തുന്ന ആരാധനക്രമത്തെ ക്കുറിച്ചുള്ള ഓൺലൈൻ പഠന പരമ്പരയിലെ സെപ്റ്റംബർ മാസത്തിലെ ക്ലാസ്സുകൾ 10, 24 തീയതികളിൽ നടന്നു. ക്ലാസുകൾ നയിച്ചത് സീറോ മലബാർ സെൻട്രൽ ലിറ്റർജിക്കൽ കമ്മിറ്റി അംഗവും കുന്നോത്ത് ഗുഡ് ഷെപ്പേർഡ് മേജർ സെമിനാരി അധ്യാപകനുമായ ബഹു. ഡോ. ജോസഫ് ചാലാശ്ശേരി അച്ചൻ ആണ്.

'വിശ്വാസജീവിതത്തിന്റെ ശക്തി കേന്ദ്രമായ വിശുദ്ധ കുർബാന' എന്ന വിഷയത്തെ അടിസ്ഥാനമാക്കിയാണ് അദ്ദേഹം ക്ലാസ്സുകൾ നയിച്ചത്. സീറോമലബാർ സഭയിലെ വിവിധ രൂപതകളിൽ നിന്നുള്ള 100 ഓളം പേർ സൂം മീറ്റിലൂടെ ഈ ക്ലാസ്സുകളിൽ സംബന്ധിച്ചു.

വിശുദ്ധ കുർബാനയാകുന്ന രഹസ്യത്തെക്കുറിച്ചും സീറോ മലബാർ കുർബാനയുടെ ചരിത്ര ദൈവശാസ്ത്ര വശങ്ങളെക്കുറിച്ചുമുള്ള ആഴത്തിലുള്ള പഠനം നൽകുന്ന ക്ലാസ്സുകളാണ് ഇത്. ഓരോ പ്രാവശ്യവും വിശുദ്ധ കുർബാനയുമായി ബന്ധപ്പെട്ട വ്യത്യസ്തമായ വിഷയങ്ങളാണ് കൈകാര്യം ചെയ്യുന്നത്. പങ്കെടുക്കാൻ താത്പര്യമുള്ളവർക്ക് 9446261682 എന്ന വാട്സ്ആപ്പ് നമ്പറിൽ പേര്, വീട്ടുപേര്, ഇടവക, രൂപത, ഇമെയിൽ അഡ്രസ്സ് എന്നിവ രജിസ്റ്റർ ചെയ്യാവുന്നതാണ്. ക്ലാസ്സുകൾ സൗജന്യമാണ്. പങ്കെടുക്കുന്നവർക്ക് സംശയങ്ങൾ ചോദിക്കാനുള്ള അവസരവും ഉണ്ട്.

ആഗസ്റ്റ് മാസത്തിലെ ക്ലാസ്സുകൾക്ക് വേണ്ട എല്ലാ സാങ്കേതിക സഹായങ്ങളും ചെയ്തു തന്ന രാജേഷ് കൂത്രപ്പള്ളി, താമരശ്ശേരി രൂപത ലിറ്റർജി കമ്മീഷൻ അംഗം റിജോ കൂത്രപ്പള്ളി എന്നിവർക്ക് പ്രത്യേകം നന്ദി പറയുന്നു.

**ഫാ. ജോസഫ് കളത്തിൽ**
കൺവീനർ, ലിറ്റർജി കമ്മീഷൻ

# സെമിനാരി വാർത്തകൾ

## റീ ഓപ്പണിംഗ്

ആഗസ്റ്റ് 27 ന് തുടങ്ങിയ ഓണാവധിക്ക് ശേഷം സെപ്റ്റംബർ 9 ന് മൈനർ സെമിനാരി വിദ്യാർത്ഥികൾ കൂടുതൽ ഉണർവോടും ഉന്മേഷത്തോടുകൂടെ തങ്ങളുടെ അമ്മഭവനത്തിലേക്ക് തിരിച്ചെത്തി.

## വാർഷിക ധ്യാനം

ആത്മീയ വിശുദ്ധീകരണവും ജീവിത നവീകരണവും ലക്ഷ്യമാക്കി പരിശീലനവഴിയിലെ വിടവുകളും വിള്ളലുകളും തിരിച്ചറിയാനും പരിഹരിക്കുവാനുമുള്ള വലിയ ആഗ്രഹത്തോടെ മൈനർ സെമിനാരി വിദ്യാർത്ഥികൾ ഈ വർഷത്തെ വാർഷിക ധ്യാനത്തിൽ പങ്കുചേർന്നു. അട്ടപ്പാടി സെഹിയോൻ ധ്യാന കേന്ദ്രത്തിൽ വച്ചു സെപ്റ്റംബർ 11 ന് ആരംഭിച്ച ധ്യാനം സെപ്റ്റംബർ 16 ന് അവസാനിച്ചു. ബഹു. ഫാ. സേവ്യർ ഖാൻ വട്ടായിൽ അച്ചന്റെ നേതൃത്വത്തിലുള്ള ധ്യാനടീമാണ് ധ്യാനം നയിച്ചത്. വചനത്തെ അടിസ്ഥാനമാക്കി ആനുകാലിക പ്രസക്തമായ കാര്യങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ധ്യാനചിന്തകളും വിചിന്തനങ്ങളും ഏറെ പ്രചോദനാത്മകവും വൈദിക വിദ്യാർത്ഥികളെ ആഴമായ ബോധ്യത്തിലേക്ക് നയിക്കുന്നതുമായിരുന്നു.

## വി. മത്തായിശ്ലീഹായുടെ തിരുനാൾ

കർത്താവിന്റെ ഒറ്റവാക്കിന് ലോകഭാരങ്ങൾ താഴെവച്ച് ക്രിസ്തുവിന്റെ ലഘുവും മധുരവുമായ നുകം തോളിലെടുത്ത സുവിശേഷകനായ വി. മത്തായി ശ്ലീഹായുടെ തിരുനാൾ സെമിനാരിയിൽ സാഘോഷം കൊണ്ടാടി. നാമഹേതുക തിരുനാൾ ആഘോഷിച്ച ബഹു. മാത്യു മംഗലാമഠത്തിലച്ചനും, മത്തൻചേട്ടനും, ബ്രദേഴ്സിനും ഏവരും ആശംസകൾ നേർന്നു. സെമിനാരിയിലെ ഇംഗ്ലീഷ് പ്രൊഫസറായ ബഹു. മാത്യു മംഗലാമഠത്തിൽ അച്ചന്റെ മുഖ്യകാർമ്മികത്വത്തിൽ സെമിനാരിയിൽ സമൂഹബലി അർപ്പിക്കപ്പെട്ടു.

## അഭിവന്ദ്യ പിതാവിന്റെ നാമഹേതുക തിരുനാൾ

താമരശ്ശേരി രൂപതയുടെ ഇടയനായ അഭിവന്ദ്യ മാർ റെമീജിയോസ് പിതാവിന്റെ നാമഹേതുക തിരുനാൾ മൈനർ സെമിനാരിയിൽ സാഘോഷം കൊണ്ടാടി. സെപ്റ്റംബർ 27 ന് രാവിലെ മൈനർ സെമിനാരിയിൽവച്ച് അഭിവന്ദ്യ പിതാവ് വി. കുർബാന അർപ്പിക്കുകയും വചനസന്ദേശം നൽകുകയും ചെയ്തു.

**ഫാ. ജേക്കബ് അരീത്തറ**
റെക്ടർ, അൽഫോൻസ സെമിനാരി

# വിദ്യാഭ്യാസരംഗം

## ഓണാഘോഷം

കോവിഡ് പ്രതിസന്ധി മൂലം കഴിഞ്ഞ രണ്ടുവർഷങ്ങളിലായി മുടങ്ങിപ്പോയ ഓണാഘോഷം ഇത്തവണ വളരെ ആവേശപൂർവ്വം വൈവിധ്യമാർന്ന പരിപാടികളോടെ കോർപ്പറേറ്റ് സ്കൂളുകളിൽ നടത്തപ്പെട്ടു. വിവിധ കലാകായിക മത്സരങ്ങളും, വാദ്യമേളങ്ങളും സമൂഹപങ്കാളിത്തവും കൊണ്ട് പ്രത്യേകം ശ്രദ്ധിക്കപ്പെട്ട ഓണാഘോഷത്തോടനുബന്ധിച്ച് പി.ടി.എ.യുടെയും സ്കൂൾ മാനേജ്മെന്റിന്റെയും നേതൃത്വത്തിൽ വിഭവസമൃദ്ധമായ ഓണസദ്യയും ഒരുക്കിയിരുന്നു. സമൂഹത്തിന്റെ പൊതു ഇടമാണ് വിദ്യാലയങ്ങൾ എന്ന ധാരണ ഊട്ടിയുറപ്പിക്കുന്നതായിരുന്നു ഇത്തവണത്തെ ഓണാഘോഷപരിപാടികൾ.

## പ്ലസ് വൺ പരീക്ഷാഫലം

2022ലെ പ്ലസ് വൺ പരീക്ഷാഫലം പ്രസിദ്ധീകരിച്ചപ്പോൾ കോർപ്പറേറ്റ് സ്കൂളുകൾ മികച്ചവിജയം കരസ്ഥമാക്കി. നിരവധി കുട്ടികൾക്ക് മുഴുവൻ മാർക്കും എല്ലാ വിഷയങ്ങളിലും A+ ഉം നേടാൻ കഴിഞ്ഞുവെന്നത് അഭിമാനകരമാണ്. വിജയികളെയും പ്രചോദനവും പ്രോത്സാഹനവും നൽകിയ അധ്യാപകരെയും രക്ഷിതാക്കളെയും പ്രത്യേകം അഭിനന്ദിക്കുന്നു.

## പ്രൈമറി അധ്യാപക പരീക്ഷ

കോർപ്പറേറ്റ് സ്കൂളുകളിൽ ഭാവിയിൽ ഉണ്ടാകാൻ സാധ്യതയുള്ള പ്രൈമറി സ്കൂൾ അധ്യാപകരുടെ (LPST) ഒഴിവുകളിൽ നിയമിക്കപ്പെടുന്നതിന് അപേക്ഷ സമർപ്പിച്ച ഉദ്യോഗാർത്ഥികൾക്കുള്ള എഴുത്തു പരീക്ഷ 21.09.2022 ന് പുല്ലൂരാംപാറ ഹയർ സെക്കണ്ടറി സ്കൂളിൽവെച്ച് നടത്തി.

## അനധ്യാപക പഠനശിബിരം

കോർപ്പറേറ്റ് സ്കൂളുകളിൽ ക്ലർക്ക്, ഓഫീസ് അസിസ്റ്റന്റ് തസ്തികകളിൽ ജോലി ചെയ്യുന്ന അനധ്യാപക ജീവനക്കാരുടെ ഏകദിന പഠനശിബിരം മാർ മങ്കുഴിക്കരി മെമ്മോറിയൽ പാസ്റ്ററൽ സെന്റർ ഹാളിൽ നടത്തപ്പെട്ടു. കോർപ്പറേറ്റ് മാനേജർ ഫാ. ജോസഫ് വർഗീസ് ഉദ്ഘാടനം ചെയ്ത പരിപാടിയിൽ താമരശ്ശേരി ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ പി.എ. ശ്രീ. ബൈജു സി.പി. മാർഗ്ഗനിർദ്ദേശ ക്ലാസ്സ് നൽകി. അനധ്യാപക ജീവനക്കാർക്ക് കേരള വിദ്യാഭ്യാസ ചട്ടം, സർവ്വീസ് ചട്ടം, ഓഫീസ് മാനുവൽ എന്നീ വിഷയങ്ങളിൽ പരിശീലനം നൽകി.

## ആദരാഞ്ജലികൾ

നമ്മുടെ കോർപ്പറേറ്റിനുകീഴിലുള്ള വിവിധ സ്കൂളുകളിൽ പതിറ്റാണ്ടുകൾ നീണ്ട മാതൃകാ അധ്യാപകജീവിതം കാഴ്ചവെച്ചതിനുശേഷം വിശ്രമജീവിതത്തിലായിരുന്ന സിസ്റ്റർ അന്ന പി.ജെ. (സി. തെരേസ് മേരി സി.എം.സി., റിട്ട. ടീച്ചർ, സേക്രഡ് ഹാർട്ട് എച്ച്.എസ്. തിരുവമ്പാടി), ശ്രീ. ടി.ജെ. ജോസഫ് (റിട്ട. ഹെഡ്മാസ്റ്റർ, സെന്റ് തോമസ് ഹൈസ്കൂൾ, കുരാച്ചുണ്ട്), ശ്രീമതി ലീലാമ്മ കെ.സി. (റിട്ട. ഹെഡ്മിസ്ട്രസ്സ്, പുഷ്പ എൽ.പി. സ്കൂൾ, നരിനട) എന്നിവർ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. പ്രിയപ്പെട്ട ഈ അധ്യാപകരുടെ പാവനസ്മരണയ്ക്കു മുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുകയും ആത്മാവിന്റെ നിത്യശാന്തിയ്ക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

**ഫാ. ജോസഫ് വർഗീസ് പാലക്കാട്ട്**
കോർപ്പറേറ്റ് മാനേജർ

## സ്റ്റാർട്ട്

### EUREKA MOMENT CAMP-2022

കുട്ടികളെ അവരുടെ കഴിവും അഭിരുചിയും തിരിച്ചറിയാൻ സഹായിക്കുക എന്ന ലക്ഷ്യത്തോടെ Eureka Moment Camp 2022 September 4,5,6 തീയതികളിൽ നടത്തപ്പെട്ടു. ഓരോ ഇടവകകളിൽ നിന്നും പഠനത്തിൽ മികവ് പുലർത്തുന്ന വിദ്യാർത്ഥികളെ ഇടവക വികാരിമാർ തിരഞ്ഞെടുത്ത് അയച്ചു. 85 ഓളം കുട്ടികൾ പങ്കെടുത്തു. 37 കുട്ടികൾ സീനിയർ വിഭാഗത്തിലും 48 കുട്ടികൾ ജൂനിയർ വിഭാഗത്തിലും ഉള്ളവരായിരുന്നു. Rev. Dr. Subin Kizhakkeveetil വിവിധ ഇടവകകളിൽ നിന്നെത്തിയ കുരുന്നുകൾക്ക് സ്വാഗതം ആശംസിച്ചു.

താമരശ്ശേരി രൂപത മെത്രാൻ അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. തങ്ങളുടെ അഭിരുചികൾ സഭക്കും സമൂഹത്തിനും സേവനം ചെയ്യാൻ ഉതകുംവിതം ഉപയോഗിക്കണമെന്ന് പിതാവ് അവരെ ഉത്ബോധിപ്പിച്ചു. തുടർന്ന് Rev. Sr. Tigi SKD യുടെ നേതൃത്വത്തിൽ നടത്തപ്പെട്ട ക്ലാസുകൾ ഈശോയെ കൂടുതൽ അറിയുവാനും സ്നേഹിക്കുവാനും 'Eureka ഉണർവ്വ്' ഉണ്ടാക്കുവാനും ഓരോ കുട്ടികളെയും പ്രാപ്തരാക്കത്തക്കതായിരുന്നു.

ആധുനികകാലത്ത് സമൂഹത്തെ കാർന്നുതിന്നുന്ന മദ്യത്തിനും മയക്കുമരുന്നിനുമെതിരെയുള്ള അവബോധവും ഒപ്പം എങ്ങനെ തങ്ങളുടെ കഴിവുകൾക്ക

നുസരിച്ച് ജീവിതലക്ഷ്യം കണ്ടെത്താം തുടങ്ങിയ വിഷയങ്ങളിൽ Mr. Jose Pallath ക്ലാസ് നയിച്ചു. എങ്ങനെ ക്രിസ്തുവിലധിഷ്ഠിതമായി തങ്ങളുടെ നേതൃത്വപാഠവം വളർത്താമെന്നും സഭയോടും സമൂഹത്തോടുമുള്ള ഓരോ വ്യക്തിയുടെയും കടപ്പാടുമെല്ലാം മനസ്സിലാക്കിതരാൻ Mr. Sandeep ന്റെയും Mr. Aaron Joseph ന്റെയും ക്ലാസ്സുകൾക്ക് കഴിഞ്ഞു. Outdoor games സും- Camp fire ഉം കുട്ടികൾക്ക് ക്യാമ്പ് കൂടുതൽ ആസ്വാദകരമാക്കി തീർത്തു. സെപ്റ്റംബർ 6 ന് ക്രിസ്മസ് ക്യാമ്പിന് ഏവർക്കും ഒത്തുകൂടാം എന്ന പ്രതീക്ഷയിൽ കുട്ടികൾ സ്വഭവനങ്ങളിലേക്ക് മടങ്ങി.

### ഓണം സമൂചിതമായി കൊണ്ടാടി

പുത്തനുടുപ്പുകളും പൊന്നോണ സദ്യയും മാവേലിയുമൊക്കെയായി സമത്വസുന്ദരമായ ഓണം മികച്ച രീതിയിൽ സ്റ്റാർട്ട് അംഗങ്ങൾ കൊണ്ടാടി. എല്ലാവരുടെയും ഉള്ളിലും സാഹോദര്യത്തിന്റെയും ഐക്യത്തിന്റെയും നെയ്ത്തിരി നാളങ്ങൾ തെളിയിക്കാൻ ഓണാഘോഷങ്ങൾക്കു കഴിഞ്ഞു. ഒരു ദിവസം മുഴുവൻ നീണ്ടു നിന്ന ഓണാഘോഷപരിപാടിയിൽ പകിട്ടാർന്ന പൂക്കളവും കേരളത്തിന്റെ പൈതൃകം വിളിച്ചോതുന്ന തിരുവാതിരയും പൊന്നോണകളികളും ഓണത്തിന്റെ മാറ്റ് കൂട്ടി. ജാതിമത ഭേതമന്യേ ഈ ആഘോഷത്തിൽ MTC Students ഉം German Students ഉം Brillant Students ഉം പങ്കെടുത്തു.

**ഫാ. ജേക്കബ് കിഴക്കേവീട്ടിൽ**
അഡ്മിനിസ്ട്രേറ്റീവ് ഡയറക്ടർ

**മോൺ. ആന്റണി കൊഴുവനാൽ**
ഡയറക്ടർ

## ആൽഫ മരിയ അക്കാദമി

### ജർമൻ ഭാഷാ പഠനം

ആൽഫ മരിയ അക്കാദമിയുടെ നേതൃത്വത്തിൽ നടക്കുന്ന ജർമൻ ഭാഷാ പഠനത്തിന്റെ A1, A2, ബാച്ചിന്റെ ക്ലാസുകൾ ആരംഭിച്ചിരിക്കുന്നു. പുതിയ ബാച്ചിലേക്കുള്ള അഡ്മിഷൻ (A1, A2, B1, B2) അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു. പുതിയ ബാച്ച് ഒക്ടോബർ 10ന് ആരംഭിക്കും.

### സ്റ്റാഫ് സെലക്ഷൻ കമ്മീഷൻ കമ്പൈൻഡ് ഗ്രാജ്വേറ്റ് ലെവൽ പരീക്ഷ

സ്റ്റാഫ് സെലക്ഷൻ കമ്മീഷൻ വിവിധ വിഭാഗങ്ങളിൽ, ഏകദേശം 20,000 അധികം ഒഴിവുകളിലേക്ക് നിയമനം നടത്തുന്നതിന് വേണ്ടി നോട്ടിഫിക്കേഷൻ പുറത്തിറക്കിയിരിക്കുന്നു. ഇന്ത്യാ വൺമെന്റിന്റെ ഉന്നത മന്ത്രാലയങ്ങൾ, വകു

പ്പുകൾ, സംഘടനകൾ എന്നിവയിലെ വിവിധ തസ്തികകളിലേക്ക് ഗ്രൂപ്പ് ബി, സി ഓഫീസർമാരെയാണ് റിക്രൂട്ട് ചെയ്യുന്നത്. ഇതിനു മുന്നോടിയായുള്ള സി.ജി.എൽ.ഇ 2022 പരീക്ഷയ്ക്കുള്ള ക്ലാസുകൾ ഒക്ടോബർ ഒന്നിന് അൽഫ മരിയ അക്കാദമിയിൽ വെച്ച് ആരംഭിക്കുന്നു.

**എൽ.എസ്.എസ്., യു.എസ്.എസ്., എൻ.എം, എം, എസ്, എൻ.ടി.എസ്.സി പരിശീലനം**

വിവിധ സ്കോളർഷിപ്പ് പരീക്ഷകൾക്കുള്ള എൽ.എസ്.എസ്., യു.എസ്.എസ്., എൻ.എം,എം,എസ്, എൻ.ടി.എസ്.സി പരിശീലനം ഒക്ടോബർ ഒന്നിന് അൽഫയിൽ ആരംഭിക്കുന്നു.

കൂടുതൽ വിവരങ്ങൾക്ക് **04952962180, 7907028758, 9946865818** നമ്പറുകളിൽ ബന്ധപ്പെടുക.

**ഫാ. ജോസഫ് പുളിച്ചമാക്കൽ**
ഡയറക്ടർ, ആൽഫ മരിയ അക്കാദമി

## പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട്

നന്മയുടെയും സമൃദ്ധിയുടെയും ഒരുമയുടെയും ഓർമ്മകൾ.. അടച്ചു പൂട്ടപ്പെട്ട കഴിഞ്ഞ നാളുകളിലെ അതിജീവനത്തിന്റെ വിജയ ഗാഥയുമായി. ഐശ്വര്യം നിറഞ്ഞ നല്ല നാളെയുടെ പ്രതീക്ഷാ നാളങ്ങളുയർത്തി. JPI യിൽ എം.എസ്.സി. വിദ്യാർത്ഥികളുടെ സഹകരണത്തോടെ ഓണാഘോഷം നടത്തി. ഓണപ്പാട്ട്, തിരുവാതിരക്കളി തുടങ്ങി വിവിധ കലാകായിക മത്സര പരിപാടികളോടെയുള്ള ഓണാഘോഷത്തിലേക്ക്, കൂട്ടായ്മയുടെയും ഒന്നുചേരലിന്റെയും സന്ദേശം നല്കിക്കൊണ്ട് JPI ഡയറക്ടർ ഡോ. കുര്യൻ പുരമഠം ഏവർക്കും ഹൃദ്യമായ സ്വാഗതമേകി.

ഓണാഘോഷങ്ങളുടെ ആനുകാലിക സന്ദേശവും പ്രസക്തി യും ചൈതന്യവും പകർന്നുകൊണ്ട് പാറോപ്പടി ഫൊറോന വികാരി റവ. ഡോ. ജോസഫ് കളരിയ്ക്കൽ പ്രസ്തുത പരിപാടി ഉദ്ഘാടനം ചെയ്ത് ആശംസകളർപ്പിച്ചു. JPI ഫാക്കൽറ്റിസ് ആയ ഫാ. സായി, ഫാ. ജോജി ജോസഫ് എന്നിവർ ആശംസകളർപ്പിക്കുകയും കലാകായിക മത്സരങ്ങൾക്ക് നേതൃത്വം വഹിക്കുകയും ചെയ്തു.

- രാജസ്ഥാനിലെ സിംഗാനിയ യൂണിവേഴ്സിറ്റിയുമായി യോജിച്ച് നടത്തുന്ന

എം.എസ്.സി. കൗൺസിലിംഗ് സൈക്കോളജി കോഴ്സി (2020-2022 ബാച്ച്) ന്റെ പരീക്ഷാ ഫലം പ്രസിദ്ധീകരിച്ചു.

- കോഴിക്കോട് സർവ്വകലാശാലയുമായി ചേർന്ന് നടത്തുന്ന അഡ്വാൻസ്ഡ് ഡിപ്ളോമ & ഡിപ്ളോമ കോഴ്സുകളുടെ (2021 -2022 ബാച്ച്) പരീക്ഷാ ഫലം പ്രസിദ്ധീകരിച്ചു.
- എല്ലാ കോഴ്സുകളിലും 100% വിജയം കൈവരിച്ച, കൗൺസിലിംഗ് രംഗത്തെ ചരിത്രനേട്ടമായ പോപ്പ് ജോൺ പോൾ ഇൻസ്റ്റി റ്റ്യൂട്ട് ഓഫ് കൗൺസിലിംഗ് സൈക്കോളജി & സൈക്കോ തെറാപ്പിക്ക് ഇത് അഭിമാനനിമിഷം.
- എം.എസ്.സി. കൗൺസിലിംഗ് സൈക്കോളജി (ഓഫ് ലൈൻ)
- ഡിപ്ലോമ ഇൻ കൗൺസിലിംഗ് സൈക്കോളജി (ഓൺലൈൻ)
- ഡിപ്ലോമ ഇൻ പാസ്റ്ററൽ കൗൺസിലിംഗ് (For Priests & Nuns ഇംഗ്ലീഷ് ഓൺലൈൻ) എന്നീ കോഴ്സുകളുടെ ക്ലാസ്സുകൾ ആരംഭിച്ചു.
- കോഴ്സുകളിലേക്കുള്ള അഡ്മിഷൻ സെപ്തംബർ 30 വരെ തുടരുന്നു.
- ആരോഗ്യമുള്ള ഒരു സമൂഹത്തെ രൂപപ്പെടുത്തുന്നതിനായി ദിവസവും ഇവിടെ കൗൺസിലിംഗ് സേവനവും ലഭ്യമാണ്.
- കൗൺസിലിംഗ് ആവശ്യമുള്ളവർക്കും കൗൺസിലിംഗ് കോഴ്സ് പഠിക്കാൻ താത്പര്യമുള്ളവർക്കും താഴെകൊടുത്തിരിക്കുന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

Contact No: **949657 5018/9037379180.**

**ഫാ. കുര്യൻ പുരമഠത്തിൽ**
ഡയറക്ടർ, പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട്

# ഇൻഫാം

## ഇൻഫാം ജൈവവളം വിപണിയിൽ ഇറക്കി

താമരശ്ശേരി രൂപത ഇൻഫാമിന്റെ ആഭിമുഖ്യത്തിൽ ജൈവ സമൃദ്ധമായ ജൈവവളത്തിന്റെ ഔദ്യോഗിക ഉദ്ഘാടനം താമരശ്ശേരി രൂപതാ ഭവനിൽ രൂപതയിലെ എല്ലാ കൈക്കാരന്മാരുടെയും സമ്മേളനത്തിൽ വച്ച് താമരശ്ശേരി രൂപത അധ്യക്ഷൻ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ മുൻ കർഷകശ്രീ ജേതാവ് ശ്രീ. തോമസ് വെട്ടത്തിന് നൽകിക്കൊണ്ട് നിർവഹിച്ചു 300ൽ പരം ജൈവ സസ്യങ്ങളുടെ ചണ്ഡിയിൽ നിന്ന് രൂപീകരിച്ച അടിസ്ഥാന വളവും പച്ചക്കക്ക, സ്യൂഡോമോണസം എന്നിവയാൽ സമ്പന്നമാക്കിയ ജൈവവളത്തിന് പൂന വയറോളജി

ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ട്. തെങ്ങ് കവുങ്ങ്, റബർ, വാഴ, പച്ചക്കറി വിളകൾ, പൂച്ചെടികൾ എന്നിവയുടെ ദ്രുതവളർച്ചയ്ക്കും കീടങ്ങളുടെ ആക്രമണങ്ങളിൽ നിന്ന് സംരക്ഷണം നേടുന്നതിനും ഈ ജൈവവളം ഉത്തമ മാണെന്ന് ഇത് ഉപയോഗിച്ചവർ സാക്ഷ്യപ്പെടുത്തുന്നു. രൂപതാ ഭവനിൽ വച്ച് നടന്ന മീറ്റിംഗിൽ ഇൻഫാം രൂപത ഡയറക്ടർ ഫാ. ജോസ് പെണ്ണാപറമ്പിൽ രൂപത പ്രസിഡണ്ട് ശ്രീ. അഗസ്റ്റിൻ പുളിക്കകണ്ടത്തിൽ രൂപത ചാൻസിലർ ഫാ. ബെന്നി മുണ്ടനാട്ട് രൂപത പ്രൊക്കുറേറ്റർ ഫാ. കുര്യാക്കോസ് മുകാല എന്നിവരും 400 ൽ പരം കൈക്കാരന്മാരും പങ്കെടുത്തു. ഇൻഫാമിന്റെ ഈ സംരംഭം കർഷകരുടെ കൃഷികൾക്ക് ഒരു മുതൽക്കൂട്ടാണെന്നും ഏവർക്കും ജൈവ ഭക്ഷണ സാധനങ്ങൾ ലഭിക്കുന്നതിന് സഹായിക്കും എന്നും രൂപത അധ്യക്ഷൻ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ അഭിപ്രായപ്പെട്ടു. കൂടുതൽ വളം ആവശ്യമുള്ളവർ താഴെപ്പറയുന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക **9447218586.**

## ഇൻഫാം താമരശ്ശേരി കാർഷിക താലൂക്ക് ഭരണ സമിതി

താമരശ്ശേരി കത്തീഡ്രൽ പാരിഷ് ഹാളിൽ ചേർന്ന വിവിധ കാർഷിക ഗ്രാമങ്ങളിലെ പ്രതിനിധികളിൽ നിന്ന് ഭരണസമിതിയെ തെരഞ്ഞെടുത്തു. പ്രസിഡൻറ് - ബിജു കിഴക്കേക്കുന്നേൽ, വൈസ് പ്രസിഡണ്ട് - ബേബി കുടിയിരിക്കൽ, സെക്രട്ടറി - കുര്യൻ കരിമ്പനക്കൽ, ജോയിൻ സെക്രട്ടറി - രാജു മംഗലശ്ശേരി, ട്രഷറർ - ജോർജ് കുര്യത്ത്.

## കുപ്പായക്കോട് കാർഷിക ഗ്രാമം ഭരണ സമിതി

കുപ്പായക്കോട് പാരിഷ് ഹാളിൽ ചേർന്ന് കർഷക പ്രതിനിധികളിൽ നിന്ന് കുപ്പായക്കോട് കാർഷിക ഗ്രാമം ഭരണസമിതി അംഗങ്ങളെ തിരഞ്ഞെടുത്തു പ്രസിഡൻറ് - ബിനു വെട്ടിത്താനം, വൈസ് പ്രസിഡണ്ട് - പൗലോസ് കോക്കാട്ട്, സെക്രട്ടറി - സണ്ണി ചുണ്ടയിൽ, ജോയിൻ സെക്രട്ടറി - തങ്കച്ചൻ കരിന്തോളിൽ, ട്രഷറർ - ഷാജു ചൊള്ളാമഠം.

## പുഷ്പഗിരി കാർഷിക ഗ്രാമം ഭരണ സമിതി

പുഷ്പഗിരി ലിറ്റിൽ ഫ്ളവർ പള്ളിയിൽ ചേർന്ന് കർഷക പ്രതിനിധികളിൽ നിന്ന് പുഷ്പഗിരി കാർഷിക ഗ്രാമം കമ്മിറ്റി അംഗങ്ങളെ തിരഞ്ഞെടുത്തു. പ്രസിഡൻറ് - ബേബി തടത്തിൽ, സെക്രട്ടറി - ആഗസ്റ്റി പുതിയിടത്തുചാലിൽ, ട്രഷറർ - ബേബി മച്ചുകുഴിയിൽ.

## കൂടത്തായി കാർഷിക ഗ്രാമം ഭരണ സമിതി

പ്രസിഡൻറ് - റൈജു തുരുത്തിയിൽ, വൈസ് പ്രസിഡണ്ട് - ജിമ്മി പള്ളിത്താഴത്ത്, സെക്രട്ടറി - ബിജു കിഴക്കേകുന്നേൽ, ജോയിൻ സെക്രട്ടറി - ബിജു ആലപ്പാട്ട്കുന്നേൽ, ട്രഷറർ - സന്തോഷ് കാര്യപ്പുറം.

**പാറോപ്പടി കാർഷിക താലൂക്ക് ഭരണസമിതി**

താമരശ്ശേരി രൂപത ഇൻഫാമിന്റെ ആഭിമുഖ്യത്തിൽ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനായി പാറോപ്പടി മേഖലയിലെ വിവിധ ഇടവകകളിൽ നിന്ന് വന്ന പ്രതിനിധികളിൽ നിന്ന് മേഖലാ ഭരണസമിതി രൂപീകരിച്ചു. പ്രസിഡണ്ട് - കുര്യാക്കോസ് കുഴി കണ്ടത്തിൽ, സെക്രട്ടറി ഡേവിഡ് ആക്കപ്പടിക്കൽ, ട്രഷർ - അഡ്വ. നെൽസൺ കോട്ടൂർ.

**അഗസ്റ്റിൻ പുളിക്കക്കണ്ടത്തിൽ**
പ്രസിഡന്റ്

**ഫാ. ജോസ് പെണ്ണാപറമ്പിൽ**
ഡയറക്ടർ, ഇൻഫാം

# മരിയൻ പ്രോ-ലൈഫ് മൂവ്മെന്റ്

**തെരുവ് നായ ശല്ല്യത്തിനെതിരെ താമരശ്ശേരി രൂപത മരിയൻ പ്രോലൈഫ് യൂത്ത് വിംഗ് വാഹന പ്രചരണജാഥ സംഘടിപ്പിച്ചു**

തിരുവമ്പാടി: വർദ്ധിച്ചുവരുന്ന തെരുവ് നായ്ക്കളുടെ ആക്രമണത്തിനെതിരെ താമരശ്ശേരി രൂപത മരിയൻ പ്രോലൈഫ് യൂത്ത് വിംഗ് തിരുവമ്പാടി നിയോജക മണ്ഡലത്തിലെ വിവിധ സ്ഥലങ്ങളിൽ വാഹന പ്രചരണ ജാഥ സംഘടിപ്പിച്ചു . കോടഞ്ചേരിയിൽ ഫാ. കുര്യാ ക്കോസ് ഐക്കുളമ്പിൽ ജാഥ ഉദ്ഘടനം ചെയ്തു. താമരശ്ശേരി രൂപത പ്രോലൈഫ് ഡയറക്ടർ ഫാ. ജോസ് പെണ്ണാപറമ്പിൽ അധ്യക്ഷതവഹിച്ചു. തിരുവമ്പാടി നിയോജക മണ്ഡലത്തിലെ വിവിധ സ്ഥലങ്ങളിൽ ബോധവൽക്കരണവും, ലഘുലേഖകൾ വിതരണം ചെയ്തതോടൊപ്പം ബന്ധപ്പെട്ട അധികാരികൾക്ക് നൽകുവാനുള്ള നിവേദനങ്ങൾക്ക് പൊതുജനങ്ങളുടെ പങ്കാളിത്തത്തോടെ ഒപ്പ് ശേഖരണവും നടത്തി. ജാഥാ കടന്നുപോയ വിവിധ സ്ഥലങ്ങളിൽ ഫാദർ അഗസ്റ്റിൻ പുരയിടത്തിൽ, ഫാദർ അജി പുതിയപറമ്പിൽ, പൗളിൻ മാത്യു, സജീവ് പുരയിടം, ജോൺസൺ തെങ്ങുംതോട്ടത്തിൽ, ബെന്നി ലൂക്കോസ്, തുടങ്ങിയവർ യോഗം ഉദ്ഘാടനം ചെയ്തു സംസാരിച്ചു.

തെരുവ് നായ്ക്കളുടെ ആക്രമണം വർദ്ധിച്ചു കൊണ്ടിരിക്കുന്ന ഈ സാഹചര്യത്തിൽ ഇവയുടെ ആക്രമണത്തെ ചെറുത്ത് ജനജീവിതം സാധാരണ നിലയിൽ ആക്കുന്നതിന് ഫലപ്രദമായ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുകയും, വളർത്തു നായകളുടെ കണക്കെടുത്ത് അവയ്ക്ക് കൃത്യമായ വാക്സിനേഷനും നൽകണമെന്നും ആവശ്യപ്പെട്ടാണ് താമരശ്ശേരി രൂപത മരിയൻ പ്രോലൈഫ് യൂത്ത് വിങ് രൂപത പ്രസിഡന്റ് സുബിൻ തയ്യിൽ മരിയൻ, പ്രോലൈഫ് യൂത്ത് വിങ് രൂപത ജനറൽ സെക്രട്ടറി ലൈജു അരീപ്പറമ്പിൽ വൈസ് പ്രസിഡണ്ടുമാരായ അനേക് തോണിപ്പാറ, ശ്വേതാ ടോമി, സെക്രട്ടറി ഹെബ്സിബ എന്നിവരുടെ നേതൃത്വത്തിൽ ജാഥ സംഘടിപ്പിച്ചത്.

തിരുവമ്പാടിയിൽ നടന്ന സമാപന സമ്മേളനം AKCC രൂപതാ പ്രസിഡന്റ് ഡോക്ടർ ചാക്കോ കാളംപറമ്പിൽ ഉദ്ഘാടനം ചെയ്തു. മരിയൻ പ്രോലൈഫ് താമരശ്ശേരി രൂപത പ്രസിഡന്റ് സജീവ് പുരയിടത്തിൽ അധ്യക്ഷത വഹിച്ചു. കെസിബിസി പ്രോലൈഫ് സമിതി ട്രഷറർ ടോമി പ്ലാത്തോട്ടം, പ്രോലൈഫ് രൂപത ഭാരവാഹികളായ പ്രിൻസ്, ജയ്സൺ, ബിനു, അജു, വിനോദ്, യൂത്ത് വിംഗ്, ഭാരവാഹികളായ, സാന്ദ്ര, ഡിമൽ, നോബിൾ, ഷിന്റോ, അനൂപ്, ബെന്നി, പ്രിയങ്ക ബെന്നി, അനു ജോസഫ്, ടെൻ, അമൽ തുടങ്ങിയവർ പ്രോഗ്രാമിന് നേതൃത്വം നൽകി.

**സജീവ് പുരയിടത്തിൽ**
പ്രസിഡന്റ്

**ഫാ. ജോസ് പെണ്ണാപറമ്പിൽ**
ഡയറക്ടർ, മരിയൻ പ്രോ-ലൈഫ് മൂവ്മെന്റ്

# കെ.സി.വൈ.എം.
# എസ്.എം.വൈ.എം

## വിഴിഞ്ഞം സമരത്തിന് ഐക്യദാർഢ്യം

വിഴിഞ്ഞം തുറമുഖവുമായി ബന്ധപ്പെട്ടിരിക്കുന്ന വിഷയങ്ങളിൽ നാളുകളായി സമരം തുടരുന്നവർക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് സംസ്ഥാന കെ.സി.വൈ.എം. സമിതിയുടെ ആഹ്വാനപ്രകാരം ആഗസ്റ്റ് 21ന് യൂണിറ്റ് കേന്ദ്രങ്ങളിൽ പ്രതിഷേധദിനമായി ആചരിച്ചു. തുടർന്ന് ആഗസ്റ്റ് 25 ന് വിഴിഞ്ഞം ജനതയ്ക്ക് പിന്തുണയറിയിച്ച് സമരപ്പന്തലിൽ സംസ്ഥാന സമിതി നടത്തിയ ഉപവാസ സമരത്തിൽ കെ.സി.വൈ.എം. എസ്.എം.വൈ.എം. താമരശ്ശേരി രൂപത പ്രസിഡന്റ് അഭിലാഷ് കുടിപ്പാറ, രൂപത ഡയറക്ടർ ഫാ. ജോർജ് വെള്ളയ്ക്കാകുടിയിൽ, സംസ്ഥാന സിൻഡിക്കേറ്റ് അംഗം ടിബിൻ അഗസ്റ്റിൻ എന്നിവർ പങ്കെടുത്തു.

## 12 മണിക്കൂർ നൈറ്റ് വിജിൽ

THEO FIYAH റീജിയണൽ യൂത്ത് കൺവെൻഷന് ഒരുക്കമായി സ്പിരിചൽ ടീമിന്റെ നേതൃത്വത്തിൽ 12 മണിക്കൂർ ദിവ്യകാരുണ്യ ആരാധന ഓഗസ്റ്റ് 27 ശനിയാഴ്ച്ച വൈകിട്ട് 6 മണി മുതൽ ഓഗസ്റ്റ് 28 ഞായറാഴ്ച രാവിലെ 6 മണി വരെ കൺവെൻഷൻ നഗരിയായ പുല്ലുരാംപാറ, ബഥാനിയ ധ്യാനകേന്ദ്രത്തിൽ വെച്ച് നടത്തി. വിവിധ മേഖലകളിൽ നിന്നുള്ള യുവജനങ്ങളും ആനിമേറ്റർമാരും പങ്കെടുത്തു.

### യുവ ധർമ്മ: മെഡിക്കൽ ക്യാമ്പ് ഉദ്ഘാടനം

കെ.സി.വൈ.എം. എസ്.എം.വൈ.എം. താമരശ്ശേരി രൂപതയും മുക്കം സെന്റ് ജോസഫ്സ് ഹോസ്പിറ്റലും സംയുക്തമായി സംഘടിപ്പിക്കുന്ന 'യുവധർമ്മ" മെഡിക്കൽ ക്യാമ്പുകളുടെ രൂപതാതല ഉദ്ഘാടനം കക്കാടംപൊയിലിൽ സെന്റ് മേരീസ് ഹൈസ്കൂളിൽ വച്ച് താമരശ്ശേരി രൂപതാധ്യക്ഷൻ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ നിർവഹിച്ചു. വിവിധ കേന്ദ്രങ്ങളിലായി 22 മെഡിക്കൽ ക്യാമ്പുകളാണ് യുവധർമ്മയുടെ ഭാഗമായി സംഘടിപ്പിക്കപ്പെടുക.

കെ.സി.വൈ.എം. എസ്.എം.വൈ.എം. തോട്ടുമുക്കം മേഖലയുടെ ആതിഥേയത്വത്തിൽ നടന്ന പരിപാടിയിൽ കെ.സി.വൈ.എം. എസ്.എം.വൈ.എം. താമരശ്ശേരി രൂപത പ്രസിഡന്റ് അഭിലാഷ് കുടിപ്പാറ അധ്യക്ഷത വഹിച്ചു. രൂപത ഡയറക്ടർ ഫാ. ജോർജ്ജ് വെള്ളയ്ക്കാകുടിയിൽ, ഇടവക വികാരി ഫാ. സുധീപ് കിഴക്കരക്കാട്ട്, സെന്റ് ജോസഫ്സ് ഹോസ്പിറ്റൽ അഡ്മിനിസ്ട്രേറ്റർ സിസ്റ്റർ ഡാലിയ എം.എസ്.ജെ, മേഖല പ്രസിഡന്റ് അലൻ മാലശ്ശേരിയിൽ, മേഖല ആനിമേറ്റർ സി.അലൻ, രൂപത ജനറൽ സെക്രട്ടറി റിച്ചാൾഡ് ജോൺ, യൂണിറ്റ് പ്രസിഡന്റ് ജസ്ന ബാബു എന്നിവർ സംസാരിച്ചു. നൂറോളം പേർ മെഡിക്കൽ ക്യാമ്പിൽ സൗജന്യ സേവനം തേടിയെത്തി. ആറ് ഡോക്ടർമാരും പതിനഞ്ചോളം നഴ്സിംഗ് സ്റ്റാഫുകളും ഉൾപ്പെടുന്ന ഇരുപതോളം പേരുടെ മെഡിക്കൽ ടീം ക്യാമ്പിന് നേതൃത്വം കൊടുത്തു.

യുവധർമ്മ: മെഡിക്കൽ ക്യാമ്പുകൾ

1. ഒക്ടോബർ 4 പുഷ്പഗിരി
2. ഒക്ടോബർ 8 മുത്തപ്പൻപുഴ

### യുവ 2022 ലോഗോ പ്രകാശനം

കെ.സി.വൈ.എം. എസ്.എം.വൈ.എം. താമരശ്ശേരി രൂപതയുടെ യുവ 2022 രൂപത കലോത്സവത്തിന്റെ ഔദ്യോഗിക ലോഗോ പ്രകാശനം കക്കാടംപൊയിലിൽ നടന്ന ചടങ്ങിൽ താമരശ്ശേരി രൂപത അധ്യക്ഷൻ അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ നിർവഹിച്ചു. സാൻജോ സണ്ണിയാണ് ലോഗോ രൂപകൽപ്പന ചെയ്തത്.

### ബഫർ സോൺ: ഇമെയിൽ ക്യാമ്പയിൻ

ബഫർസോൺ വിജ്ഞാപനം പുനപരിശോധിക്കണമെന്ന് ആവശ്യപ്പെട്ട് ഓഗസ്റ്റ് 29 ന്, കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന് ഇമെയിലിലൂടെ പരാതികൾ സമർപ്പിക്കാൻ നിർദ്ദേശം നൽകുകയും വിവിധ പരാതികളുടെ മോഡലുകൾ സോഷ്യൽ മീഡിയ വഴി യുവജനങ്ങളിലേക്കും പൊതുജനത്തിലേക്ക് എത്തിക്കുകയും ക്യാമ്പയിൻ നടത്തുകയും ചെയ്തു.

## തെയോഫിയ  യുവജന കൺവെൻഷൻ - സോൺ സി

കെ.സി.വൈ.എം. എസ്.എം.വൈ.എം. താമരശ്ശേരി രൂപത 2022 വർഷം നടത്തിവരുന്ന യുവജന കൺവെൻഷൻ 'തെയോഫിയ' പുല്ലുരാംപാറ ബെഥാനിയ ധ്യാന കേന്ദ്രത്തിൽ വെച്ച് സെപ്റ്റംബർ 2 മുതൽ 5 വരെ നടത്തപ്പെട്ടു. പാറോപ്പടി, തിരുവമ്പാടി, കോടഞ്ചേരി, തോട്ടുമുക്കം, താമരശ്ശേരി എന്നീ മേഖലയിലെ യുവജനങ്ങൾക്ക് വേണ്ടി സംഘടിപ്പിച്ച യുവജന കൺവെൻഷൻ താമരശ്ശേരി രൂപത അധ്യക്ഷൻ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ഉദ്ഘാടനം ചെയ്തു. അഞ്ചു മേഖലകളിൽ നിന്നുമുള്ള 310 യുവജനങ്ങളാണ് കൺവെൻഷനിൽ പങ്കെടുത്തത്. നാല് ദിവസങ്ങളിലായി നടന്ന കൺവെൻഷനിൽ ബ്രദർ സേവി ജോസഫ്, അഡ്വക്കേറ്റ് ജസ്റ്റിൻ പള്ളിവാതുക്കൽ, ഫാ. തോമസ് തെക്കേൽ സി.എം.ഐ, ഫാ. സിബി കുഴിവേലിൽ, ഫാ. നോബിൾ തോമസ് പാറയ്ക്കൽ, ഫാ. സബിൻ തൂമുള്ളിൽ, സി. ജിനു എം.എസ്.ജെ, കെ.സി.വൈ.എം. സംസ്ഥാന ഡയറക്ടർ ഫാ.  സ്റ്റീഫൻ ചാലക്കര, ഫാ. ജോർജ് വെള്ളയ്ക്കാകുടിയിൽ എന്നിവർ സെഷനുകൾ നയിച്ചു. 12 ക്ലാസ്സ് സെഷൻസും വിവിധങ്ങളായ ആക്ടിവിറ്റുകളും അഖണ്ഡ ജപമാല പങ്കാളിത്തവും എക്സിബിഷനും വയനാട് നാട്ടുകൂട്ടം അവതരിപ്പിച്ച ഫോക്ക് ബാൻഡ്, ക്രിസ്ത്യൻ കുക്കറി ഷോ, കൂടുതൽ കുട്ടികളുള്ള കുടുംബങ്ങളുമായുള്ള സംവാദം, ആരാധനകൾ, വിശുദ്ധ കുർബാനകൾ, വിശുദ്ധ കുമ്പസാരം, പരിഹാര വേദികൾ എന്നിങ്ങനെ നിരവധി പരിപാടികൾ ഉൾപ്പെടുത്തിയാണ് കൺവെൻഷൻ നടത്തിയത്. കൺവെൻഷന്റെ സമാപന ചടങ്ങിന്റെ ഉദ്ഘാടനം മോൺ. ജോൺ ഒറവുങ്കര നിർവഹിച്ചു.

തിരുവമ്പാടി മേഖലയിൽ നിന്നും പുലൂരാംപാറ ഇടവകയിൽ നിന്നുമായി എഴുപതോളം വളണ്ടിയേഴ്സും രൂപത മേഖല സമിതി അംഗങ്ങളും കൺവെൻഷന്റെ വിജയത്തിനായി കഠിനാധ്വാനം ചെയ്തു.  കൺവെൻഷൻ വേദിയൊരുക്കിയ ബഥാനിയ ധ്യാനകേന്ദ്ര ഡയറക്ടർ ഫാ. ബിനു പുളിക്കലിനും മറ്റു വൈദികർക്കും ബഥാനിയ ശുശ്രൂഷകർക്കും തിരുവമ്പാടി മേഖല ഡയറക്ടർ ഫാ. അമൽ പുരയിടത്തിൽ,  കോടഞ്ചേരി മേഖല ഡയറക്ടർ ഫാ. ജോസുകുട്ടി അന്തീനാട്ട്, മേഖല അനിമേറ്റർമാരായ സി. റോസീൻ, സി. ജീന, സി. ഹെലൽ, സി. അലൻ, സി. നൈസി എന്നിവർക്കും മറ്റു മേഖല ഡയറച്ചന്മാർക്കും ഹൃദയപൂർവം നന്ദി.

കഴിഞ്ഞ മൂന്ന് കൺവെൻഷനുകളിലായി 1200 റോളം യുവജനങ്ങളെ പ്രോത്സാഹിപ്പിക്കുകയും പറഞ്ഞയക്കുകയും സാമ്പത്തികമായി സഹകരണം നൽകുകയും ചെയ്ത ബഹുമാനപ്പെട്ട എല്ലാ വികാരിയച്ചൻമാർക്കും സിസ്റ്റേഴ്സിനും നന്ദി.

## മെഡിക്കൽ കോളേജിൽ പൊതിച്ചോർ വിതരണം നടത്തി

'പൈയ്ക്കുന്ന പള്ളയിലെ തീയണയ്ക്കാൻ' സ്നേഹപൂർവ്വം KCYM പൊതിച്ചോറ് വിതരണം മലബാർ മേഖലയിൽ താമരശ്ശേരി രൂപതയുടെ ആതിഥേയത്വത്തിൽ കോടഞ്ചേരി, മരുതോങ്കര മേഖലയുടെ സഹകരണത്തോടെ കോഴിക്കോട് മെഡിക്കൽ കോളേജിൽ വെച്ച് സെപ്റ്റംബർ 18ന് ഉച്ചയ്ക്ക് നടത്തപെട്ടു. കെ.സി.വൈ.എം താമരശ്ശേരി രൂപത ഡയറക്ടർ ഫാ. ജോർജ് വെള്ളയ്ക്കാകുടിയിൽ പ്രസിഡന്റ് അഭിലാഷ് കുടിപ്പാറ, കെ.സി.വൈ.എം. സംസ്ഥാന സെക്രട്ടറി ലിനറ്റ് വർഗീസ്, പാറോപ്പടി മേഖല സെക്രട്ടറി അലോഷി, മേഖല സമിതി അംഗങ്ങളായ അഭിൻ, റിഥിക്, ഡോൺ തുടങ്ങിയവർ സന്നിഹിതരായിരുന്നു. 320 പൊതിച്ചോറുകൾ മെഡിക്കൽ കോളേജ് പരിസരത്ത് വിതരണം ചെയ്തു.

### യുവ 22 രചനാമത്സരങ്ങൾ

യുവ 2022 രൂപതാതല രചന മത്സരങ്ങൾ മേഖല ഭാരവാഹികളുടെ നേതൃത്വത്തിൽ യൂണിറ്റുകളിൽ വെച്ച് നടത്തപ്പെട്ടു. കഥ, കവിത, ഉപന്യാസം, കാർട്ടൂൺ, പോസ്റ്റർ മേക്കിങ്, നോട്ടീസ്, പത്രവാർത്ത, ഡിജിറ്റൽ പോസ്റ്റർ മേക്കിങ്, ട്രോൾ മേക്കിങ്, മുദ്രാവാക്യം രചന എന്നീ ഇനങ്ങളിലാണ് മത്സരങ്ങൾ സംഘടിപ്പിക്കപ്പെട്ടത്. നേതൃത്വം നൽകിയ മേഖല ഡയറക്ടർ അച്ചൻമാർക്കും ആനിമേറ്റർമാർക്കും ഭാരവാഹികൾക്കും ഹൃദയപൂർവം നന്ദി അർപ്പിക്കുന്നു.

### രചന മത്സര വിജയികൾ

#### 1. പോസ്റ്റർ

1. ആൽവിയ ഇലവുങ്കൽ, മാലാപറമ്പ് ഇടവക, പെരിന്തൽമണ്ണ മേഖല
2. അജയ് ഉള്ളാട്ടിൽ, നരിനട ഇടവക, കൂരാച്ചുണ്ട് മേഖല
3. ജോബിസ് പി.കെ. പാലയ്ക്കതകിടിയേൽ, കുണ്ടുതോട് ഇടവക, മരുതോങ്കര മേഖല
3. റോസ് മേരി ജോൺ, അറയ്ക്കൽ, കാക്കവയൽ ഇടവക, താമരശ്ശേരി മേഖല

#### 2. കാർട്ടൂൺ

1. അലൻ ജോർജ്ജ് വലയ്ക്കാമറ്റം, ചിപ്പിലിത്തോട് ഇടവക, താമരശ്ശേരി മേഖല
2. നിർമ്മൽ ദേവസ്യ കൊള്ളിച്ചിറയിൽ, കൂടത്തായി ഇടവക, താമരശ്ശേരി മേഖല
3. എൽസ റോസ് വിൽസൺ എടക്കര, പുല്ലൂരാംപാറ ഇടവക, തിരുവമ്പാടി മേഖല
3. വിമൽ മാത്യു ഉറുമ്പിൽ, പൂഴിത്തോട് ഇടവക, മരുതോങ്കര മേഖല

**3. ട്രോൾ മേയ്ക്കിങ്**

1. എബി സെബാസ്റ്റ്യൻ പാംപ്ലാനിയിൽ, മഞ്ഞുവയൽ ഇടവക, കോടഞ്ചേരി മേഖല
2. ബിബിൻ ബിജു തുലാപ്പള്ളിൽ, കൂമംകുളം ഇടവക, മലപ്പുറം മേഖല
3. ജിജിൻ പുലികുത്തിയിൽ, വിലങ്ങാട് ഇടവക, വിലങ്ങാട് മേഖല

**4. ഉപന്യാസം**

1. സിന്റില സാന്റേഴ്സ് കാരിക്കുഴിയിൽ, മഞ്ഞുവയൽ ഇടവക, കോടഞ്ചേരി മേഖല
2. എലിബത്ത് ഇരവുചിറ, മരുതോങ്കര ഇടവക, മരുതോങ്കര മേഖല
3. ജിലു എലിസബത്ത്, വിലങ്ങാട് ഇടവക, വിലങ്ങാട് മേഖല

**5. മുദ്രാവാക്യ രചന**

1. മനു ആന്റണി ചാച്ചിറ, കൂമംകുളം ഇടവക, മലപ്പുറം മേഖല
2. ടോണി പനച്ചിക്കൽ, കൂരാച്ചുണ്ട് ഇടവക, കൂരാച്ചുണ്ട് മേഖല
3. ലെന ജെയ്സൺ കുമ്പുക്കൽ, പൂഴിത്തോട് ഇടവക, മരുതോങ്കര മേഖല

**6. നോട്ടീസ് രചന**

1. അലൻ കുന്നത്തേട്ട്, മാലാപറമ്പ് ഇടവക, പെരിന്തൽമണ്ണ മേഖല
2. സ്നേഹ മുഞ്ഞനാട്ട്, കൂരാച്ചുണ്ട് ഇടവക, കൂരാച്ചുണ്ട് മേഖല
3. സോന ഡോണി പ്ലാത്തോട്ടത്തിൽ, പുല്ലൂരാംപാറ ഇടവക, തിരുവമ്പാടി മേഖല

**7. പത്രവാർത്ത**

1. ബിൻസി മരിയ വാണിയപ്പാറ, കല്ലുരുട്ടി ഇടവക, തിരുവമ്പാടി മേഖല
2. അനീറ്റ സജി ചേന്നാട്ട്, കുണ്ടായിത്തോട് ഇടവക, പാറോപ്പടി മേഖല
3. മമത റോസ് വീട്ടുവേലിക്കുന്നേൽ, മരിയാപുരം ഇടവക, പെരിന്തൽമണ്ണ മേഖല

**8. കവിത രചന**

1. റിച്ചാർഡ് ജോസഫ് കൊച്ചുപറമ്പിൽ, വിലങ്ങാട് ഇടവക, വിലങ്ങാട് മേഖല
2. ലയ ക്രിസ്റ്റി കൂരാപ്പള്ളിയിൽ, കൂരാച്ചുണ്ട് ഇടവക, കൂരാച്ചുണ്ട് മേഖല
3. ടിനു താന്നിക്കൽ, വാളൂക്ക് ഇടവക, വിലങ്ങാട് മേഖല

**9. കഥാരചന**

1. ആഗ്നസ് വേനകുഴിയിൽ, കൂരാച്ചുണ്ട് ഇടവക, കൂരാച്ചുണ്ട് മേഖല
2. അക്സ തെരേസ വിൻസെന്റ് അരഞ്ഞാണിയൽ, പുല്ലൂരാംപാറ, തിരുവമ്പാടി മേഖല
3. സാന്ദ്ര റോസ് വിൻസന്റ്, വിലങ്ങാട് ഇടവക, വിലങ്ങാട് മേഖല

### 10. ഡിജിറ്റൽ പോസ്റ്റർ

1. ജോയൽ മാത്യു ഈട്ടിക്കൽ, തോട്ടുമുക്കം ഇടവക, തോട്ടുമുക്കം മേഖല
2. ബെർണി പീറ്റർ, പെരിന്തൽമണ്ണ ഇടവക , പെരിന്തൽമണ്ണ മേഖല
2. അലൻ വി. ആന്റണി വട്ടുകുളത്തിൽ, ചിപ്പിലിത്തോട് ഇടവക, താമരശ്ശേരി മേഖല
3. അജയ് അഗസ്റ്റിൻ പനയ്ക്കാപ്പള്ളിൽ, തേക്കുംകുറ്റി ഇടവക, തിരുവമ്പാടി മേഖല

### മികച്ച മേഖലകൾ

1. കൂരാച്ചുണ്ട് മേഖല - 17 Points
2. പരിന്തൽമണ്ണ മേഖല - 14 Points
3. താമരശ്ശേരി മേഖല - 12 Points

### മികച്ച യൂണിറ്റുകൾ

1. കൂരാച്ചുണ്ട് - 14 Points
2. മഞ്ഞുവയൽ, മാലാപറമ്പ് - 10 Points
3. ചിപ്പിലിത്തോട്, വിലങ്ങാട്, കൂമംകുളം - 8 Points

### യുവ 2022 കലോൽസവം

താമരശ്ശേരി രൂപതയുടെ 2022 കലാമത്സരങ്ങൾ കുന്നമംഗലം ഓക്സീലിയം നവജ്യോതി സ്കൂളിൽ വച്ച് സെപ്റ്റംബർ ഇരുപത്തിയൊന്നാം തീയതി നടത്തപ്പെട്ടു. സിനിമ താരവും മോഡലുമായ മിസ്. അലൻസാന്ദ്ര ജോൺസൺ ഉദ്ഘാടന കർമ്മം നിർവഹിച്ചു. മേഖല ഡയറക്ടർ ഫാ. സായി പാറൻകുളങ്ങര, കുന്നമംഗലം ഇടവക വികാരി ഫാ. ജോസഫ് കളത്തിൽ, സ്കൂൾ പ്രിൻസിപ്പൽ സി. ലിൻസി എന്നിവർ സംസാരിച്ചു. ചടങ്ങിൽ കലാരംഗത്ത് മികച്ച സംഭാവന നൽകിയ ശ്രീ. കുമ്പാറ ബേബി, ശ്രീ. ജയേഷ് കൂടരഞ്ഞി, മിസ്സ് അലസാന്ദ്ര എന്നിവരെ മൊമെന്റോ നൽകി ആദരിച്ചു. തുടർന്ന് ആറ് വേദികളിലായി നടന്ന മത്സരങ്ങളിൽ ഇരുന്നൂറോളം യുവജനങ്ങൾ പങ്കെടുത്തു.

വ്യക്തിഗത ഇനങ്ങളിൽ ലളിതഗാനം, മോണോ ആക്ട്, മിമിക്രി, സ്പോട്ട് കൊറിയോ, പ്രസംഗം, ഫോട്ടോഗ്രാഫി, നാടോടി നൃത്തം എന്നീ ഇനങ്ങളും തെരുവുനാടകം, ഡിബേറ്റ്, ക്വിസ്, മുദ്രാവാക്യം വിളി എന്നീ ഗ്രൂപ്പ് ഇനങ്ങളും നടത്തപ്പെട്ടു. ഓൺലൈൻ മത്സരങ്ങളുടെ വിലയിരുത്തൽ കൂടി നടക്കേണ്ടതിനാൽ ഓവറോൾ ചാമ്പ്യൻസിനെ പിന്നീട് പ്രഖ്യാപിക്കുന്നതായിരിക്കും.

### രൂപതാ വ്യക്തിഗത കലാമത്സര വിജയികൾ

1. അക്സ അറയ്ക്കൽ, കൂരാച്ചുണ്ട് ഇടവക
2. മേഖ വെള്ളാംകോട്ട്, കുളത്തുവയൽ ഇടവക

3. അഖീന റ്റോമി വയലുങ്കൽ, കുപ്പായക്കോട് ഇടവക
3. പ്രിയങ്ക ബെന്നി, പുല്ലൂരാംപാറ ഇടവക

**2. ലളിതഗാനം (ആൺകുട്ടികൾ)**

1. അമൽ ജോസ്, പറപ്പള്ളി കൂരാച്ചുണ്ട് ഇടവക
2. മെബിൻ പാലയ്ക്കത്തടത്തിൽ, പുഷ്പഗിരി ഇടവക
3. ആൽബിൻ രാജു, മരുതോങ്കര ഇടവക

**3. ലളിതഗാനം (പെൺകുട്ടികൾ)**

1. ജ്യോതിസ് ജോസ്, തിരുവമ്പാടി ഇടവക
2. ലിയ മാത്യു ഉള്ളൂർ, തോട്ടുമുക്കം ഇടവക
3. ജ്യോതിസ് മനോജ്, മരുതോങ്കര ഇടവക

**4. പ്രസംഗം (പെൺകുട്ടികൾ)**

1. ആൻമേരി അഗസ്റ്റിൻ, ചക്കിട്ടപ്പാറ ഇടവക
2. എസ്തേർ ക്രിസ്റ്റി, പടത്തുകടവ് ഇടവക

**5. സ്പോട്ട് കൊറിയോ (പെൺകുട്ടികൾ)**

1. അക്സ അറയ്ക്കൽ, കൂരാച്ചുണ്ട് ഇടവക
2. സാന്ദ്ര റോസ് വിൻസെന്റ്, വിലങ്ങാട് ഇടവക
3. റിയ ജോൺസൺ, വിലങ്ങാട് ഇടവക
3. ക്രിസ്റ്റ തോമസ്, കൂരാച്ചുണ്ട് ഇടവക

**6. സ്പോട്ട് കൊറിയോ (ആൺകുട്ടികൾ)**

1. അജയ് ചാർളി, പുല്ലൂരാംപാറ ഇടവക
2. സോബിൻ ജെയിംസ്, പുഷ്പഗിരി ഇടവക
3. രോഹിത് റോബി, പുല്ലൂരാംപാറ ഇടവക

**7. ഫോട്ടോഗ്രഫി (ആൺകുട്ടികൾ)**

1. എബിൻ തോമസ്, കൂരാച്ചുണ്ട് ഇടവക
2. ഡെന്നിസ് സന്തോഷ്, പുല്ലൂരാംപാറ ഇടവക
3. ആകർഷ് കളത്തിപ്പറമ്പിൽ, പുഷ്പഗിരി ഇടവക

**8. ഫോട്ടോഗ്രഫി (പെൺകുട്ടികൾ)**

1. മരിയ വലിയവീട്ടിൽ, പേരാമ്പ്ര ഇടവക
2. ജ്യോതിസ് ജോസ്, തിരുവമ്പാടി ഇടവക
3. ബ്രൗണി ദിലീപ്, പശുക്കടവ് ഇടവക

**9. മിമിക്രി (ആൺകുട്ടികൾ)**

1. കോളിൻ ബിനോയി, മഞ്ഞക്കടവ് ഇടവക

2. ജോയൽ ഷിജോ കൊച്ചുതൊട്ടിയിൽ, കുപ്പായക്കോട്
3. റോഷൻ പി. റോയി, കുണ്ടായിത്തോട് ഇടവക

### 10. മിമിക്രി (പെൺകുട്ടികൾ)

1. മിൽന കുറുമുട്ടം, കൂരാച്ചുണ്ട് ഇടവക
2. നിമിഷ റോയ് തടത്തിൽ, കല്ലുരുട്ടി ഇടവക

### 11. മോണോ ആക്ട് (ആൺകുട്ടികൾ)

1. എബിൻ ആന്റണി, പശുക്കടവ് ഇടവക
2. റിച്ചാർഡ് ജോസഫ്, പുല്ലൂരാംപാറ ഇടവക
3. ആൽഫിൻ ജോയ് മുണ്ടപ്ലാക്കൽ, തോട്ടുമുക്കം ഇടവക

### 12. മോണോ ആക്ട് (പെൺകുട്ടികൾ)

1. സാന്ദ്ര റോസ് വിൻസെന്റ്, വിലങ്ങാട് ഇടവക
2. പ്രിയങ്ക ബെന്നി, പുല്ലൂരാംപാറ ഇടവക
3. റോസ് ഷാജു ചീരൻ, കുണ്ടായിത്തോട് ഇടവക

### 13. പ്രസംഗം (ആൺകുട്ടികൾ)

1. ജിത്തു തുരുത്തിക്കാട്ടിൽ, പുഷ്പഗിരി ഇടവക
2. റിച്ചാർഡ് ജോസഫ്, പുല്ലൂരാംപാറ ഇടവക
3. ലിയോൺ സെബാസ്റ്റ്യൻ, കാറ്റുള്ളമല ഇടവക

### അഭിനന്ദനങ്ങൾ, ആശംസകൾ

1. ഓഗസ്റ്റ് 25 ന് നാമഹേതുക തിരുനാൾ ആഘോഷിച്ച കെ.സി.വൈ.എം എ സ്.എം.വൈ.എം താമരശ്ശേരി രൂപത ആനിമേറ്റർ സി. ഷാർലറ്റ് സി.എം.സി ക്ക് തിരുനാൾ മംഗളങ്ങൾ നേർന്നു.
2. ഓഗസ്റ്റ് 29 ന് വി. എവുപ്രാസ്യമ്മയുടെ തിരുനാൾ മംഗളങ്ങൾ നേർന്നു.
3. വിവാഹ ജീവിതത്തിലേക്ക് പ്രവേശിച്ച രൂപത ജനറൽ സെക്രട്ടറി റിച്ചാൾഡ് ജോണിനും ടെസ്സിക്കും മംഗളങ്ങളും പ്രാർത്ഥനകളും അറിയിച്ചു.
4 സെപ്റ്റംബർ 14 ന് വിശുദ്ധ കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ മംഗളങ്ങൾ നേർന്നു.

### പ്രണാമം

സെപ്റ്റംബർ 6 ന് രണ്ടാം മരണവാർഷികം അനുസ്മരിക്കപ്പെടുന്ന മാർ പോൾ ചിറ്റിലപ്പിള്ളി പിതാവിന്റെ ഓർമ്മകൾക്ക് മുന്നിൽ പ്രണാമം അർപ്പിച്ചു.

### നിലാവ് കൂട്ടം നടത്തിയ ഇടവകകൾ

സെപ്റ്റംബർ 6 തലയാട്, സെപ്റ്റംബർ 11 കൂടത്തായി ഇടവകകളിൽ നിലാ വ് കൂട്ടം സംഘടിപ്പിച്ചു.

## അറിയിപ്പുകൾ

*1. യൂണിറ്റ് തെരഞ്ഞെടുപ്പുകൾ നടത്തേണ്ടതാണ്.*

2022-23 വർഷത്തെ യൂണിറ്റ് ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് ഒക്ടോബർ മാസത്തിൽ നടത്തേണ്ടതാണ്. ബഹുമാനപ്പെട്ട യൂണിറ്റ് ഡയറക്ടർ അച്ചന്മാരുടെയും അനിമേറ്ററ്മാരുടെയും നിലവിലുള്ള ഭാരവാഹികളുടെയും സാന്നിധ്യത്തിൽ ജനറൽ ബോഡി യോഗം ചേർന്ന് പ്രസിഡണ്ട്, സെക്രട്ടറി, ട്രഷറർ (സജീവ അംഗത്വം ഉള്ളവരിൽ നിന്ന് തെരഞ്ഞെടുക്കേണ്ടതാണ് പ്ലസ്ടുവിന് മുകളിൽ വിദ്യാഭ്യാസയോഗ്യതയുള്ളവർ.ഏതെങ്കിലും ഇടവകകളിൽ ഇളവുകൾവേണമെങ്കിൽ രൂപതയുമായി ബന്ധപ്പെടുമല്ലോ), വൈസ് പ്രസിഡണ്ട്, ജോയിന്റ് സെക്രട്ടറി, നാല് എക്സിക്യൂട്ടീവ് അംഗങ്ങൾ മേഖലാ പ്രതിനിധി എന്നിവരെയാണ് തിരഞ്ഞെടുക്കേണ്ടത്. വരുന്ന ഒക്ടോബർ മാസം വരെ യൂണിറ്റിൽ സംലഭ്യരാകുന്ന വ്യക്തികളെ ഭാരവാഹികളായിതെരഞ്ഞെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു. തിരഞ്ഞെടുക്കപ്പെട്ട ഭാരവാഹികളുടെ ലിസ്റ്റ് മേഖലയിലേക്ക് കൈമാറേണ്ടതാണ്.

*2. മേഖല വാർഷിക സെനറ്റും തെരഞ്ഞെടുപ്പും*

മേഖല വാർഷിക സെനറ്റും തെരഞ്ഞെടുപ്പും നവംബർ മാസ ത്തിൽ നടത്തുന്നതായിരിക്കും.

*3. സംസ്ഥാന കലാ മത്സരം*

32 രൂപതകൾ അണിനിരക്കുന്ന സംസ്ഥാനതല കലോത്സവം ഉത്സവ് 2002 സംഘടിപ്പിക്കപ്പെടുന്നു. ഒക്ടോബർ രണ്ടാം തീയതി രചന മത്സരങ്ങളും ഒക്ടോബർ 4, 5 തീയതികളിലായി ഇടുക്കി രൂപതയുടെ ആതിഥേയത്വത്തിൽ കലാ മത്സരങ്ങളും ക്രമീകരിച്ചിരിക്കുന്നു.

**ഫാ. മാത്യു തുമുള്ളിൽ**
അസി. ഡയറക്ടർ

**ഫാ. ജോർജ്ജ് വെള്ളയ്ക്കാക്കുടിയിൽ**
ഡയറക്ടർ, കെ.സി.വൈ.എം

# കാത്തലിക് നഴ്സസ് ഗിൽഡ് ഓഫ് ഇൻഡ്യ

## കേരള റീജിയൺ മലബാർ സോൺ മീറ്റ്

സി.എൻ.ജി.ഐ മലബാർ സോൺ സംഗമം ആഗസ്റ്റ് 28-ാം തീയ്യതി ഞായറാഴ്ച പി.എം. ഒ.സി യിൽ വച്ച് നടത്തപ്പെട്ടു. രാവിലെ 9.30 ന് ആരംഭിച്ച സംഗമത്തിൽ താമരശ്ശേരി രൂപതാദ്ധ്യക്ഷൻ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ വിശുദ്ധ കുർബ്ബാന അർപ്പിച്ച് സന്ദേശം നൽകി. തുടർന്ന് നടന്ന പൊതുസമ്മേളനത്തിൽ കോഴിക്കോട് രൂപത വികാരി ജനറാൾ മോൺസിഞ്ഞോർ ജെൻസൺ പുത്തൻവീട്ടിൽ അധ്യക്ഷനായിരുന്നു. മാർ റെമീജിയോസ് ഇഞ്ചനാനിയിൽ സമ്മേളനം ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു.  സി.എൻ. ജി.ഐ സ്റ്റേറ്റ് എക്ലേയാസ്റ്റിക്കൽ അഡ്വൈസർ റവ. ഫാ. ജെയിംസ് പി. കുന്നത്ത് മുഖ്യപ്രഭാഷണം നടത്തി. സി.എൻ.ജി.ഐ സ്റ്റേറ്റ് പ്രസിഡന്റ് സി. സോണിയ എഫ്.ഡി.സി.സി, കെ.സി.ബി.സി ഹെൽത്ത് കമ്മീഷൻ സെക്രട്ടറി ഡോ. സി. ലില്ലിസ എസ്.എ.ബി.എസ്, ചായ് മലബാർ സോൺ പ്രസിഡന്റ് റവ. ഫാ. മനോജ് കവലക്കാടൻ, സി.എൻ. ജി.ഐ സ്റ്റേറ്റ് സെക്രട്ടറി മി. ജോസി കെ. ജോർജ്ജ് എന്നിവർ ആശംസകൾ അർപ്പിച്ചു. പ്രസ്തുത സമ്മേളനത്തിൽ നാൽപതുവർഷത്തിലധികമായി നഴ്സിംങ് സേവന രംഗത്തുള്ളവരെ ആദരിച്ചു. ഉച്ചകഴിഞ്ഞ് സി.എൻ.ജി ഐ. സംഘടനയുടെ പ്രവർത്തനങ്ങളെക്കുറിച്ച് സി. സോണിയ ക്ലാസ്സ് നയിച്ചു. തുടർന്ന് വിവിധ രൂപതകളിലെ നഴ്സുമാരുടെ കലാപരിപാടികൾ ഒരുക്കപ്പെട്ടു. മുന്നോറോളം നഴ്സുമാർ മനോഹരമായി ഒരുക്കപ്പെട്ട ഈ പ്രോഗ്രാമിൽ പങ്കെടുത്തു.

## നഴ്സസ് സംഗമം

കോഴിക്കോട് സിറ്റിയിലുള്ള വിവിധ ആശുപതികളിൽ സേവനം ചെയ്യുന്ന നഴ്സുമാർക്കായി സെപ്റ്റംബർ മൂന്നാം തീയ്യതി ശനിയാഴ്ച ഏകദിന ധ്യാനം മാങ്കാവ് സെന്റ് ജോസഫ്സ് പള്ളിയിൽ  ഒരുക്കപ്പെട്ടു. അട്ടപ്പാടി സെഹിയോൻ ധ്യാനകേന്ദ്ര ടീം ശുശ്രൂഷകൾക്ക് നേതൃത്വം വഹിച്ചു. ഏകദേശം എഴുപത്തഞ്ചോളം നഴ്സുമാർ പങ്കെടുത്തു.

## മലബാർ സോൺ ലീഡേർസ് മീറ്റ്

സെപ്റ്റംബർ അഞ്ചാം തീയതി തിങ്കളാഴ്ച സി.എൻ.ജി.ഐ മലബാർ സോൺ ലീഡേർസ് മീറ്റ് ഓൺലൈനായി നടത്തപ്പെട്ടു. താമരശ്ശേരി രൂപത ഭാരവാഹികൾ പ്രസ്തുത മീറ്റിംങിൽ പങ്കെടുത്തു. താമരശ്ശേരി രൂപത ഏറ്റെടുത്ത് നടത്തിയ മലബാർ സോൺ സംഗമത്തെക്കുറിച്ച് യോഗം വിലയിരുത്തി അഭിനന്ദനങ്ങൾ അറിയിച്ചു.

**ഫാ. റോണി പോൾ കാവിൽ**
ഡയറക്ടർ, സി.എൻ.ജി.ഐ

# കരിസ്മാറ്റിക് മൂവ്മെന്റ്

കോഴിക്കോട് കരിസ്മാറ്റിക് സോണൽ സേവന സമിതിയുടെ പുനസംഘടന 25.08.22 ന് കുന്നമംഗലം സെന്റ് ജോസഫ്സ് ദൈവാലയത്തിൽ വച്ച് കെസിഎസ്സി കോ-ഓർഡിനേറ്റർ ജോസഫ് താമരവെളി അച്ചനും കെസിഎസ്സി അംഗം സന്തോഷ് തലച്ചിറയും അടങ്ങുന്ന അഞ്ച് അംഗ ഡിസേണിംങ് ടീമിന്റെയും, സോണൽ ആനിമേറ്റർ സൈമൺ വള്ളോപ്പിള്ളി അച്ചൻ, സി. ജോയ്സ്, സി. ഫിൽസി എന്നിവരുടെ നേതൃത്വത്തിൽ നടന്നു.

പത്ത് സബ്സോണുകളുടെ സർവ്വീസ് ടീം അംഗങ്ങളും പ്രത്യേക ക്ഷണിതാക്കളും അടങ്ങുന്ന സോണൽ അഡ്വൈസറി കമ്മറ്റി അംഗങ്ങളുമായ 120 പേർ പ്രസ്തുത മീറ്റിംഗിൽ പങ്കെടുത്തു. സോണൽ കോ-ഓർഡിനേറ്ററായി ശ്രീ. സാജൻ അറക്കപ്പറമ്പിലിനെയും സെക്രട്ടറിയായി ശ്രീ. മത്തായി ചക്കുന്നുംപുറത്തിനെയും, ട്രഷററായി ശ്രീ. തങ്കച്ചൻ കൊച്ചുവേലിക്കകത്തിനെയും തെരഞ്ഞെടുത്തു. ജോൺസൺ തുണ്ടത്തിൽ, ബാബു കോതാനി, പ്രകാശ് കോലഞ്ചേരി, വത്സമ്മ മുരിയംവേലി, മഞ്ജു കാഞ്ഞിരത്തിങ്കൽ, സോളി പാറോപ്പടി തുടങ്ങിയവരാണ് മറ്റ് സർവ്വീസ് ടീം അംഗങ്ങൾ.

കേരളത്തിലെ 24 സോണുകളിലെ പുതുതായി തെരഞ്ഞെടുക്കപ്പെട്ട സേവന സമിതി അംഗങ്ങളുടെ പരിശീലനവും അഭിഷേക പ്രാർത്ഥനയും സെപ്റ്റംബർ 12,13 തീയകളിൽ എമ്മാവൂസിൽ നടന്നു. നമ്മുടെ സോണിൽ നിന്നും 7 പേർ പങ്കെടുത്തു. പരിശീലനത്തിൽ പങ്കെടുത്ത എല്ലാവർക്കും കെസിബിസി കരിസ്മാറ്റിക് കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ മാർ ഐറിനോസ് പിതാവിൽനിന്ന് അഭിഷേകം സ്വീകരിച്ച് ചുമതലയേറ്റു. ഓരോ സേവന സമിതി അംഗങ്ങൾക്കും വിവിധ മിനിസ്ട്രികളുടെയും കൗൺസിലുകളുടെയും കോൺടാക്ട് പേഴ്സൺ എന്ന ഉത്തരവാദിത്വവും നൽകി.

സെപ്റ്റംബർ 15 ന് പുതിയ സേവന സമിതി അംഗങ്ങൾ ബഹു. സൈമൺ അച്ചന്റെയും ആനിമേറ്റർഡ സിസ്റ്റേഴ്സിന്റെയും നേതൃത്വത്തിൽ അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവിനെ കാണുകയും അംഗങ്ങളെ പരിചയപ്പെടുത്തുകയും ചെയ്തു. ഏറ്റെടുത്ത ഉത്തരവാദിത്വങ്ങളെക്കുറിച്ചും ഭാവി പ്രവർത്തനങ്ങളെക്കുറിച്ചും ചർച്ച ചെയ്യുകയും പിതാവിനെ കേൾക്കുകയും പിതാവിൽനിന്ന് പ്രാർത്ഥനയും ആശീർവാദവും സ്വീകരിക്കുകയും ചെയ്തു.

**ഫാ. സൈമൺ വള്ളോപ്പിള്ളി**
ഡയറക്ടർ, ക്രിസ്റ്റീൻ മിനിസ്ട്രി

# ക്രിസ്റ്റീൻ മിനിസ്ട്രി

കോഴിക്കോട് സോണിൽ ക്രിസ്റ്റീൻ മിനിസ്ട്രി ഉണർവിന്റെ പാതയിലാണ്. മതാധ്യാപകരുടെ പ്രതിനിധികളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള പുനസംഘനാ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിരിക്കുകയാണ്. ഇതിന് നേതൃത്വം നൽകിയ ഓൾ കേരള ക്രിസ്റ്റീൻ മിനിസ്ട്രിയുടെ കോർഡിനേറ്റർ ബെന്നിച്ചൻ സാറിനും സോണൽ കോർഡിനേറ്റർ ജെനേഷ് സാറിനും പ്രത്യേകം നന്ദി പറയുന്നു. ഈ തെരഞ്ഞെടുപ്പുകൾ വിജയകരമായി പൂർത്തീകരിക്കാൻ സഹകരിച്ച സബ്സോൺ ആനിമേറ്റർ അച്ചന്മാർക്കും സബ്സോൺ കോർഡിനേറ്റർമാർ, സർവ്വീസ് ടീം അംഗങ്ങൾ, സൺഡേ സ്കൂൾ ഹെഡ്മാസ്റ്റർമാർ എന്നിവർക്കും പ്രത്യേകം നന്ദി അറിയിക്കുന്നു.

### ക്രിസ്റ്റീൻ മിനിസ്ട്രിയുടെ കോഴിക്കോട് സോൺ സർവ്വീസ് ടീം അംഗങ്ങൾ

| | | |
|---|---|---|
| ഡയറക്ടർ | - | ഫാ. സൈമൺ വള്ളോപ്പിള്ളി |
| ആനിമേറ്റർ | - | സി. ലിനി എം.എസ്.എം.ഐ. |
| കോ-ഓർഡിനേറ്റർ | - | ആന്റണി ചൂരപൊയ്ക, കോടഞ്ചേരി |
| സെക്രട്ടറി | - | നീമ വട്ടക്കോട്ടയിൽ, ദേവഗിരി |
| ട്രഷറർ | - | ജോൺ നസ്രത്ത്, പെരിന്തൽമണ്ണ |
| അംഗങ്ങൾ | - | ബെന്നിച്ചൻ കറുകമാലിൽ, മരുതോങ്കര |
| | | ജേയിഷ് മഠത്തിക്കുന്നേൽ, കുണ്ടുതോട് |
| | | ബേബി നെടുംകല്ലേൽ, വേനപ്പാറ |
| | | വിന്ധ്യാ ബാബു നിരപ്പേൽ, കൂരാച്ചുണ്ട് |
| | | ലീലാമ്മ ചിറയിൽ, പാതിരിക്കോട് |
| | | ഗീത തെക്കേക്കൂറ്റ്, വെട്ടത്തൂർ |

### സബ്സോൺ ലീഡേഴ്സ്

#### തോട്ടുമുക്കം

| | | |
|---|---|---|
| ആനിമേറ്റർ | - | ഫാ. തോമസ് കുടിയിരിക്കൽ |
| കോ-ഓർഡിനേറ്റർ | - | ഫെബിഷ ചിലമ്പികുന്നേൽ |
| സെക്രട്ടറി | - | ദീപ്തി ഞള്ളതിൽ |
| ട്രഷറർ | - | മിനി ജോളി പൈക്കാട്ട് |

#### കോഴിക്കോട് സിറ്റി

| | | |
|---|---|---|
| ആനിമേറ്റർ | - | ഫാ. ജോസഫ് കളരിക്കൽ |
| സിസ്റ്റർ ആനിമേറ്റർ | - | സി. ടോണിയ എം.എസ്.എം.ഐ. |

| | | |
|---|---|---|
| കോ-ഓർഡിനേറ്റർ | - | വിന്ദു വടക്കേടം |
| സെക്രട്ടറി | - | കുഞ്ഞുമോൾ അമലാപുരി |
| ട്രഷറർ | - | ജോമ കുന്നക്കാട്ട് |

**പെരിന്തൽമണ്ണ**

| | | |
|---|---|---|
| ആനിമേറ്റർ | - | ഫാ. ജോമോൻ പാട്ടശ്ശേരി |
| സിസ്റ്റർ ആനിമേറ്റർ | - | സി. അമല എഫ്.സി.സി. |
| കോ-ഓർഡിനേറ്റർ | - | ഗീത ആന്റണി തെക്കേക്കൂറ്റ് |
| സെക്രട്ടറി | - | ബെന്നി മൈക്കിൾ പുളിക്കൽ |
| ട്രഷറർ | - | ജോൺ മാത്യു നസ്രത്ത് |

**കോടഞ്ചേരി**

| | | |
|---|---|---|
| ആനിമേറ്റർ | - | ഫാ. ആന്റണി ചെന്നിക്കര |
| സിസ്റ്റർ ആനിമേറ്റർ | - | സി. ജിസ്മി എഫ്.സി.സി. |
| കോ-ഓർഡിനേറ്റർ | - | ആന്റണി ചൂരപൊയ്ക |
| സെക്രട്ടറി | - | ആന്റണി കിഴക്കേപ്ലാക്കൽ |
| ട്രഷറർ | - | സെബിൻ സണ്ണി വെള്ളക്കാക്കുടിയിൽ |

**തിരുവമ്പാടി**

| | | |
|---|---|---|
| ആനിമേറ്റർ | - | ഫാ. ജോസ് താണ്ടാംപറമ്പിൽ |
| സിസ്റ്റർ ആനിമേറ്റർ | - | സി. ലിൻസ് എസ്.ഡി. |
| കോ-ഓർഡിനേറ്റർ | - | കെ.സി. മേരി ഉണ്ണികുന്നേൽ |
| സെക്രട്ടറി | - | ബേബി നെടുകല്ലേൽ |
| ട്രഷറർ | - | അബ്രാഹം ഇരുമ്പുകുഴിയിൽ |

**കരുവാരകുണ്ട്**

| | | |
|---|---|---|
| ആനിമേറ്റർ | - | ഫാ. മാത്യു കോട്ടക്കൽ |
| സിസ്റ്റർ ആനിമേറ്റർ | - | സി. സിൽവിയ ജോസ് സി.എം.സി. |
| കോ-ഓർഡിനേറ്റർ | - | ലീലാമ്മ ചിറയിൽ |
| സെക്രട്ടറി | - | സിനി സിബി വയലിൽ |
| ട്രഷറർ | - | സിറ്റാമ്മ പെങ്ങാനത്ത് |

**താമരശ്ശേരി**

| | | |
|---|---|---|
| ആനിമേറ്റർ | - | ജോൺ വള്ളിയാംതടത്തിൽ |
| സിസ്റ്റർ ആനിമേറ്റർ | - | സി. ഗ്രേയ്സി എഫ്.എച്ച്.ജി.എസ്. |
| കോ-ഓർഡിനേറ്റർ | - | ജിസ്മി റ്റിംബിൾ തെന്നിയാനിക്കൽ |
| സെക്രട്ടറി | - | സിജി ജോർജ്ജ് മണ്ണൂർ |
| ട്രഷറർ | - | രാജു മംഗലശ്ശേരി |

### മലപ്പുറം

| | | |
|---|---|---|
| ആനിമേറ്റർ | - | ഫാ. ജോൺസൺ കൊച്ചീലാത്ത് |
| സിസ്റ്റർ ആനിമേറ്റർ | - | സി. ആഗ്നസ് ജോസഫ് എസ്.എച്ച്. |
| കോ-ഓർഡിനേറ്റർ | - | സി. അരുൺ സി.എസ്.എൻ. |
| സെക്രട്ടറി | - | സജി അബ്രാഹം ചാത്തുകുളം |
| ട്രഷറർ | - | ആലീസ് നടുതൊട്ടിയിൽ |

### ധ്യാനം നടത്തി

സെപ്റ്റംബർ 3,4,5 തീയതികളിൽ കുണ്ടുതോട് ഇടവകയിൽ കുട്ടികൾക്കുവേണ്ടി നടത്തിയ ക്രിസ്റ്റീൻ ധ്യാനത്തിന് സി. റെനി സി.എം.സി.& ടീം നേതൃത്വം നൽകി.

### ഏകദിന ധ്യാനം

കൂരാച്ചുണ്ട് സബ്സോണിലെ കുട്ടികൾക്കുവേണ്ടി കൂരാച്ചുണ്ട് പള്ളിയിൽ വച്ച് ക്രിസ്റ്റീൻ ഏകദിന ധ്യാനം നടത്തി. ധ്യാനത്തിന് ഫാ. വിൻസെന്റ് കണ്ടത്തിൽ, ഫാ. മാത്യു കുളത്തിങ്കൽ, ഫാ. തോമസ് പുലയംപറമ്പിൽ, ബെന്നിച്ചൻ മരുതോങ്കര എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി.

എല്ലാ കുഞ്ഞുങ്ങളേയും ഈശോയുടെ സ്നേഹത്തിൽ വളർത്താൻ നമുക്ക് ഒത്തൊരുമിച്ച് പ്രവർത്തിക്കാം, ഈശോ എല്ലാവരേയും അനുഗ്രഹിക്കട്ടെ.

**ഫാ. സൈമൺ വള്ളോപ്പിള്ളി**
ഡയറക്ടർ, ക്രിസ്റ്റീൻ മിനിസ്ട്രി

## സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ

തിരുവമ്പാടി ഫൊറോന പള്ളിയിൽ പ്രവർത്തിക്കുന്ന പുരുഷ, വനിത കോൺഫ്രൻസുകൾ ഏറ്റെടുത്തിരുന്ന 8 വീടുകളിൽ 3 വീടുകൾ വെഞ്ചരിച്ച് അർഹതപ്പെട്ടവർക്ക് നൽകി.

പരി. അമ്മയുടെ ജന്മദിനമായ സെപ്റ്റംബർ 8-ാം തീയതിയായിരുന്നു വെഞ്ചരിപ്പ് നടത്തിയത്. ഫൊറോന വികാരിയും സംഘടനയുടെ ആദ്ധ്യാത്മിക ഉപദേഷ്ടാവുമായ ബഹു. തോമസ് നാഗപറമ്പിലച്ചനും പുല്ലൂരാംപാറ വികാരിയച്ചനും ചേർന്നാണ് വീടുകൾ വെഞ്ചരിച്ച് കുടുംബനാഥന്മാർക്ക് കൈമാറിയത്.

തദവസരത്തിൽ നടന്ന ചടങ്ങിൽ ബഹു. തോമസ് നാഗപറമ്പിലച്ചനും സെൻട്രൽ കൗൺസിൽ പ്രസിഡന്റും, കോൺഫ്രൻസ് പ്രസിഡന്റും, ഏരിയ

കൗൺസിൽ പ്രസിഡന്റും സംഘടനയുടെ മറ്റു ഭാരവാഹികളും ധാരാളം സംഘടനാ പ്രവർത്തകും ചടങ്ങിൽ പങ്കെടുത്തു.

രൂപതയിലെ മുഴുവൻ വിൻസെന്റ് ഡി പോൾ സൊസൈറ്റി അംഗങ്ങളും പങ്കെടുക്കുന്നതിന് രൂപതയുടെ 4 സ്ഥലങ്ങളിലായി 2 ദിവസത്തെ ധ്യാനം ക്രമീകരിച്ചു. പുല്ലൂരാംപാറ ബഥാനിയ, കോഴിക്കോട് പി.എം.ഒ.സി., പെരിന്തൽമണ്ണ സെന്റ് അൽഫോൻസ പള്ളി, കുളത്തുവയൽ സെന്റ് ജോർജ്ജ് പള്ളി എന്നിവിടങ്ങളിലാണ് ധ്യാനം നടത്തുന്നത്. വിൻസെൻഷ്യൻ കോൺഗ്രിഗേഷനിൽ ഉള്ള ബഹു. ബിജു കൂനൻ അച്ചനാണ് 4 സ്ഥലങ്ങളിലും ധ്യാനം നടത്തുന്നത്.

സെപ്റ്റംബർ 16,17,18 ദിവസങ്ങളിൽ കൊല്ലത്ത് നടക്കുന്ന നാഷണൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ വാർഷിക യോഗത്തിൽ സെൻട്രൽ കൗൺസിൽ പ്രസിഡന്റ് പങ്കെടുക്കുന്നുണ്ടെന്ന് അറിയിച്ചു.

140 കോൺഫ്രൻസുകൾ എല്ലാംതന്നെ പഴയതുപോലെ യോഗം ചേരുകയും പാവപ്പെട്ടവരുടെ ആവശ്യങ്ങൾ മനസിലാക്കി പ്രവർത്തിക്കുകയും ചെയ്യുന്നുണ്ടെന്ന് 11 ഏരിയ കൗൺസിൽ പ്രസിഡന്റുമാർ അറിയിച്ചു. കോവിഡ് മഹാമാരിക്കു മുമ്പുണ്ടായിരുന്ന സാഹചര്യം വീണ്ടെടുത്തു പ്രവർത്തിക്കാൻ തുടങ്ങിയെന്ന് അറിയിച്ചു.

**ബ്രദർ. തോമസ് പുലിക്കോട്ടിൽ**
CC പ്രസിഡന്റ്, സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി

# ബഥാനിയ ധ്യാനകേന്ദ്രം

"അവന്റെ മുറിവിനാൽ നിങ്ങൾ സൗഖ്യമുള്ളവരാക്കപ്പെട്ടിരിക്കുന്നു" (1 പത്രോ. 2:24).

"ഇതാ നിന്റെ അമ്മ" (യോഹ. 19:27) എന്ന തിരുവചനത്തിലൂടെ ഈശോ നമുക്ക് അമ്മയായിത്തന്ന പരി. അമ്മയുടെ സവിധത്തിലേക്ക് ജപമാല ചൊല്ലി പ്രാർത്ഥിക്കുവാൻ കടന്നുവരുന്ന ദിനങ്ങളാണ് ഇപ്പോൾ ബഥാനിയായിൽ. പ്രതികൂല കാലവസ്ഥയെപ്പോലും അവഗണിച്ച് ആയിരങ്ങളാണ് ബഥാനിയായിൽ വന്ന് അഖണ്ഡജപമാലയിൽ പങ്കെടുക്കുന്നത്.

### ധ്യാനങ്ങൾ

സെപ്റ്റംബർ മാസത്തിൽ 9 മുതൽ 12 വരെയും 23 മുതൽ 26 വരെയും രണ്ട് ധ്യാനങ്ങളാണ് ബഥാനിയായിൽ നടന്നത്. ഈ കാലഘട്ടത്തിന്റെ പ്രത്യേകതകൾ മൂലം നിരാശയിലാണ്ടുപോയ അനേകര് ധ്യാനത്തിൽ പങ്കെടുത്ത് മാനസാന്തര ജീവിതത്തിലേക്ക് കടന്നുവന്നു. ധ്യാനങ്ങൾക്ക് ബഥാനിയാ ഡയറക്ടർ ബഹു. സെബാസ്റ്റ്യൻ പുളിക്കൽ അച്ചനും ടീമുമാണ് നേതൃത്വം നൽകി.

### ഏകദിന കൺവെൻഷൻ

സെപ്റ്റംബർ മാസത്തിലെ എല്ലാ വെള്ളിയാഴ്ചകളിലും ഏകദിന കൺവെൻഷനുകൾ നടന്നു. സെപ്റ്റംബർ 2-ാം തീയതിയിലെ ആദ്യവെള്ളിയാഴ്ച ശുശ്രൂഷയിൽ അനേകം ദൈവമക്കൾ പങ്കെടുത്തു.

രാവിലെ 9 മണിക്ക് ആരംഭിച്ച ഏകദിന ശുശ്രൂഷയിൽ കുരിശിന്റെവഴി, ജപമാല, ദിവ്യകാരുണ്യ ആരാധന, സ്തുതി ആരാധന, സൗഖ്യശുശ്രൂഷ, വിടുതൽ ശുശ്രൂഷ, വി. കുർബാന എന്നിവ നടത്തപ്പെട്ടു.

### അഖണ്ഡജപമാലയും ദിവ്യകാരുണ്യ ആരാധനയും

2022 ലെ അഖണ്ഡജപമാല പകുതിയലധികം ദിവസങ്ങൾ പിന്നിട്ടിരിക്കുന്നു. പരി. അമ്മയുടെ മുമ്പിൽ സമർപ്പിക്കപ്പെട്ടിരിക്കുന്ന പ്രാർത്ഥനാനിയോഗങ്ങൾക്കായി എല്ലാ വി. കുർബാനകളിലും പ്രത്യേകം പ്രാർത്ഥിക്കുന്നു. ബഹു. വൈദികരുടെയും സിസ്റ്റേഴ്സിന്റെയും അത്മായരുടെയും സാന്നിധ്യം അഖണ്ഡ ജപമാലയിലൂടെ ലഭിക്കുന്ന അനുഗ്രഹങ്ങളുടെ നേർസാക്ഷ്യമാണ്. ഞായർ ഒഴികെ എല്ലാ ദിവസവും രാവിലെ 6 മണിക്കും ഉച്ചക്ക് 12 മണിക്കും വൈകുന്നേരം 7 മണിക്കും വി. കുർബാനയുണ്ട്. എല്ലാ ദിവസവും കുമ്പസാരിക്കുന്നതിനുള്ള സൗകര്യവും ഒരുക്കിയിട്ടുണ്ട്.

### ദിവ്യകാരുണ്യ കൺവെൻഷൻ

2022 സെപ്റ്റംബർ 9 വെള്ളിയാഴ്ച ബഥാനിയാ ധ്യാനകേന്ദ്രവും താമരശ്ശേരി എസ്.എ.ബി.എസ്. വിമലമാതാ പ്രൊവിൻസും ചേർന്ന് ഏകദിന ദിവ്യകാരുണ്യ കൺവെൻഷൻ നടത്തി. എം.സി.ബി.എസ്. സഭാംഗമായ ഫാ. റോബിൻ കാരിക്കാട്ട് നടത്തിയ പ്രത്യേക വചനപ്രഘോഷണത്തിലൂടെ വി. കുർബാനയെ കൂടുതൽ ആഴത്തിൽ അറിയുവാൻ സാധിച്ചു. ബഥാനിയ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പുളിക്കൽ നയിച്ച ദിവ്യകാരുണ്യ ആരാധന ദിവ്യകാരുണ്യ പ്രദക്ഷിണത്തോടെയാണ് സമാപിച്ചത്. താമരശ്ശേരി രൂപത വികാരി ജനറാൾ മോൺ. ജോൺ ഒറവുങ്കര വി. കുർബാനയർപ്പിച്ച് വചനസന്ദേശം നൽകി.

### കെസിവൈഎം-എസ്എംവൈഎം കൺവെൻഷൻ

കെ.സി.വൈ.എം.-എസ്.എം.വൈ.എം. സംഘടനയുടെ നേതൃത്വത്തിൽ നടന്ന 'തെയോഫിയ' യുവജന കൺവെൻഷനിൽ താമരശ്ശേരി രൂപതയിലെ 12 ഇടവകകളിൽ നിന്നായി നാനൂറോളം യുവജനങ്ങൾ പങ്കെടുത്തു. ബഥാനിയായിൽ താമസിച്ച് കൺവെൻഷനിൽ പങ്കെടുത്ത യുവജനങ്ങൾക്ക് സഭയെക്കുറിച്ചും സഭാശുശ്രൂഷകളെക്കുറിച്ചും കൂടുതൽ ആഴത്തിൽ മനസിലാക്കുവാനും ഒപ്പം ക്രൈസ്തവ യുവജനങ്ങൾ നേരിടുന്ന വെല്ലുവിളികളെക്കുറിച്ച് ബോധവാന്മാരാകുവാനും സാധിച്ചു. രൂപതാ ഡയറക്ടർ ഫാ. ജോർജ് വെള്ളയ്ക്കാക്കുടിയിൽ കൺവെൻഷന് നേതൃത്വം നൽകി.

## പരിശുദ്ധ മാതാവിന്റെ പിറവി തിരുനാൾ

സെപ്റ്റംബർ 8-ാം തീയതി ബഥാനിയായിൽ പരിശുദ്ധമാതാവിന്റെ പിറവി ത്തിരുനാൾ ഭക്തിപൂർവ്വം ആഘോഷിച്ചു. 1-ാം തീയതി മുതൽ 8-ാം തീയതി വരെ പരി. മാതാവിനോടുള്ള പ്രത്യേക പ്രാർത്ഥന നടത്തപ്പെട്ടു.

## സ്പിരിചൽ ഷെയറിങ്ങ്

ഞായർ ഒഴികെ എല്ലാ ദിവസങ്ങളിലും അഖണ്ഡജപമാലയോടനുന്ധിച്ച് സ്പിരിചൽ ഷെയറിങ്ങ് ഒരുക്കിയിട്ടുണ്ട്. പരിശീലനം ലഭിച്ച സിസ്റ്റേഴ്സും അല്മായരുമാണ് ഈ ശുശ്രൂഷയ്ക്ക് നേതൃത്വം നൽകുന്നത്.

## മദ്ധ്യസ്ഥ പ്രാർത്ഥന

എല്ലാ ദിവസവും രാവിലെ 9.30 മുതൽ വൈകുന്നേരം 3 മണിവരെ വിവിധ നിയോഗങ്ങൾക്കായി പരിഹാര ചാപ്പലിലും തിരുശേഷിപ്പു ചാപ്പലിലുമായി മദ്ധ്യസ്ഥപ്രാർത്ഥന നടക്കുന്നു.

## ഒക്ടോബർ മാസത്തിലെ ശുശ്രൂഷകൾ

| | | |
|---|---|---|
| 07 ആദ്യവെള്ളി | - | ഏകദിന കൺവെൻഷൻ |
| 7-10 | - | ജീവിതവിശുദ്ധീകരണ ധ്യാനം |
| 14 വെള്ളി | - | ഏകദിന കൺവെൻഷൻ |
| 21 വെള്ളി | - | ഏകദിന കൺവെൻഷൻ |
| 21-24 | - | ജീവിതവിശുദ്ധീകരണ ധ്യാനം |
| 28 വെള്ളി | - | അഖണ്ഡജപമാല സമാപനം |

## ഒക്ടോബർ 28 വെള്ളി അഖണ്ഡജപമാല സമർപ്പണം സമാപന ശുശ്രൂഷകൾ

| | | |
|---|---|---|
| 03 am | - | കരുണകൊന്ത |
| 4 am | - | ജപമാല തുടരുന്നു |
| 6 am | - | വി. കുർബാന |
| 7 am | - | ജപമാല തുടരുന്നു |
| 10 am | - | വചനപ്രഘോഷണം |
| 11 am | - | ആഘോഷമായ വി. കുർബാന<br>**ആർച്ച് ബിഷപ്പ് മാർ ജോസഫ് പാംബ്ലാനി**<br>(തലശ്ശേരി അതിരൂപത മെത്രാപ്പോലീത്ത) |
| 12 pm | - | ദിവ്യകാരുണ്യ ആരാധന, ദിവ്യകാരുണ്യ പ്രദക്ഷിണം |
| 1 pm | - | സമാപന ആശീർവാദം, നേർച്ചഭക്ഷണം |

**ഫാ. സെബാസ്റ്റ്യൻ പുളിക്കൽ**
ഡയറക്ടർ, ബഥാനിയ ധ്യാനകേന്ദ്രം

# വികസനവേദി

## നേതൃത്വ പരിശീലന പരിപാടി

സി.ഒ.ഡി. യുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ഗ്രാമ വികസന സമിതി G.V.S. ഭാരവാഹികൾക്ക് താമരശ്ശേരിയിൽ വച്ച് നേതൃത്വ പരിശീലന പരിപാടി നടത്തി. 'സാമൂഹ്യ നന്മക്കായി നല്ല നേതൃത്വം ഏതൊക്കെതരത്തിൽ പ്രവർത്തിക്കണം' എന്ന വിഷയത്തെ ആസ്പദമാക്കിയായിരുന്നു ക്ലാസ്സുകൾ. K.L.M ഡയറക്ടർ ഫാ. ജെയ്സൺ കാരക്കുന്നേൽ ക്ലാസ്സുകൾക്ക് നേതൃത്വം നല്കി. സി.ഒ.ഡി. പ്രോഗ്രാംകോ ഓർഡിനേറ്റർ കെ.സി. ജോയ് സ്വാഗതവും, മേരിക്കുട്ടി ദേവസ്യ നന്ദിയും രേഖപ്പെടുത്തി. പരിപാടിയിൽ 40 അംഗങ്ങൾ പങ്കെടുത്തു. ഊർങ്ങാട്ടിരി പഞ്ചായത്തിലെ മികച്ച വനിത കർഷക അവാർഡ് നേടിയ നബീസ ജെയിംസിനെ പൊന്നാട അണിയിച്ചു ആദരിച്ചു.

മലപ്പുറം ജില്ലയിൽ സി.ഒ.ഡി. യുടെ കീഴിൽ പ്രവർത്തിക്കുന്ന ഗ്രാമ വികസന സമിതിയുടെ ഭാരവാഹികൾക്കും, സ്വാശ്രയ സംഘ ഭാരവാഹികൾക്കുമായി പരിയാപുരം ഫാത്തിമ മാതാ ഓഡിറ്റോറിയത്തിൽ വച്ച് നേതൃത്വ പരിശീലന പരിപാടി നടത്തി. നേതാക്കൾക്ക് വേണ്ട ഗുണങ്ങൾ, നേതൃത്വത്തിന്റെ കടമകൾ, പുതുമയാർന്ന പദ്ധതികൾ നടത്തുന്നതിനുള്ള പ്രതിസന്ധികൾ എന്നിവ ചർച്ച ചെയ്തു. പരിശീലന പരിപാടിയുടെ ഉദ്ഘാടന കർമ്മം ഇടവക വികാരി ഫാ. ജെയിംസ് വാമറ്റത്തിൽ നിർവഹിച്ചു. പരിശീലന പരിപാടിക്ക് സി.ഒ.ഡി. പ്രോഗ്രാം കോ ഓർഡിനേറ്റർ കെ.സി. ജോയ് നേതൃത്വം നല്കി. ഏരിയ കോ ഓർഡിനേറ്റർ തങ്കമ്മ സേവ്യർ സ്വാഗതവും, റീന ഫ്രാൻസിസ് നന്ദിയും രേഖപ്പെടുത്തി.

തിരുവമ്പാടി ഗ്രാമ വികസന സമിതിയുടെ കീഴിൽ പ്രവർത്തിക്കുന്ന സ്വാശ്രയ സംഘങ്ങളുടെ ഭാരവാഹികൾക്കായി ആനക്കാംപൊയിൽ G.V.S. ഓഫീസിൽ വച്ച് നേതൃത്വ പരിശീലനം നല്കി. സ്വാശ്രയ സംഘങ്ങളിൽ നിലവിൽ നേരിടുന്ന പ്രശ്നങ്ങൾ, പ്രതിസന്ധികൾ എന്നിവയും അവയെ എങ്ങനെ ഫലപ്രദമായി നേരിടാം എന്ന വിഷയം ചർച്ച ചെയ്തു. പരിശീലന പരിപാടിക്ക് സി.ഒ.ഡി . പ്രോഗ്രാം കോ ഓർഡിനേറ്റർ കെ.സി. ജോയ് നേതൃത്വം നല്കി. ഏരിയ കോ ഓർഡിനേറ്റർ റെനി സാബു, G.V.S. പ്രസിഡന്റ് മേരിക്കുട്ടി ദേവസ്യ എന്നിവർ സംസാരിച്ചു.

കൂരാച്ചുണ്ട് ഗ്രാമ വികസന സമിതിയുടെ കീഴിൽ പ്രവർത്തിക്കുന്ന സ്വാശ്രയ സംഘങ്ങളുടെ ഭാരവാഹികൾക്കായി കൂരാച്ചുണ്ട് ഫൊറോന പള്ളി ഓഡിറ്റോറിയത്തിൽ വച്ച് നേതൃത്വ പരിശീലനപരിപാടി നടത്തി. പരിപാടിയുടെ ഉദ്ഘാടന കർമ്മം ഇടവക വികാരി ഫാ. വിൻസെന്റ് കണ്ടത്തിൽ നിർവഹിച്ചു. പരിശീലന പരിപാടിക്ക് സി.ഒ.ഡി. പ്രോഗ്രാം കോ ഓർഡിനേറ്റർ കെ.സി. ജോയ് നേതൃത്വം നല്കി. ഏരിയ കോ ഓർഡിനേറ്റർ മോളി സെബാസ്റ്റ്യൻ, സെലിൻ

തോമസ് എന്നിവർ പ്രസംഗിച്ചു. കൂരാച്ചുണ്ട് GVS കാരിയാത്തുംപാറ സെന്റ് ജോസഫ് സ്കൂളിലെ ദുരിതാശ്വാസ ക്യാമ്പ് സന്ദർശനം നടത്തി.

### ഊർജ്ജ സംരക്ഷണ സെമിനാറും, ഭക്ഷ്യ സംസ്കരണ പരിശീലനവും

പെരുവണ്ണാമൂഴി കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ (KVK) സഹായത്തോടെ സി.ഒ.ഡി. താമരശ്ശേരി തൊട്ടുമുക്കത്തു വച്ചു ഊർജ്ജ സംരക്ഷണ സെമിനാറും, ഭക്ഷ്യ സംസ്കരണ പരിശീലനവും നൽകി. പരിപാടിയുടെ ഉദ്ഘാടനം KVK വെറ്റിനറി സർജൻ ഡോ. ഷണ്മുഖവേൽ നിർവഹിച്ചു. ഊർജ്ജത്തിന്റെ പ്രാധാന്യം, ഊർജ്ജ ഉപയോഗത്തിലെ നിയന്ത്രണത്തെക്കുറിച്ചും സി.ഒ.ഡി. പ്രോഗ്രാം കോ ഓർഡിനേറ്റർ കെ.സി. ജോയ് ക്ലാസ്സെടുത്തു. പ്രാദേശികമായി ലഭ്യമാകുന്ന പഴങ്ങൾകൊണ്ട് ജാം ഉണ്ടാക്കുന്ന പരിശീലന പരിപാടിക്ക് ഏരിയ കോ ഓർഡിനേറ്റർ ഷാജി പോൾ നേതൃത്വം നല്കി. ഏരിയ കോ ഓർഡിനേറ്റർ ഷൈനി സിബി സ്വാഗതവും G V S പ്രസിഡന്റ് മിനി സന്തോഷ് നന്ദിയും അർപ്പിച്ചു.

കോടഞ്ചേരി ഗ്രാമ വികസന സമിതി, (K V K) യുടെയും, സി.ഒ.ഡി യുടെയും സഹകരണത്തോടെ പാറമലയിൽ വച്ച് ഊർജ്ജ സംരക്ഷണ സെമിനാറും, ഭക്ഷ്യ സംസ്കരണ പരിശീലനവും നൽകി. പരിപാടിയുടെ ഉത്ഘാടനം KVK വെറ്റിനറി സർജൻ ഡോ. ഷണ്മുഖവേൽ നിർവഹിച്ചു. ഊർജ്ജ സംരക്ഷണത്തിന്റെ വിവിധവശങ്ങളെക്കുറിച്ചു സി.ഒ.ഡി. പ്രോഗ്രാം കോ ഓർഡിനേറ്റർ കെ.സി. ജോയ് ക്ലാസ്സെടുത്തു. ഏരിയ കോ ഓർഡിനേറ്റർ ഷാജി പോളിന്റെ നേതൃത്വത്തിൽ കേക്ക് നിർമ്മിച്ചു. കേക്ക് നിർമ്മാണത്തെക്കുറിച്ചു ഷാജി പോൾ ക്ലാസ്സെടുത്തു. ഏരിയ കോ ഓർഡിനേറ്റർ സോളി ബെന്നി, ആലിസ് തോമസ് എന്നിവർ സംസാരിച്ചു. പുതുപ്പാടി ഗ്രാമ വികസന സമിതി മൈലള്ളാംപാറ MCC യിൽ വച്ച്, (K.V.K) യുടെയും, സി.ഒ.ഡി. യുടെയും സഹകരണത്തോടെ ഊർജ്ജ സംരക്ഷണ സെമിനാറും, ഭക്ഷ്യ സംസ്കരണ പരിശീലനവും നൽകി. പരിപാടിയുടെ ഉത്ഘാടനം K V K വെറ്റിനറി സർജൻ ഡോ. ഷണ്മുഖവേൽ നിർവഹിച്ചു. ഊർജ്ജ സംരക്ഷണത്തെക്കുറിച്ചു സി.ഒ.ഡി. പ്രോഗ്രാം കോ ഓർഡിനേറ്റർ കെ.സി. ജോയ് ക്ലാസ്സെടുത്തു. ഏരിയ കോ ഓർഡിനേറ്റർ ഷാജി പോൾ നേതൃത്വത്തിൽ കേക്ക് നിർമ്മാണം, ശർക്കരവരട്ടി എന്നിവ നടത്തി. ഏരിയ കോ ഓർഡിനേറ്റർ ത്രേസ്സ്യാമ്മ തോമസ്, ഡെയ്സി ജോയ് എന്നിവർ സംസാരിച്ചു.

### സ്കിൽ ട്രെയിനിംഗ്

ചെമ്പുകടവ് MCC യുടെ നേതൃത്വത്തിൽ സോപ്പുൽപന്നങ്ങൾ ഉണ്ടാക്കുന്ന രീതിയെക്കുറിച്ചു സെമിനാറും, ഉൽപ്പന്നങ്ങളുടെ നിർമ്മാണവും നടത്തി. ഷീജ ടെസ്സി പരിശീലനത്തിനു നേതൃത്വം നൽകി. ഏരിയ കോ ഓർഡിനേറ്റർ സോളി ബെന്നി, റോസമ്മ ജോസഫ്, പൗളി ചാക്കോ എന്നിവർ സംസാരിച്ചു. ചിരട്ടാമല ഗ്രാമ വികസന സമിതിയുടെ നേതൃത്വത്തിൽ സോപ്പുനിർമ്മാണ പരിശീലനം നടത്തി. ഏരിയ കോ ഓർഡിനേറ്റർ തങ്കമ്മ സേവ്യർ പരിശീലനത്തിനു നേതൃത്വം നൽകി.

## പച്ചമരുന്ന് നിർമ്മാണം

കക്കയം MCC യുടെ നേതൃത്വത്തിൽ സൂര്യ SHG യിൽ വച്ച് പച്ചമരുന്ന് നിർമ്മാണം നടത്തി. ചുമയ്ക്ക് ഏറ്റവും ഫലപ്രദമായി ഉപയോഗിക്കാൻ കഴിയുന്ന ഔഷധമായ താലിസ് പത്രാദി ചൂർണ്ണം നിർമ്മിച്ചു. ഏരിയ കോ ഓർഡിനേറ്റർ മോളി സെബാസ്റ്റ്യൻ നേതൃത്വം നൽകി.

## ആരോഗ്യ ബോധവത്കരണ പരിപാടി

കാരിയാത്തുംപാറ MCC യുടെ നേതൃത്വത്തിൽ മഴക്കാല രോഗങ്ങളെക്കുറിച്ചും, പ്രതിവിധിയും, പ്രതിരോധവും എന്ന വിഷയത്തിൽ സെമിനാർ നടത്തി. കൂരാച്ചുണ്ട് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ സ്വപ്ന, JPHN അഞ്ചു അനൂപ് എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. ഏരിയ കോ ഓർഡിനേറ്റർ മോളി സെബാസ്റ്റ്യൻ, ജിജി ബാവോസ്, മാത്യു ആന്റോ, ഇന്ദിര മുരളി എന്നിവർ പ്രസംഗിച്ചു.

പുതുപ്പാടി ഗ്രാമ വികസന സമിതിയുടെ നേതൃത്വത്തിൽ ഈങ്ങാപ്പുഴയിൽ വച്ച് പേപ്പട്ടിവിഷബാധയും, ചികിത്സാരീതിയും എന്ന വിഷയത്തിൽ പുതുപ്പാടി കുടുംബാരോഗ്യ കേന്ദ്രം ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ. ജയരാജൻ ക്ലാസ്സെടുത്തു. ഏരിയ കോ ഓർഡിനേറ്റർ ത്രേസ്സ്യാമ്മ തോമസ് സ്വാഗതം ആശംസിച്ചു. പുതുപ്പാടി PHC യിൽ നിന്നും ട്രാൻസ്ഫർ ആയി പോകുന്ന ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ജയരാജൻ സാറിന് പുതുപ്പാടി GVS യാത്രയയപ്പ് നൽകി.

വിലങ്ങാട് ഗ്രാമ വികസന സമിതി ലഹരി വിരുദ്ധ ദിനാചരണത്തിന്റെ ഭാഗമായി സെമിനാർ നടത്തി. നാദാപുരം ASI രാജൻ ക്ലാസ്സെടുത്തു. ഏരിയ കോ ഓർഡിനേറ്റർ ഉഷ ജോണി പരിപാടികൾക്ക് നേതൃത്വം നൽകി.

## ജെൽ ജീവൻ മിഷൻ

തിരുവമ്പാടി ഗ്രാമപഞ്ചത്തിന്റെ സ്റ്റേക്ക് ഹോൾഡേഴ്സ് പരിശീലനം പുന്നക്കൽ പാരിഷ് ഹാളിൽ വച്ച് നടത്തി. 6-ാം വാർഡ് മെമ്പർ ലിസി തേക്കുംകാട്ടിൽ അധ്യക്ഷം വഹിച്ചു. ADS മെമ്പർ സ്വാഗതം പറഞ്ഞു. 60 പേർ പങ്കെടുത്തു. ജെൽ ജീവൻ പദ്ധതിയെക്കുറിച്ചു ടീം ലീഡർ റെനി സാബു ക്ലാസ്സെടുത്തു. അംഗൻവാടി ടീച്ചർ രസിത നന്ദി പറഞ്ഞു.

## ജല ഗുണനിലവാര പരിശോധന ക്യാമ്പ് സങ്കടിപ്പിച്ചു

ഓമശ്ശേരി ഗ്രാമപഞ്ചായത്തിൽ ജൽ ജീവൻ പദ്ധതിയുടെ ഭാഗമായി. ജല ഗുണനിലവാര പരിശോധന ക്യാമ്പ് സങ്കടിപ്പിച്ചു. ഓമശ്ശേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. പി അബ്ദുൾ നാസർ ക്യാമ്പ് ഉദ്ഘാടനം ചെയ്തു.

വികസനകാര്യ സ്റ്റാൻഡിങ് കമ്മറ്റി ചെയർമാൻ ശ്രീ. യൂനുസ് അമ്പലക്കണ്ടി അദ്ധ്യക്ഷത വഹിച്ചു. കേരള വാട്ടർ അതോറിറ്റിയിലെ ക്വാളിറ്റി മാനേജർ ശ്രീ.വിനോദ് കുമാർ എം. ജി. മുഖ്യ പ്രഭാഷണം നടത്തി. നിരവധി ആളുകൾ

ക്യാമ്പിൽ വെള്ളം പരിശോധിക്കുന്നതിനായി എത്തി. ജൽ ജീവൻ മിഷൻ ഓമശ്ശേരി ടീം ലീഡർ ജ്യോതിസ് ജോസ്, ക്രിസ്റ്റീന, റെനി സാബു, ഷാദിയ, ആൽബിൻ ടോമി എന്നിവർ പങ്കെടുത്തു. ജല ഗുണനിലവാര പരിശോധന ക്യാമ്പ് തിരുവമ്പാടി ഗ്രാമപഞ്ചായത്തു കമ്മ്യൂണിറ്റി ഹാളിൽ വച്ച് വാട്ടർ അതോറിറ്റി ക്വാളിറ്റി മാനേജർ വിനോദ് കുമാർ ട്രെയിനിങ് ക്ലാസ്സ് നടത്തി. ഗ്രാമപഞ്ചായത്തു പ്രസിഡന്റ് മേഴ്സി പുളിക്കാട്ട് ആദ്ധ്യക്ഷതയിൽ വൈസ് പ്രസിഡന്റ് K.A. അബ്ദുറഹിമാൻ ഉദ്ഘാടനം ചെയ്തു. വാർഡ് മെമ്പറും വികസനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ ലിസി അബ്രഹാം, വാർഡ് മെമ്പർമാരായ മുഹമ്മദാലി, രാമചന്ദ്രൻ കരിമ്പിൽ എന്നിവർ ആശംസ പ്രസംഗം നടത്തി. ടീം ലീഡർ റെനി സാബു നന്ദി പറഞ്ഞു

### മറ്റു പരിപാടികൾ

04/08/2022 ന് വൈദികരുടെ മധ്യസ്ഥനായ വി. ജോൺ വിയാനി യുടെ തിരുനാൾ ദിനത്തിൽ ഇടവക വൈദികരും COD യിലെ ഡയറക്ടർ മാരായ ഫാ.ജോർജ് ചെമ്പരത്തിക്കൽ, ഫാ. ജേക്കബ് പുത്തൻപുരക്കൽ, ഫാ. ജേക്കബ് കാരക്കുന്നേൽ, ഫാ. ജോസഫ് കളപ്പുരക്കൽ എന്നിവർക്കു COD കുടുംബം ആശംസകൾ അർപ്പിച്ചു. കാവൽ കേസ് വർക്കർ അലീന സ്റ്റാനി ആശംസാപ്രസംഗം നടത്തി. ഓഗസ്റ്റ് മാസം ബർത്ഡേ ആഘോഷിച്ച ഫാ. ജെയ്സൺ കാരക്കുന്നേൽ, കാവൽ കോ ഓർഡിനേറ്റർ അമൽ പങ്കജാക്ഷൻ എന്നിവർക്കു ആശംസകൾ അർപ്പിച്ചു. COD യിൽ നിന്നും രാജിവച്ചു പുതിയ മേഖലയിലേക്ക് പോയ അക്കൗണ്ടന്റ് എഡ്വിൻ ബേബി, കാവൽ കേസ് വർക്കർ അലീന സ്റ്റാനി എന്നിവർക്ക് ആദരം അർപ്പിച്ചു.

### കാവൽ പദ്ധതി

24/08/2022 ന് COD ഓഫീസിൽ വച്ച് കേസ് വർക്കർ നിയമനത്തിനുള്ള ഇൻറർവ്യൂ നടത്തി. ഓൺലൈൻ പരീക്ഷയിലൂടെ തിരഞ്ഞെടുക്കപ്പെട്ട 25 ഉദ്യോഗാർത്ഥികളാണ് ഇൻറർവ്യൂവിന് എത്തിയത്. ഇൻറർവ്യൂ പാനലിൽ വിധികർത്താക്കളായി ഡിസ്ട്രിക്ട് ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസർ (DCPO) ഷൈനി. കെ, ജുവനൈൽ ജസ്റ്റിസ് ബോർഡ് (JJB) മെമ്പർ മോഹൻ കുമാർ, COD ഡയറക്ടർ ഫാ. ജോർജ് ചെമ്പരത്തിക്കൽ എന്നിവർ പങ്കെടുത്തു. അതോടൊപ്പംതന്നെ ലീഗൽ കം പ്രൊബേഷനറി ഓഫീസർ (LCPO) പ്രഷീബയും പങ്കെടുത്തു. പുതിയ കേസ് വർക്കർ ആയി കുമാരി ടീന വിൽസൺ, വയനാടിനെ നിയമിച്ചു.

**ഫാ. ജോർജ് ചെമ്പരത്തി**
ഡയറക്ടർ, വികസനവേദി

# യേശുനിധി

21.08.2022 മുതൽ 20.09.2022 വരെ യേശുനിധിയിൽ നിന്ന് വിവിധ ആവശ്യങ്ങൾക്കായി നല്കിയ തുകയും ഇടവകയും താഴെചേർക്കുന്നു.

**Education**

| | | |
|---|---|---|
| 1 | Kakkayam | 20,000.00 |
| 2 | Karimbu | 20,000.00 |
| 3 | Koorachundu | 15,000.00 |
| 4 | Mailellampara | 5,000.00 |
| 5 | Narinada | 15,000.00 |
| 6 | Pulloorampara | 15,000.00 |
| 7 | Thamarassery | 20,000.00 |
| 8 | Thekkumkutty | 10,000.00 |
| 9 | Thekkumkutty | 10,000.00 |
| 10 | Thiruvambady | 15,000.00 |
| 11 | Tirur | 15,000.00 |
| 12 | Valook | 15,000.00 |
| **Home** | | |
| 13 | Kakkadampoil | 10,000.00 |
| 14 | Manjuvayal | 10,000.00 |
| 15 | Panamplave | 15,000.00 |
| 16 | Poozhithode | 15,000.00 |
| 17 | Puthuppady | 10,000.00 |
| 18 | Thekkumkutty | 10,000.00 |
| 19 | Vilangad | 15,000.00 |
| **Medical** | | |
| 20 | Abhayagiri | 15,000.00 |
| 21 | Anackampoil | 10,000.00 |
| 22 | Chamal | 10,000.00 |
| 23 | Chamal | 20,000.00 |
| 24 | Chempanoda | 15,000.00 |
| 25 | Chippilithode | 20,000.00 |
| 26 | Kakkadampoil | 4,000.00 |
| 27 | Kakkadampoil | 20,000.00 |
| 28 | Kodanchery | 15,000.00 |
| 29 | Koorachundu | 8,000.00 |
| 30 | Koorachundu | 10,000.00 |
| 31 | Koorachundu | 10,000.00 |
| 32 | Koorachundu | 10,000.00 |
| 33 | Mailellampara | 10,000.00 |
| 34 | Mailellampara | 5,000.00 |
| 35 | Manjakunnu | 7,000.00 |
| 36 | Manjakunnu | 7,000.00 |
| 37 | Manjuvayal | 7,000.00 |
| 38 | Muthappanpuzha | 15,000.00 |
| 39 | Passukadave | 15,000.00 |
| 40 | Perinthalmanna | 8,000.00 |
| 41 | Peruvannamuzhi | 15,000.00 |
| 42 | Pushpagiri | 15,000.00 |
| 43 | Thamarassery | 10,000.00 |
| 44 | Thamarassery | 10,000.00 |
| 45 | Thekkumkutty | 5,000.00 |
| 46 | Thiruvambady | 10,000.00 |
| 47 | Thottumukkam | 20,000.00 |
| 48 | Tirur | 15,000.00 |
| 49 | Valook | 15,000.00 |
| 50 | Venappara | 15,000.00 |
| 51 | Venappara | 10,000.00 |
| **Marriage** | | |
| 52 | Mariapuram | 10,000.00 |
| 53 | Thottumukkam | 20,000.00 |
| | **Total** | **6,71,000.00** |

**ഫാ. കുര്യാക്കോസ് മുകാല**
ഫിനാൻസ് ഓഫീസർ

# അജപാലനക്കുറിപ്പുകൾ

**ആഗസ്റ്റ് 2022**

26 വൈകുന്നരം, ബഥാനിയായിൽ ധ്യാനത്തിൽ സംബന്ധിക്കുന്നവർക്കുവേണ്ടി ദിവ്യബലിയർപ്പിച്ചു.

27 രാവിലെ, കക്കാടംപൊയിൽ ഇടവകയിൽ കെ.സി.വൈ.എം., എസ്.എം.വൈ.എം. സംഘടനയുടെ എം.എസ്.ജെ സന്യാസസമൂഹത്തിന്റെയും നേതൃത്വത്തിൽ നടന്ന മെഡിക്കൽ ക്യാമ്പ് ഉദ്ഘാടനം ചെയ്തു.

28 രാവിലെ, പി.എം.ഒ.സി.യിൽ നേഴ്സിംഗ് ഗിൽഡ് ഉത്തരമേഖല സമ്മേളനത്തിൽ സംബന്ധിച്ചവർക്കുവേണ്ടി ദിവ്യബലിയർപ്പിക്കുകയും തുടർന്ന് നടന്ന സമ്മേളനം ഉദ്ഘാടനം ചെയ്തു.

29 രാവിലെ, കോടഞ്ചേരി Discalced Carmelite സന്യാസിനി സമൂഹത്തിന്റെ കപ്പേളയിൽ ദിവ്യബലിയർപ്പിച്ചു.

തിരുവമ്പാടി ഇടവക പാരിഷ്ഹാളിൽ വെച്ചു നടന്ന തുരുത്തിമറ്റം കുടുംബസംഗമം ഉദ്ഘാടനം ചെയ്തു. തുടർന്ന്, ബഹു. അഗസ്റ്റിൻ തുരുത്തിമറ്റത്തിലച്ചനെക്കുറിച്ച് ഫാ. ഫിലിപ്പ് തുരുത്തിമറ്റത്തിൽ തയ്യാറാക്കിയ 'ഓർമ്മക്കുറിപ്പുകൾ' പ്രകാശനം ചെയ്തു.

ഉച്ചകഴിഞ്ഞ്, ചക്കിട്ടപാറ ഇടവകയിൽ ബഹു. സെബാസ്റ്റ്യൻ പാറത്തോട്ടത്തിലച്ചന്റെ പിതാവ് ശ്രീ. തോമസ് പാറത്തോട്ടത്തിലിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചു.

വൈകുന്നേരം, ചേവരമ്പലം സ്റ്റാർട്ടിൽ നിർവാഹകസമിതി അംഗങ്ങളുടെ യോഗ ത്തിൽ സംബന്ധിച്ചു.

ബഫർസോൺ വിഷയത്തെക്കുറിച്ച് ചർച്ച ചെയ്യുന്ന ഓൺലൈൻ സമ്മേളനത്തിൽ പങ്കെടുത്തു.

31- സെപ്തം.1 കണ്ണൂർ, കോട്ടയം രൂപതകളുടെ ബിഷപ്സ് ഹൗസിൽ ചേർന്ന വടക്കൻ മേഖല മെത്രാന്മാരുടെ സമ്മേളനത്തിൽ സംബന്ധിച്ചു.

**സെപ്റ്റംബർ**

02 ഉച്ചകഴിഞ്ഞ്, രൂപതാഭവനിൽ നടന്ന അൽഫോൻസ ട്രസ്റ്റ് മീറ്റിംഗിൽ സംബന്ധിച്ചു.

വൈകുന്നേരം, ബഥാനിയായിൽ കെ.സി.വൈ.എം., എസ്.എം. വൈ.എം. സംഘടനയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച മേഖല യുവജന കൺവെൻഷനിൽ സംബന്ധി ച്ചവർക്കുവേണ്ടി ദിവ്യബലിയർപ്പിക്കുകയും തുടർന്ന് നടന്ന പൊതുസമ്മേളനം ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

03 കോഴിക്കോട് ചേവരമ്പലം ക്രിസ്തുദാസി സന്യാസിനി സമൂഹത്തിന്റെ ജനറലേറ്റ് കപ്പേളയിൽ അഭിവന്ദ്യ മാർ ജേക്കബ് തൂങ്കുഴിപിതാവിന്റെ കാർമ്മികത്വത്തിൽ നടന്ന ഏതാനും സന്യാസിനികളുടെ നിത്യവ്രത വാഗ്ദാന ചടങ്ങിലും ജൂബിലി ആഘോഷത്തിലും പങ്കെടുക്കുകയും ദിവ്യബലിമദ്ധ്യേ വചനസന്ദേശം നൽകുകയും ചെയ്തു.

വൈകുന്നേരം, കത്തോലിക്കാ കോൺഗ്രസിന്റെ പ്രവർത്തക സമിതി ഓൺലൈൻ യോഗത്തിൽ സംബന്ധിച്ചു.

04 മരുതോങ്കര ഇടവകയിൽ രൂപത മതബോധന കേന്ദ്രത്തിന്റെ നേതൃത്വത്തിൽ നടത്തിയ ലൂമിന പ്രോഗ്രാമിൽ സംബന്ധിച്ച വിദ്യാർത്ഥികൾക്കുവേണ്ടി ദിവ്യബലിയർപ്പിക്കുകയും സന്ദേശം നല്കുകയും ചെയ്തു.

ഉച്ചകഴിഞ്ഞ്, മേരിക്കുന്ന് കരുണാഭവൻ ഓഡിറ്റോറിയത്തിൽ കത്തോലിക്കാ കോൺഗ്രസ്സ് യുവജന വിഭാഗം നടത്തിയ 'യൂത്ത്വാക്' പ്രോഗ്രാമിന്റെ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തു.

വൈകുന്നേരം, ചേവരമ്പലം സ്റ്റാർട്ടിൽ കുട്ടികൾക്കായി നടത്തിയ യുറേക്കാ പ്രോഗ്രാം ഉദ്ഘാടനം ചെയ്തു.

05 രാവിലെ, കുളത്തുവയൽ എം.എസ്.എം.ഐ. സന്യാസിനി ഭവനത്തിന്റെ കപ്പേളയിൽ ദിവ്യബലിയർപ്പിച്ചു.

കോഴിക്കോട്, പി.എം.ഒ.സി.യിൽ ദീപിക കോഴിക്കോട് യൂണിറ്റ് സംഘടിപ്പിച്ച ഓണാഘോഷ പരിപാടിയിൽ സംബന്ധിച്ചു.

ഉച്ചകഴിഞ്ഞ്, ചെമ്പുകടവ് ഇടവകയിൽ പരേതയായ മറിയാമ്മ തെക്കേക്കരോട്ടിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവിനോടൊപ്പം നേതൃത്വം നല്കി.

06 രാവിലെ, താമരശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽ മാർ പോൾ ചിറ്റിലപ്പിള്ളി പിതാവിന്റെ രണ്ടാം ചരമവാർഷികത്തോടനുബന്ധിച്ച് ദിവ്യബലിയർപ്പിക്കുകയും തുടർന്ന് , 'ഓർമ്മകളിൽ മായാതെ' എന്ന സ്മരണിക പ്രകാശനം ചെയ്യുകയും ചെയ്തു.

വൈകുന്നേരം, പുതുപ്പാടി ഫിലിപ്പ്നേരി സന്യാസിനികൾക്ക് ക്ലാസ്സെടുത്തു.

07 രാവിലെ, ഈങ്ങാപ്പുഴ പ്രസന്റേഷൻ സന്യാസിനി സമൂഹത്തിന്റെ നോവിഷേറ്റ് ഭവനത്തിന്റെ കപ്പേളയിൽ ദിവ്യബലിയർപ്പിക്കുകയും അർത്ഥിനികൾക്ക് ക്ലാസ്സെടുക്കുകയും ചെയ്തു.

രൂപതാഭവനിൽ നടന്ന ഓണാഘോഷ പരിപാടിയിൽ സംബന്ധിച്ചു.

08 രാവിലെ, പയ്യനാട് ഇടവകയിൽ ദിവ്യബലിയർപ്പിക്കുകയും ഇടവക സ്ഥാപനത്തിന്റെ സുവർണ്ണജൂബിലി ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

കോടഞ്ചേരി ഇടവകയിൽ പരിശുദ്ധ അമ്മയുടെ പിറവിത്തിരുനാളിനോടനുബന്ധിച്ച് റാസ കുർബാനയർപ്പിച്ചു.

ഉച്ചകഴിഞ്ഞ് കോടഞ്ചേരി ഇടവകയിൽ പരേതയായ മറിയക്കുട്ടി നമ്പുടാകത്തിനുവേണ്ടി ഭവനത്തിൽ ചെന്ന് ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

വൈകുന്നേരം, ഈസ്റ്റ് ഹിൽ ഇടവകയിൽ പരിശുദ്ധ അമ്മയുടെ പിറവിത്തിരുനാളിനോടനുബന്ധിച്ച് ദിവ്യബലിയർപ്പിച്ചു.

09 ചേവരമ്പലം സെന്റ് മേരീസ് സ്കൂൾ ഓഡിറ്റോറിയത്തിൽ ജീസസ്സ് യൂത്ത് സംഘടനയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച ധ്യാനത്തിൽ സംബന്ധിച്ചവർക്കുവേണ്ടി ദിവ്യബലിയർപ്പിച്ചു.

താമരശ്ശേരി കത്തീഡ്രലിൽ എ.ഒ.സി.സി.യുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച കർഷകകൂട്ടായ്മ സമ്മേളനം ഉദ്ഘാടനം ചെയ്തു.

ഉച്ചകഴിഞ്ഞ്, മരുതോങ്കര ഇടവക ദൈവാലയത്തിൽ പ്രവശ്യാ കുടുംബ കൂട്ടായ്മ നേതൃസംഗമം ഉദ്ഘാടനം ചെയ്തു.

10 രാവിലെ, മരുതോങ്കര ഇടവകയിൽ ഒരു ഭവനത്തിലെ നാലാമത്തെ കുഞ്ഞിന് പ്രാരംഭകൂദാശകൾ നൽകി.

മരുതോങ്കര ഇടവകയിൽ പരേതനായ കുര്യാച്ചൻ തറക്കുന്നേലിന്റെ ഒന്നാം ചരമവാർഷികത്തോടനുബന്ധിച്ച് ദിവ്യബലിയർപ്പിച്ചു.

ഉച്ചകഴിഞ്ഞ്, കൂടരഞ്ഞി ഇടവക ദൈവാലയത്തിൽ പ്രവശ്യാ കുടുംബ കൂട്ടായ്മ നേതൃസംഗമം ഉദ്ഘാടനം ചെയ്തു.

11 പടത്തുകടവ് ഇടവക ദൈവാലയത്തിൽ ദിവ്യബലിയർപ്പിച്ചു.

വൈകുന്നേരം, അൽഫോൻസ മൈനർ സെമിനാരിയിൽ നടന്ന ജൂനിയർ ക്ലെർജി സെമിനാർ ഉദ്ഘാടനം ചെയ്തു.

12 രാവിലെ, പുല്ലൂരാംപാറ ഇടവകയിൽ ഒരു ഭവനം വെഞ്ചരിച്ചു.

വൈകുന്നേരം, കോടഞ്ചേരി ഇടവകയിൽ ഒരു ഭവനത്തിലെ നാലാമത്തെ കുഞ്ഞിന് പ്രാരംഭകൂദാശകൾ നല്കി.

ഇൻഫാം ദേശീയ നിർവ്വാഹക സമിതി ഓൺലൈൻ മീറ്റിംഗിൽ സംബന്ധിച്ചു.

13 രാവിലെ, അൽഫോൻസ മൈനർ സെമിനായിൽ നടന്ന ജൂനിയർ ക്ലെർജി സെമിനാറിൽ സംബന്ധിച്ചവർക്കുവേണ്ടി ദിവ്യബലിയർപ്പിക്കുകയും വൈദികരുമായി വ്യക്തിപരമായി കൂടിക്കാഴ്ച നടത്തുകയും ചെയ്തു.

14 ജൂനിയർ ക്ലെർജി സെമിനാറിൽ സംബന്ധിച്ച വൈദികരുമായി വ്യക്തിപരമായി കൂടിക്കാഴ്ച നടത്തുകയും സമാപന സമ്മേളനത്തിൽ സംബന്ധിക്കുകയും ചെയ്തു.

ഷംഷാബാദ് രൂപത നിയുക്ത സഹായമെത്രാൻ മാർ തോമസ് പാടിയത്തിനെ രൂപതാ ഭവനിൽ സ്വീകരിച്ചു.

വൈകുന്നേരം, വി. കുരിശിന്റെ പുകഴ്ചയുടെ തിരുനാളിനോടനുബന്ധിച്ച് അശോകപുരം ഹോളിക്രോസ് കോളേജ് ചാപ്പലിൽ ദിവ്യബലിയർപ്പിച്ചു.

15 രാവിലെ, തിരുവമ്പാടി ഇടവകയിൽ പരേതനായ സോജൻ ജോർജ് തടത്തിലിനു വേണ്ടി ഭവനത്തിൽ ചെന്ന് ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

രൂപതാഭവനിൽ നല്ലിടയൻ സന്യാസിനിസമൂഹത്തിന്റെ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. ജെസ്സി FHGS നെ സ്വീകരിച്ചു.

ഉച്ചകഴിഞ്ഞ്, പുതുപ്പാടി മദർതെരേസ ഇൻസ്റ്റിറ്റ്യൂട്ടിൽ വി. മദർ തെരേസയുടെ തിരുനാളിനോടനുബന്ധിച്ച് ദിവ്യബലിയർപ്പിക്കുകയും തുടർന്ന് നടന്ന പൊതുസമ്മേളനം ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

പുതുപ്പാടി ഫിലിപ്നേരി സന്യാസിനി സമൂഹത്തിലെ സന്യാസിനികൾക്ക് ക്ലാസ്സെടുത്തു.

16 രാവിലെ, പി.എം.ഒ.സി.യിൽ പ്രീകാനാ കോഴ്സിൽ സംബന്ധിച്ചവർക്കുവേണ്ടി ദിവ്യബലിയർപ്പിക്കുകയും ക്ലാസ്സെടുക്കു കയും ചെയ്തു.

വൈകുന്നേരം, ബഥാനിയായിൽ നടക്കുന്ന അഖണ്ഡജപമാല പ്രാർത്ഥനയിൽ രൂപതാഭവനിലെ അംഗങ്ങളോടൊപ്പം സംബന്ധിച്ചു.

17 കണ്ണൂർ പയ്യമ്പലത്ത് ആംഗ്ലോ ഇൻഡ്യൻ ഹയർസെക്കണ്ടറി സ്കൂളിൽ ഉർസുലൈൻ സന്യാസിനി സമൂഹത്തിലെ സി. മേരി സെലിൻ കണ്ണനായ്ക്കലിനെ ദൈവദാസിയായി ഉയർത്തിയതിന്റെ കൃജ്ഞതാബലിയിൽ മറ്റു മെത്രാന്മാരോടൊപ്പം സംബന്ധിച്ചു.

വൈകുന്നേരം, തോട്ടുമുക്കം ഇടവക പാരിഷ്ഹാളിൽ ബഹു. കുര്യൻ തയ്യിൽ അച്ചന്റെ മാതാപിതാക്കളുടെ വിവാഹത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷങ്ങളിൽ പങ്കെടുത്തു.

18 അടയ്ക്കാകുണ്ട് ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

ഉച്ചകഴിഞ്ഞ്, മരിയാപുരം ഇടവകയിൽ നടന്ന കുടുംബകൂട്ടായ്മ നേതൃസംഗമം ഉദ്ഘാടനം ചെയ്തു.

19 രാവിലെ, വിലങ്ങാട് ഇടവകയിൽ ഒരു ഭവനത്തിലെ നാലാമത്തെ കുഞ്ഞിന് പ്രാരംഭകൂദാശകൾ നല്കി.

20 രാവിലെ, താമരശ്ശേരി ആരാധന സന്യാസിനി സമൂഹത്തിന്റെ പ്രൊവിൻഷ്യൽ ഭവന കപ്പേളയിൽ ദിവ്യബലിയർപ്പിച്ചു.

രൂപതാഭവനിൽ നടന്ന ദൈവാലയ ശുശ്രൂഷികളുടെ സമ്മേളനത്തിൽ സംബന്ധിച്ചവരെ അഭിസംബോധന ചെയ്തു.

ഉച്ചകഴിഞ്ഞ്, വേനപ്പാറയിൽ CAMP നിർവ്വാഹക സമിതി യോഗത്തിൽ സംബന്ധിച്ചു.

21 രൂപതാഭവനിൽ നടന്ന, ഇടവകകളിലെ കൈക്കാരന്മാരുടെ സമ്മേളനത്തിൽ സംബന്ധിച്ചവരെ അഭിസംബോധന ചെയ്തു.

ഉച്ചകഴിഞ്ഞ്, കരുവാരകുണ്ട് ഇടവകയിൽ കുടുംബകൂട്ടായ്മ നേതൃസംഗമം ഉദ്ഘാടനം ചെയ്തു.

വൈകുന്നേരം, രൂപതാഭവനിൽ വി. മത്തായി ശ്ലീഹായുടെ തിരുനാളിനോടനുബന്ധിച്ച് നടന്ന ആഘോഷങ്ങളിൽ സംബന്ധിച്ചു.

22 താമരശ്ശേരി സനാതന മേജർ സെമിനാരി കപ്പേളയിൽ ദിവ്യബലിയർപ്പിച്ചു.

രൂപതാഭവനിൽ നടന്ന ഇടവകകളിലെ അക്കൗണ്ടന്റ്സിന്റെ സമ്മേളനം ഉദ്ഘാടനം ചെയ്തു.

ഉച്ചകഴിഞ്ഞ്, ബഹു. ദേവസ്യ വലിയപറമ്പിലച്ചന്റെ മരണവാർത്തയറിഞ്ഞ് മേരിക്കുന്ന് ഹോസ്പിറ്റലിൽ ചെന്ന് അച്ചനുവേണ്ടി പ്രാർത്ഥിച്ചു.

23 രാവിലെ, ബഹു. ദേവസ്യ വലിയപറമ്പിലച്ചന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് മേരിക്കുന്ന് ഗുഡ്ഷെപ്പേർഡ് പ്രീസ്റ്റ് ഹോമിലും തുടർന്ന്, ഈരൂട് ഇടവക ദൈവാലയത്തിലും നേതൃത്വം നൽകി.

24 രാവിലെ, താമരശ്ശേരി ചാവറ ഹോസ്പിറ്റൽ കപ്പേളയിൽ ദിവ്യബലിയർപ്പിച്ചു.

രൂപതാഭവനിൽ നടന്ന സമർപ്പിത സന്യാസിനികളുടെ സുപ്പീരിയർമാരുടെ സംഗമത്തിൽ സംബന്ധിച്ചവരെ അഭിസംബോധന ചെയ്തു.

ഉച്ചകഴിഞ്ഞ്, തോട്ടുമുക്കം ഇടവകയിൽ നടന്ന പ്രവശ്യാകുടുംബ കൂട്ടായ്മ നേതൃ സംഗമം ഉദ്ഘാടനം ചെയ്തു.

25 രാവിലെ കൽക്കുണ്ട് ഇടവകയിൽ ദിവ്യബലിയർപ്പിച്ച് ഒരു കുടുംബത്തിലെ അഞ്ചാമത്തെ കുഞ്ഞിന് പ്രാരംഭ കൂദാശകൾ നൽകി. ഇടവകയെ സമ്പൂർണ്ണ മാതൃവേദി ഇടവകയായി പ്രഖ്യാപിച്ചു.

ഉച്ചകഴിഞ്ഞ്, ബഹു. ജോസഫ് താണ്ടാപറമ്പിലച്ചന്റെ പിതാവ് അബ്രാഹം താണ്ടാപറമ്പിലിന്റെ മൃത സംസ്ക്കാര ശുശ്രൂഷകളിൽ പങ്കെടുത്തു.

സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വി. റെമീജിയൂസിന്റെ തിരുനാളിനോടനുബന്ധിച്ച് രൂപതാഭവനിൽ നടന്ന ആഘോഷങ്ങളിൽ പങ്കെടുത്തു.

26 രാവിലെ, കോൺഗ്രസ്സ് നേതാവും മുൻ മന്ത്രിയുമായിരുന്ന പരേതനായ ശ്രീ. ആര്യാടൻ മുഹമ്മദിന് അന്ത്യാഞ്ജലികൾ അർപ്പിച്ചു.

കോഴിക്കോട് എസ്.എച്ച്.പ്രൊവിൻഷ്യൽ ഹൗസിൽ ജൂബിലി ആഘോഷിക്കുന്ന സിസ്റ്റേഴ്സിനുവേണ്ടി ദിവ്യബലിയർപ്പിച്ചു.


Queen of the Holy Rosary
Pray for us
BLESSED VIRGIN MARY, QUEEN of the HOLY ROSARY, PRAY for us

# THAMARAMOTTUKAL

Registered with Registrar of Newspapers of India.
| RNI NO. 71212/99 | Date of Publication : 30-09-2022 |



വി. കൊച്ചുത്രേസ്യ - ഒക്ടോബർ 1

Printed & Published by Fr. Abraham Kavilpurayidathil, on behalf of Chancellor, Diocese of Thamarassery, Bishop's House, P.B. No. 1, Thamarassery P.O., Kozhikode - 673 573. Printed at Alphonsa Offset Press, Near Cathedral Thamarassery P.O., Kozhikode - 673 573 and published at Thamarassery. Editor : Fr. Abraham Kavilpurayidathil, Thamaramottukal Monthly, Volume 24, issue 10, October 2022, Pages 96.